# TRICHUR ARCHDIOCESAN BULLETIN

NOVEMBER 2015



81 YEARS OF PUBLICATION 1934-2015

# Trichur Archdiocesan Bulletin

പുസ്തകം : 82 ■ നവംബർ 2015 ■ ലക്കം : 11



*Imprimatur*
(Sd)

**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**



**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| ❖ സർക്കുലർ | 3 |
| ❖ കച്ചേരികാര്യം | 15 |
| ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - നവംബർ | 22 |
| ❖ സഹായമെത്രാന്റെ പരിപാടികൾ - നവംബർ | 24 |
| ❖ നാളാഗമം | 25 |
| ❖ പാസ്റ്ററൽ കൗൺസിൽ | 28 |
| ❖ സാമ്പത്തിക കാര്യാലയം | 30 |
| ❖ വൈദികർ | 34 |
| ❖ സന്യസ്തർ | 36 |
| ❖ സ്ഥാപനങ്ങൾ | 43 |
| ❖ സാന്ത്വനം | 70 |
| ❖ സംഘടനകൾ | 76 |




2177 / 2015 C- 11
21/10/ 2015

# സർക്കുലർ
## തൃശ്ശൂർ അതിരൂപത
## 'യോബേൽ' - 2015
## തൃശ്ശൂർ അതിരൂപത യുവജനസംഗമം

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

'യുവജനങ്ങളേ നിങ്ങൾ ശക്തരാണ്, നിങ്ങളുടെ ഊർജ്ജം സഭയുടെയും സമൂഹത്തിന്റെയും നന്മക്കുവേണ്ടി ഉപയോഗിക്കുവിൻ' എന്ന ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് കരുണാവർഷത്തിൽ തൃശ്ശൂർ അതിരൂപതയിലെ യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ എല്ലാ യുവജനങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് 'യോബേൽ - 2015' എന്ന പേരിൽ യുവജനസംഗമം നടത്തുന്നു. 2015 ഡിസംബർ 6ന് ഞായറാഴ്ച കാലത്ത് 9:30 മുതൽ വൈകിട്ട് 4:30 വരെ നടത്തറ പള്ളിക്കു സമീപമുള്ള കൺവെൻഷൻ ഗ്രൗണ്ടിൽ വച്ചാണ് അതിരൂപതായുവജനസംഗമം സംഘടിപ്പിക്കുന്നത്. അതിരൂപതയിലെ മുഴുവൻ യുവജനങ്ങളും ഒന്നുചേരുന്ന ഈ സംഗമത്തിൽ ബഹു. അച്ചന്റെ ഇടവകയിലെ 15നും 35നും ഇടയിൽ പ്രായം വരുന്ന എല്ലാവരെയും പ്രസ്തുത സംഗമത്തിലേക്ക് പങ്കെടുപ്പിക്കുവാൻ പരിശ്രമിക്കുമല്ലോ. കെ. സി. വൈ. എം., സി. എൽ. സി., ജീസസ് യൂത്ത് എന്നീ സംഘടനകളുടെ ഭാരവാഹികളും അംഗങ്ങളും ഈ സംഗമത്തിന്റെ ചാലകശക്തിയായി വർത്തിക്കേണ്ടവരാണ്. സംഗമത്തിൽ പങ്കെടുക്കുന്നതിന് സൗകര്യമൊരുക്കാൻ അന്നേദിവസം 11, 12, എ. സി. സി. ക്ലാസ്സുകൾക്ക് മതബോധനം ഒഴിവാക്കുവാൻ ശ്രദ്ധിക്കുമല്ലോ. സംഗമത്തിന് ഒരുക്കമായി ഇടവകതലത്തിൽ യുവജനകൂട്ടായ്മകൾ സംഘടിപ്പിക്കുന്നതും സംഗമത്തിന്റെ സന്ദേശം മുഴുവൻ യുവജനങ്ങളിലേക്കും എത്തിക്കേണ്ടതും അഭികാമ്യമാണ്. സംഗമത്തിന് ഒരാഴ്ച മുമ്പ് നവംബർ 28ന് അനുരഞ്ജനദിനമായി ആചരിക്കുന്നു. അന്നേ ദിവസം ഇടവകയിലെ എല്ലാ യുവജനങ്ങളും കുമ്പസാരിച്ച് ഒരുങ്ങുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ. സൗകര്യപ്രദമായ സമയത്ത് യുവജനങ്ങൾക്ക്

കുമ്പസാരത്തിനുള്ള സൗകര്യം ഇടവകകളിൽ ഒരുക്കുന്നത് നല്ലതാണ് . സംഗമത്തിന്റെ വിജയത്തിനായി ഇടവകകളിൽ ആരാധന നടത്തുകയും പ്രാർത്ഥനാകൂട്ടായ്മകൾ സംഘടിപ്പിക്കുകയും ചെയ്യുന്നത് നന്നായിരിക്കും. സംഗമത്തിൽ പങ്കെടുക്കുന്നതിന് ആവശ്യമായ യാത്രാ സൗകര്യങ്ങൾ ഇടവകതലത്തിൽ സജ്ജീകരിക്കാനും മുഴുവൻ യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

യുവജനങ്ങളെ അതിരൂപതയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് അവരെ ദൈവരാജ്യനിർമ്മിതിയിൽ പങ്കാളികളാക്കുക, യുവജനങ്ങളുടെ ക്രൈസ്തവവിശ്വാസവും സഭാജീവിതവും ഉജ്ജ്വലിപ്പിക്കുക, സഭയും കുടുംബങ്ങളും വ്യക്തികളും ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും വെല്ലുവിളികളെ കുറിച്ചും അവരെ ബോധ്യപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. കരുണാവർഷാരംഭത്തിൽ 'വിശ്വാസജീവിതം-കരുണയിലൂടെ-വിശുദ്ധിയിലേക്ക്' എന്ന ആപ്തവാക്യം ഉൾക്കൊണ്ടുകൊണ്ട് വിശ്വാസചൈതന്യമുള്ള യുവജനങ്ങളെ വാർത്തെടുക്കുവാൻ 'യോബേൽ - 2015'ന് സാധ്യമാകട്ടെയെന്ന് ആശംസിക്കുന്നു.

പ്രിയ യുവജനങ്ങളേ, നിങ്ങളാണ് സഭയുടെ ശക്തിയും പ്രതീക്ഷയും. നിങ്ങളുടെ കഴിവും യുവത്വവും സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടി പുനരർപ്പണം ചെയ്യാനുള്ള ഒരവസരമാണിത്. നിങ്ങളേവരെയും ഞാൻ ഈയവസരത്തിൽ അതിരൂപതയുടെ യുവജനകൂട്ടായ്മയിൽ അണിചേരാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

മിശിഹായിൽ നിങ്ങളുടെ പ്രിയ പിതാവ്,



മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2015 നവംബർ 1ന് ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.
+AT

Ref: 2897/K-5/KCBC/OL/DS 16.10. 2015

# ബൈബിൾ പാരായണത്തിലൂടെ കരുണാസമ്പന്നരാകൂ!

## 2015 ഡിസംബർ: ബൈബിൾ പാരായണ മാസം
## ഡിസംബർ 27: ബൈബിൾ ഞായർ

### കെസിബിസി ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

വിശുദ്ധഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ ഒരു പദത്തിൽ സംഗ്രഹിക്കാമെങ്കിൽ അതാണ് 'കരുണ'. വിശുദ്ധ ലിഖിതങ്ങളിൽ ദൈവകരുണയുടെ പ്രകാശനം കാണാൻ കരുണയുടെ അസാധാരണ ജൂബിലി വർഷം തികച്ചും അനുയോജ്യമായ കാലമാണ്. ഈ വർഷത്തെ ബൈബിൾ പാരായണ മാസം വിശുദ്ധഗ്രന്ഥത്തിലെ കാരുണ്യസാഗരത്തെ തിരിച്ചറിയാനും അത് ആവോളം ആസ്വദിച്ചു കരുണയുടെ സുഗന്ധം ജീവിതത്തിൽ പേറുന്നവരാകാനും നമ്മെ സഹായിക്കട്ടെ.

**പഴയനിയമത്തിലെ കാരുണ്യക്കാഴ്ചകൾ**

കരുണയുടെ നേർക്കാഴ്ചയാണ് ബൈബിളിലെ സൃഷ്ടിവിവരണം. എല്ലാം നന്നായി ക്രമപ്പെടുത്തി ഒരുക്കിയതിനുശേഷം ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്ന ഉത്പത്തിഗ്രന്ഥവിവരണം കരുതലുള്ള കരുണാമയനായ ദൈവത്തിന്റെ ഒരു വാങ്മയചിത്രമാണ്. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു പറഞ്ഞുകൊണ്ട് ആദത്തിന് ഇണയും തുണയുമായി ഹവ്വായെ സൃഷ്ടിക്കുന്നതും കാരുണ്യവാനായ ദൈവം തന്നെ. ആദിപാപത്തിനുശേഷം ലജ്ജയിലും ഭീതിയിലും

പൂണ്ടുപോയ മനുഷ്യജീവിതം മരത്തിനുപിന്നിൽ മറഞ്ഞപ്പോൾ കാരുണ്യത്തിന്റെ സുവിശേഷവുമായി, അതായത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള വാഗ്ദാനവുമായി, കരുണാസമ്പന്നനായ ദൈവം ഉടൻ പാഞ്ഞെത്തി (ഉത്പ 3:15). പിന്നീടുള്ള ഇസ്രായേൽചരിത്രം മുഴുവൻ ഈ കാരുണ്യവിശേഷത്തിന്റെ സാക്ഷാത്കാരത്തിനുള്ള തയ്യാറെടുപ്പാണ്.

പഴയനിയമത്തിൽ ദൈവത്തിന്റെ കാരുണ്യവിവരണം സമൃദ്ധമായുണ്ട്. പഴയനിയമത്തിലെ ദൈവജനത്തിന്റെ ചരിത്രം ദൈവകാരുണ്യത്തിന്റെ അനുഭവചരിത്രം കൂടിയാണ്. അബ്രാഹത്തോടുള്ള ദൈവത്തിന്റെ വാഗ്ദാനവും ഒരു ജനമായുള്ള ഇസ്രായേലിന്റെ രൂപീകരണവും ഈജിപ്തിലെ കഷ്ടതകളും മോശയെന്ന രക്ഷകന്റെ വരവും മരുഭൂമിയിലെ പരിപാലനയുടെ അനുഭവങ്ങളും ഉടമ്പടിസംസ്ഥാപനവുമെല്ലാം ഇസ്രായേലിന്റെ വിമോചകനായ ദൈവത്തിന്റെ കരുണയുടെ നേർക്കാഴ്ചകളാണ്. പത്തു കല്പനകളുടെ ആമുഖം ഏറെ ചിന്തനീയമാണ്: "അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്നു നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്" (പുറ 20:1). ഇസ്രായേലിനെ സ്വാതന്ത്ര്യത്തിലേക്കു നയിച്ച ദൈവമാണ് കല്പനകൾ നല്കുന്നത്. ഇസ്രായേൽ സിദ്ധിച്ച സ്വാതന്ത്ര്യം പരിപോഷിപ്പിക്കാനും നിലനിർത്താനുമുള്ള സംരക്ഷണക്കോട്ടയാണു കല്പനകൾ. മറ്റു വാക്കുകളിൽ പറഞ്ഞാൽ, കാരുണ്യപ്പലകകളാണ് കല്പനയുടെ കല്പലകകൾ (പുറ 31:18). ഈ കല്പനകൾ ജനത്തിനു നല്കാനായി മോശയെ ദൈവം ഏല്പിച്ചതിനു തൊട്ടുപിന്നാലെ പുറപ്പാടുപുസ്തകം വിവരിക്കുന്നത് സ്വർണകാളക്കുട്ടിയെ ആരാധിക്കുന്ന ഇസ്രായേലിന്റെ പാപമാണ്. വീണ്ടും നിയമം നല്കാൻ സന്നദ്ധനാകുന്ന അവിടന്ന് മോശയ്ക്ക് തന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കിക്കൊടുക്കുന്ന രംഗം ബൈബിളിലെ സുപ്രധാനമായ ദൈവികവെളിപാടിന്റെ രംഗമാണ്: "കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ; തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ" (പുറ 34:6-7a).

**പ്രവാചകന്മാരുടെ കാരുണ്യശുശ്രൂഷ**

ഇസ്രായേലിന്റെ കൊടിയ പാപങ്ങൾക്കൊന്നും കർത്താവിന്റെ കരുണയുടെ കവാടം അടച്ചുകളയാനായില്ല. പ്രവാചകന്മാരിലൂടെ ദൈവം ജനത്തെ തന്റെ കരുണയിലേക്കു ക്ഷണിച്ചു. ജനത്തിന്റെ അവിശ്വസ്തത ദൈവത്തെ ക്ഷുഭിതനാക്കുകയും മടുപ്പിക്കുകയും ചെയ്തപ്പോൾപോലും അവിടത്തെ കൃപയും അചഞ്ചലസ്നേഹവും അവിടത്തെ കോപത്തെ കീഴടക്കിയെന്നതിന് പ്രവാചകന്മാർ തന്നെ സാക്ഷി. “എഫ്രായിം, ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും? ഇസ്രായേൽ, ഞാൻ നിന്നെ എങ്ങനെ കൈവിടും? . . . എന്റെ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു. ഞാൻ എന്റെ ഉഗ്രകോപം നടപ്പാക്കുകയില്ല. എഫ്രായിമിനെ വീണ്ടും നശിപ്പിക്കുകയില്ല; ഞാൻ ദൈവമാണ്, മനുഷ്യനല്ല” എന്ന തിരുവചനം (ഹോസി 11:8–9) ദൈവകരുണയുടെ ജയഭേരിയല്ലേ മുഴക്കുന്നത്? അവിശ്വസ്തയായ ഇസ്രായേലിനെക്കുറിച്ച് ജറെമിയാ പ്രവാചകനിലൂടെ ദൈവം പറയുന്നത് നമുക്കേവർക്കും മനഃപാഠമാണല്ലോ: “എഫ്രായിം എന്റെ വത്സല പുത്രനല്ലേ; എന്റെ ഓമനക്കുട്ടൻ, അവനു വിരോധമായി പെരുമാറുമ്പോഴെല്ലാം അവന്റെ സ്മരണ എന്നിലുദിക്കുന്നു. എന്റെ ഹൃദയം അവനുവേണ്ടി തുടിക്കുന്നു; എനിക്ക് അവനോടു നിസ്സീമമായ കരുണ തോന്നുന്നു” (ജറെ 31:20). ബാബിലോൺ വിപ്രവാസത്തിലേക്ക് ഇസ്രായേൽക്കാരെ തന്റെ കോപത്തിൽ വിട്ടുകൊടുത്ത ദൈവം എശയ്യാ പ്രവാചകനിലൂടെ വ്യക്തമാക്കുന്നു: “നിമിഷനേരത്തേക്കു നിന്നെ ഞാൻ ഉപേക്ഷിച്ചു. മഹാകരുണയോടെ നിന്നെ ഞാൻ തിരിച്ചു വിളിക്കും . . . നിന്നോടു കരുണയുള്ള കർത്താവ് അരുൾചെയ്യുന്നു: മലകൾ അകന്നു പോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല” (ഏശ 54:7–10). “ദൈവത്തിന് കരുണയെന്നതിനെക്കാൾ കോപത്തെ അടക്കി നിറുത്തുകയാണ് എളുപ്പം” എന്ന വിശുദ്ധ അഗസ്തീനോസിന്റെ പ്രസ്താവന നീതിക്കും അപ്പുറം പോകുന്ന കരുണയുടെ പ്രവാചകസാക്ഷ്യങ്ങൾക്കുള്ള കൈയൊപ്പാണ്.

**കാരുണ്യകീർത്തനങ്ങൾ**

സങ്കീർത്തനഗ്രന്ഥത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദൈവശാസ്ത്ര പ്രമേയമാണ് കരുണ. ‘ഹെസെദ്’ എന്ന ഹീബ്രു പദമാണ് മുഖ്യമായും

ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. ദൈവിക സ്വഭാവത്തെ ഒറ്റ ഹീബ്രുവാക്കിൽ ഒതുക്കണമെങ്കിൽ അതാണ് ആ പദം. 'സ്നേഹം', 'അചഞ്ചല സ്നേഹം', 'കാരുണ്യം', 'കാരുണ്യാതിരേകം' എന്നിങ്ങനെ പലവിധത്തിൽ പി.ഒ.സി. ബൈബിൾ പരിഭാഷപ്പെടുത്തിയിരിക്കുന്ന പദമാണിത്. "കർത്താവിന്റെ കാരുണ്യം കൊണ്ടു ഭൂമി നിറഞ്ഞിരിക്കുന്നു" എന്ന സങ്കീർത്തനവാക്യം (33:5) കാരുണ്യത്തെ നാം ശ്വസിക്കുന്ന വായുവിന്റെപോലും ഒരു പകരപ്പദമായി മുന്നോട്ടുവയ്ക്കുന്നു. ചില സങ്കീർത്തനങ്ങളുടെ പ്രാരംഭവാക്യം ദൈവത്തിന്റെ കരുണയുടെ ആഘോഷമാണ്. "കർത്താവിനു നന്ദി പറയുവിൻ; അവിടന്നു നല്ലവനാണ്; അവിടത്തെ കാരുണ്യം അനന്തമാണ്" എന്ന വാക്യം 107; 118; 136 എന്നീ സങ്കീർത്തനങ്ങളുടെ ആരംഭത്തിലും സങ്കീർത്തനം 100:5-ലും ഏതാണ്ടു സമാനമായി പ്രത്യക്ഷപ്പെടുന്നുവെന്നത് കരുണയുടെ ഈ ആഘോഷം ഒരു കൊച്ചു പദ്യശകലമായി ഇസ്രായേലിൽ പരന്നിരുന്നു എന്നതിന്റെ തെളിവായിരിക്കില്ലേ? 2 ദിന 5:13; 7:3; 20:21; എസ്രാ 3:11 എന്നിവിടങ്ങളിൽ ദൈവാലയത്തിലെ സ്തുതികീർത്തനങ്ങളായി ഇത്തരം ശകലങ്ങളുണ്ട് എന്നതു ചേർത്തു വായിക്കുമ്പോഴാണ് ഈ കാരുണ്യാഘോഷം ഇസ്രായേലിന് എത്ര പ്രിയങ്കരവും ആവർത്തന സ്വഭാവമുള്ളതുമായിരുന്നുവെന്നു നാം ഗ്രഹിക്കുന്നത്. ഇസ്രായേലിന്റെ അടിസ്ഥാനപരമായ ഒരു വിശ്വാസപ്രമാണമായിരുന്നു ഈ കരുണാശകലങ്ങൾ.

**ദൈവകരുണയുടെ തിരുമുഖം**

സഖറിയായുടെ വീട്ടിൽ വച്ച് തലമുറതോറുമുള്ള കാരുണ്യപ്രവാഹത്തെ അനുസ്മരിച്ച മറിയം തന്റെ ഉദരത്തിൽ മാംസം ധരിക്കുന്ന കാരുണ്യത്തെ അനുഭവിച്ചറിഞ്ഞുകൊണ്ടാണ് അതു പാടിയത്. ദൈവകാരുണ്യത്തിന്റെ മുഖം മനുഷ്യൻ ആദ്യമായി നേരിട്ടു കണ്ടത് ബത്‌ലെഹെമിലാണ്. യേശു തന്റെ വാക്കുകൾകൊണ്ടും പ്രവൃത്തികൾ കൊണ്ടും മുഴുവൻ വ്യക്തിത്വം കൊണ്ടും തന്റെ പെസഹാരഹസ്യങ്ങൾകൊണ്ടും ദൈവത്തിന്റെ കാരുണ്യത്തെ ഇന്ദ്രിയഗോചരമാക്കിത്തീർത്തു. പരിഭ്രാന്തരും നിസ്സഹായരുമായ ജനക്കൂട്ടങ്ങളെ കണ്ട് മനസ്സലിഞ്ഞ ഈശോ (മത്താ 9:36) പ്രബോധനങ്ങളിലൂടെയും രോഗശാന്തിയിലൂടെയും മൃതരെ ഉയിർപ്പിച്ചതിലൂടെയും പിശാചുബഹിഷ്കരണത്തിലൂടെയും അപ്പംവർധിപ്പിക്കലിലൂടെയും പാപമോചനത്തിലൂടെയുമെല്ലാം കരുണയുടെ മഹാവിപ്ലവംതന്നെ ഭൂമിയിൽ സൃഷ്ടിച്ചു. പാപി

കളോടും ദരിദ്രരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും രോഗികളോടുമെല്ലാം യേശു പുലർത്തിയ ഐക്യദാർഢ്യം ദൈവകരുണയുടെ മൃദുലഭാവമായിരുന്നു.

**കരുണയുടെ ഉപമകൾ**

കാണാതായ ആട്, കാണാതായ നാണയം, ധൂർത്തപുത്രൻ, കരുണകാണിക്കാത്ത സഹസേവകൻ, നല്ല സമരിയാക്കാരൻ എന്നിങ്ങനെ കരുണയുടെ ഉപമകൾ എന്നു വിളിക്കാവുന്ന ഉപമകൾ പലതുണ്ട് പുതിയനിയമത്തിൽ. ഒടുവിൽ പറഞ്ഞ മൂന്ന് ഉപമകളിലും യേശു ആവശ്യപ്പെടുന്നത് ദൈവകരുണയുടെ പ്രേഷിതരായിത്തീരാനാണ്. ദൈവകാരുണ്യത്തിന്റെ സാരാംശം ലളിതവും അഗാധവുമായി വെളിവാക്കുന്ന ഉപമയാണ് ധൂർത്തപുത്രന്റേത് (ലൂക്കാ 15). "മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ച" പിതാവിന്റെ ആഘോഷമേളത്തിലും നൃത്തച്ചുവടുകളിലും നാം കാണുന്നത് മനുഷ്യൻ നഷ്ടപ്പെടുത്തിയ മൂല്യവും മഹത്ത്വവും അവനു തിരികെനല്കുന്നതിലുള്ള സ്വർഗപിതാവിന്റെ ആനന്ദാതിരേകമാണ്. "ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ?" (മത്താ 18:33) എന്ന ചോദ്യം ഓരോ മനുഷ്യനോടുമുള്ള ദൈവത്തിന്റെ ചോദ്യമായിത്തന്നെ കരുതണം. അങ്ങനെ കരുണ പിതാവിന്റെ ഒരു പ്രവൃത്തി മാത്രമല്ല, അവിടത്തെ യഥാർത്ഥ മക്കൾ ആരെന്നു നിശ്ചയിക്കാനുള്ള മാനദണ്ഡം കൂടിയാണെന്നു വ്യക്തമാകുന്നു. യേശു കാരുണ്യത്തെ ക്രൈസ്തവന്റെ ജീവിതാദർശവും വിശ്വാസത്തിന്റെ വിശ്വാസ്യതയ്ക്കുള്ള മാനദണ്ഡവുമാക്കിത്തീർത്തിരിക്കുന്നു: "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36).

**കരുണയുടെ പെസഹാഘോഷം**

യേശുക്രിസ്തുവിന്റെ പീഡാസഹന-മരണോത്ഥാനങ്ങളിലാണ് കരുണയുടെ ഏറ്റവും വലിയ മാതൃക ലോകത്തിനു കാണാനായത്. ലോകത്തോടുള്ള പിതാവിന്റെ കരുണ വെളിവായത് "പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി"യതിലാണ് (2 കോറി 5:21). യേശു കുരിശിൽ പിടയുന്ന നിമിഷത്തിലും ലോകം അവിടത്തെ കരുണ കണ്ടു: "പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്ന

തെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23:34). "എല്ലാം പൂർത്തിയായിരിക്കുന്നു" എന്ന് യേശു പറഞ്ഞത് കരുണയെക്കുറിച്ചായിരുന്നില്ലേ? ഈയർത്ഥത്തിൽ, കാരുണ്യത്തിന്റെ വിജയാഘോഷമാണ് ഉത്ഥാനം എന്നു പറയാനാകില്ലേ? "ഗോതമ്പുമണി നിലത്തു വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും" (യോഹ 12:24) എന്ന തിരുവചനത്തിന്റെ ആന്തരാർത്ഥം വെളിവാകുന്ന നിമിഷമാണത്.

"ക്രിസ്ത്യാനികൾ ഉള്ള സ്ഥലത്തെല്ലാം എല്ലാവർക്കും കാരുണ്യത്തിന്റെ മരുപ്പച്ച കാണാനാകണം" എന്ന ഫ്രാൻസിസ് പാപ്പായുടെ ഉപദേശത്തിലും (*കാരുണ്യത്തിന്റെ മുഖം*, 12) കരുണയുടെ ഈ ഉത്ഥാനപ്പച്ചപ്പുതന്നെയാണ് വ്യംഗ്യം. വിശക്കുന്നവരെ തീറ്റിപ്പോറ്റുക, ദാഹിക്കുന്നവർക്കു കുടിക്കാൻ നല്കുക, നഗ്നരെ ഉടുപ്പിക്കുക, പരദേശികളെ സ്വീകരിക്കുക, രോഗികളെയും ബന്ധനസ്ഥരെയും സന്ദർശിക്കുക, മൃതരെ സംസ്കരിക്കുക എന്നീ ജീവകാരുണ്യത്തിന്റെ ശാരീരിക പ്രവൃത്തികൾ വിശുദ്ധഗ്രന്ഥം തന്നെ നമ്മെ പഠിപ്പിക്കുന്നതാണല്ലോ (cf. മത്താ 25:31-46; തോബിത്ത് 1:18-19; 2:3-8). സംശയമുള്ളവരെ ഉപദേശിക്കുക, അജ്ഞരെ പഠിപ്പിക്കുക, പാപികൾക്കു മുന്നറിയിപ്പു നല്കുക, പീഡിതരെ ആശ്വസിപ്പിക്കുക, കുറ്റങ്ങൾ ക്ഷമിക്കുക, നമുക്കെതിരേ തിന്മ പ്രവർത്തിക്കുന്നവരോട് സഹനശീലം പ്രദർശിപ്പിക്കുക, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക എന്നീ ജീവകാരുണ്യത്തിന്റെ ആത്മീയപ്രവൃത്തികളും തിരുവചനത്തിൽ നിന്നുതന്നെ നാം പഠിക്കുന്നതാണ്. "കരുണയുള്ളവരായിരിക്കാൻ കഴിയുന്നതിന് ദൈവവചനം ശ്രവിക്കാൻ നാം തയ്യാറാകണം" എന്ന പാപ്പായുടെ നിർദേശം (*കാരുണ്യത്തിന്റെ മുഖം*, 13) സഹർഷം നമുക്കു സ്വാഗതം ചെയ്യാം.

**സഭയിലൂടെ തുടരുന്ന ക്രിസ്തുകാരുണ്യം**

വിഭിന്നശേഷിയുള്ളവരോട് യേശു പ്രദർശിപ്പിച്ച പ്രത്യേക കാരുണ്യവും കരുതലും ഇന്നു സഭയിലൂടെ തുടരുകയാണ്. അവർക്കുവേണ്ടി ആംഗ്യഭാഷയിലെ ബൈബിളും (Sign Bible) ബ്രെയ്‌ലി ബൈബിളും (Braille Bible) ആക്സെസ്സിബിൾ ബൈബിളും (Accessible Bible) തയ്യാറാക്കാൻ രജതജൂബിലി വർഷത്തിൽ ബൈബിൾ സൊസൈറ്റി

ക്കായി എന്നത് ഏറെ ചാരിതാർത്ഥ്യജനകമാണ്. കരുണയുടെ ജൂബിലിവർഷാചരണത്തിനു മുന്നോടിയായി വിഭിന്നശേഷിക്കാരായ ദൈവമക്കളോടുള്ള കരുതലും കാരുണ്യവും ഇത്തരത്തിൽ സഭയ്ക്കു പുലർത്താനായതിൽ നമുക്ക് ദൈവത്തിനു നന്ദിപറയാം. ഇവ വിഭിന്നശേഷിക്കാരായവർക്ക് സംലഭ്യമാക്കാൻ നമുക്കു ശ്രമിക്കാം. കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ശ്രവ്യബൈബിൾ പുറത്തിറക്കിയതോടെ നിരന്തര വചനശ്രവണം തികച്ചും ലളിതമായിരിക്കുകയാണ്. ബൈബിൾ സൊസൈറ്റിയുടെ രജതജൂബിലി വർഷത്തിൽ കേരളമെമ്പാടും സൗജന്യ ബൈബിളുകൾ വിതരണം ചെയ്യാൻ സൊസൈറ്റിക്കു കഴിഞ്ഞു. ഇതിനായി ഒരു ലക്ഷം രൂപ വീതം സംഭാവന ചെയ്ത ഒമ്പത് ജൂബിലി ബൈബിൾ മിഷൻ അംബാസഡർമാരെ കേരള ജനതയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചുകൊള്ളട്ടെ.

**ബൈബിൾപാരായണത്തിന്റെ കാരുണ്യമാസം**

ഡിസംബർ 1 മുതൽ 31 വരെ ബൈബിൾപാരായണമാസമായും ഡിസംബർ 27-ാം തീയതി ബൈബിൾ ഞായറായും കേരളസഭ ആചരിക്കുകയാണ്. അക്ഷരം ധരിച്ച വചനമായ വിശുദ്ധലിഖിതം, വചനം മാംസം ധരിച്ചവന്റെ തീവ്രസ്മരണയിൽ, പരസ്യമായും സുന്ദരമായും പാരായണം ചെയ്യണമെന്ന് എല്ലാ കത്തോലിക്കാവിശ്വാസികളെയും വിശ്വാസീസമൂഹങ്ങളെയും ഞങ്ങൾ ഓർമിപ്പിക്കുന്നു. പൊതുസമൂഹത്തിൽതന്നെയും ബൈബിൾപാരായണ താത്പര്യം ഉളവാക്കുന്ന വിധത്തിലായിരിക്കണം അത്. ദിവസവും $3^1/_2$ മണിക്കൂർ ബൈബിൾ വായനയ്ക്കായി നാം മാറ്റിവച്ചാൽ ഒരു മാസം കൊണ്ട് മുഴുവൻ ബൈബിളും വായിച്ചുതീർക്കാവുന്നതാണ്. 95 മണിക്കൂർകൊണ്ട് സമ്പൂർണ ബൈബിൾ വായിച്ചു തീർക്കാമെന്ന് നമ്മൾ പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണ്. 2011-ൽ പി.ഒ.സി.യിൽ വച്ചു നടത്തിയ അഖണ്ഡ ബൈബിൾപാരായണ യജ്ഞത്തെത്തുടർന്ന് കേരളത്തിൽ അങ്ങോളമിങ്ങോളം വ്യത്യസ്തരീതികളിൽ ബൈബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കപ്പെട്ടത് സന്തോഷത്തോടെ അനുസ്മരിക്കുകയാണ്. വ്യക്തികളോടും കുടുംബങ്ങളോടും കുടുംബക്കൂട്ടായ്മകളോടും ഇടവകകളോടും പ്രസ്ഥാനങ്ങളോടും ഈ മാസാചരണം സമുചിതമായി നടത്താൻ ഞങ്ങൾ സസ്നേഹം ആഹ്വാനം ചെയ്യുന്നു. ഒപ്പം, ബൈബിൾസൊസൈറ്റിയിൽ അംഗത്വമെടുത്ത് കേരളസഭയുടെ ദൈവ

വചനശുശ്രൂഷയെ ശക്തിപ്പെടുത്താൻ ഞങ്ങൾ എല്ലാ കത്തോലിക്കാ വിശ്വാസികളെയും ക്ഷണിക്കുകയാണ്. ബൈബിൾ പാരായണമാസം ഇതിന് ഏറ്റവും അനുയോജ്യമായ കാലഘട്ടമാണ്.

കെ.സി.ബി.സി. ബൈബിൾകമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും വേണ്ടി ബൈബിൾഞായറാഴ്ചയിൽ നടത്തുന്ന ദിവ്യബലി മദ്ധ്യേയുള്ള പിരിവ് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഏവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചു കൊണ്ടും,

സ്നേഹത്തോടെ,

**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
ചെയർമാൻ, കെസിബിസി ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്**
വൈസ് ചെയർമാൻ, കെസിബിസി ബൈബിൾ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെസിബിസി ബൈബിൾ കമ്മീഷൻ

NB: 2015 നവംബർ 22-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സീറോ മലബാർ മാതൃവേദി
(Syro Malabar Mother's Association)

കർത്താവിനാൽ സ്നേഹിക്കപ്പെട്ട വൈദീകരെ, സമർപ്പിതരെ, സഹോദരീ സഹോദരന്മാരെ,

ആധുനിക ലോകം ശാസ്ത്രസാങ്കേതിക മണ്ഡലങ്ങളിൽ അതിശക്തമായ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം സാമൂഹ്യതിന്മകളുടെ അതിശക്തമായ വേലിയേറ്റം അങ്ങേയറ്റം ആശങ്ക ഉണർത്തുന്നു. ഇത്തരുണത്തിൽ ആത്മീയ, ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച ഒരു സമൂഹത്തെ രൂപപ്പെടുത്തുവാൻ നമുക്ക് ഭാരിച്ച ഉത്തരവാദിത്വമുണ്ട്. ഈ യഞ്ജത്തിൽ സംസ്കാരത്തിന്റെ കാവൽക്കാരികൾ എന്നുവിശേഷിക്കപ്പെടുന്ന സ്ത്രീകൾക്ക് വലിയൊരു പങ്കുവഹിക്കാനുണ്ട്. ഓരോ വ്യക്തിയുടെയും പ്രാരംഭ പരിശീലക എന്ന നിലയിൽ സംസ്കാരത്തിന്റെ പ്രാഥമിക നിർമ്മാതാക്കൾ മാതാക്കളാണ്. മനുഷ്യരാശി അധഃപതിച്ചു പോകാതിരിക്കാൻ വേണ്ടി ക്രിയാത്മക സംഭാവനകൾ നൽകാൻ സുവിശേഷ ചൈതന്യത്താൽ പൂരിതരായ സ്ത്രീകൾക്കും സാധിക്കുമെന്ന് വി. ജോൺ പോൾ പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. വീടിനെ കുടുംബമാക്കാനും സമൂഹത്തെ ആർദ്രമാക്കാനും, സഭയെ ദീപ്തമാക്കുവാനും സ്ത്രീകൾക്ക് അദ്വദീയമായ കഴിവുണ്ട്. ദൈവത്തിന്റെ മാതൃഭാവങ്ങൾ സ്ത്രീകളിലൂടെയാണ് ഇന്നു സമൂഹം മനസ്സിലാക്കുന്നത്. സഭക്കും സമൂഹത്തിനും മൂല്യബോധം നൽകുന്നതിൽ സ്ത്രീകൾക്കുള്ള പങ്ക് വലുതാണ്.

45 ലക്ഷത്തോളം വിശ്വാസികളുള്ള സീറോ മലബാർ സഭയിൽ മാതൃജന പ്രസ്ഥാനങ്ങൾ അതാതു രൂപതകളിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ അവയ്ക്ക് തീർച്ചയായും സാധിച്ചിട്ടുണ്ട്. അതേസമയം സഭ ഒന്നാണെന്നും പരസ്പര ബന്ധവും കൂട്ടായ്മയും ഉൾച്ചേരുമ്പോൾ അത്ഭുതങ്ങളുടെ പുതുലോകം സൃഷ്ടിക്കാനാവുമെന്നും നാം തിരിച്ചറിഞ്ഞു. അതിന്റെ വെളിച്ചത്തിൽ സീറോ മലബാർ സഭയിലെ എല്ലാ വനിതാ പ്രസ്ഥാനങ്ങളുടെയും ഏകോപനം ലക്ഷ്യമാക്കി സീറോ മലബാർ വനിതാഫോറം രൂപീകരിച്ച് നാം പ്രവർത്തിച്ചുവരികയായിരുന്നു. എന്നാൽ രൂപതകളിൽ വിവിധ പേരുകളിൽ അറിയപ്പെടുന്ന മാതൃജന പ്രസ്ഥാനങ്ങൾ ഒന്നാവുകയാണെങ്കിൽ ഉന്നതമായ പ്രവർത്തന മികവ് കൈവരിക്കാനാവുമെന്ന് നാം മനസ്സിലാക്കി. വിവിധ തലങ്ങളിൽ നടന്ന ആലോചനകളുടേയും പരിചിന്തനങ്ങളുടെയും വെളിച്ചത്തിൽ സീറോ മലബാർ മാതൃവേദി എന്ന പൊതുനാമം ഏവർക്കും സ്വീകാര്യമാവുകയും ജനു

വരിയിലെ മെത്രാൻ സിനഡ് അതിന് അംഗീകാരം നൽകുകയും ചെയ്തു. സീറോ മലബാർ സഭ ചരിത്രത്തിന് അപൂർവ്വശോഭ പകരുന്ന ഒരു ചരിത്രം കുറിക്കുവാൻ മാതൃവേദിക്ക് സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

നമ്മുടെ ആരാധന ക്രമം ആരംഭിക്കുന്ന ആഗമനകാലം മുതൽ എല്ലാ രൂപതകളിലെയും മാതൃസംഘടനകൾ സീറോ മലബാർ മാതൃവേദി എന്ന പൊതുനാമത്തിൽ അറിയപ്പെടുന്നതാണ്. ഇതിലൂടെ സീറോ മലബാർ സഭയിലെ മാതാക്കളുടെ ശക്തീകരണവും പ്രവർത്തന കേന്ദ്രീകരണവും നാം ലക്ഷ്യം വയ്ക്കുന്നു. മാതൃവേദിയിലൂടെ ആഗോളതലത്തിലുള്ള സീറോ മലബാർ സഭയിലെ മാതാക്കളുടെ കൂട്ടായ്മക്ക് അവസരമൊരുങ്ങുകയാണ്. സഭയോട് ചേർന്ന് നിന്ന് ദൈവരാജ്യസ്ഥാപനത്തിൽ മാതാക്കളുടെ പങ്ക് ഉറപ്പുവരുത്തുവാൻ സീറോ മലബാർ മാതൃവേദിക്കു സാധിക്കട്ടെ.

മുന്നണിയിൽ നിന്ന് ചുക്കാൻ പിടിക്കുന്ന നിർവ്വഹണ സമിതി അംഗങ്ങൾക്കും അവരോടൊപ്പം പ്രവർത്തിക്കുന്ന സേവന സന്നദ്ധരായ എല്ലാ അമ്മമാർക്കും വിജയാശംസകൾ!

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ വിവിധ തലങ്ങളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും മേൽ പരിശുദ്ധാത്മാഭിഷേകം നേരുന്നു.

കാരുണ്യവാനായ ദൈവം നമ്മെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ

ഈശോയിൽ സ്നേഹപൂർവ്വം

| | | |
|---|---|---|
| **മാർ മാത്യു അറയ്ക്കൽ** | **മാർ മാത്യു ആനിക്കുഴിക്കാട്ടിൽ** | **മാർ റെമിജിയോസ് ഇഞ്ചനാനിക്കൽ** |
| അൽമായ കമ്മീഷൻ ചെയർമാൻ | ബിഷപ്പ് ലെഗേറ്റ്, മാതൃവേദി | അൽമായ കമ്മീഷൻ അംഗം |

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

നവംബർ

1 : **പള്ളിക്കൂദാശ ഒന്നാം ഞായർ**
സകല വിശുദ്ധരുടെയും തിരുനാൾ

2 : സകല മരിച്ചവരുടെയും ഓർമ്മ

5 : വി. സഖറിയായും വി. ഏലീശ്വായും

6 : ആദ്യവെള്ളി

8 : **പള്ളിക്കൂദാശ രണ്ടാം ഞായർ**

15 : **പള്ളിക്കൂദാശ മൂന്നാം ഞായർ**
സമ്പർക്കമാധ്യമദിനം

22 : **പള്ളിക്കൂദാശ നാലാം ഞായർ**
മിശിഹായുടെ രാജത്വതിരുനാൾ

29 : **മംഗലവാർത്ത ഒന്നാം ഞായർ**

30 : വി. അന്ത്രയോസ്
ഇന്ന് പാതിരാമുതൽ പിറവിത്തിരുനാൾവരെ
വിവാഹാഘോഷം മുടക്ക്.

**2. നവംബർ മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 07 | 02:30 pm - 05:00 pm | സംഘടന ഏകോപനസമിതി യോഗം |
| 10 | 07:30 pm | സാമ്പത്തികസമിതിയോഗം |
| 11 | | ഡീക്കന്മാർക്ക് ക്ലാസ്സ് |
| 12 | | ഡീക്കന്മാർക്ക് ക്ലാസ്സ് |
| 13 | | ഡീക്കന്മാർക്ക് ക്ലാസ്സ് |
| 14 | 10:00 am - 01:00 pm | പാസ്റ്ററൽ കൗൺസിൽ യോഗം |
| | 02:00 pm - 05:00 pm | പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ |
| 16 | 10:00 am - 02:00 pm | ഫൊറോനവികാരിമാരുടെ യോഗം |
| 19 | | സ്റ്റാഫ് പിക്നിക്, ആർച്ച്ബിഷപ്സ് ഹൗസിലെ ഓഫീസുകൾക്ക് അവധി |
| 21 | 09:30 pm - 01:00 pm | സന്യസ്ത ജൂബിലി |
| 23 | | ലിവ് & ലേൺ |
| 24 | | ലിവ് & ലേൺ |
| 26 | 02:00 pm - 05:00 pm | ആലോചനസമിതിയോഗം |
| 29. | 2:00 pm - 05:00 pm | അതിരൂപത മാധ്യമദിനം |

30 10:00 am - 03:00 pm വൈദിക മാസധ്യാനം
മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ
നാമഹേതുകതിരുനാൾ

**3. പള്ളിക്കൂദാശക്കാലം:**

ആരാധനവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലത്തിലുള്ളത്. പള്ളിക്കൂദാശ എന്നാൽ സഭയുടെ പ്രതിഷ്ഠ എന്നാണർത്ഥം. ഈ കാലത്തിലെ ആദ്യത്തെ ഞായറാഴ്ച സഭാപ്രതിഷ്ഠയുടെ അനുസ്മരണം ആചരിക്കുന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലത്തിന്റെ ആരംഭത്തിൽത്തന്നെ നാം അനുസ്മരിക്കുന്നു. യുഗാന്തത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ജറുസലേമാകുന്ന മണവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു. സഭാമക്കളെ കാത്തിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നൽകുന്ന കാലഘട്ടമാണിത്.

മിശിഹായുടെ മനുഷ്യാവതാര രഹസ്യത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർത്ഥാടനം തിരുസഭയുടെ സ്വർഗ്ഗീയ മഹത്വ രഹസ്യത്തിൽ പൂർത്തിയാകുംവിധമാണ് ആരാധനാവത്സരം സംവിധാനം ചെയ്തിരിക്കുന്നത്.

**4. നാമഹേതുക തിരുനാൾ :**

നവംബർ 30നു നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**5. 25 നോമ്പ്:**

നവംബർ 30 പാതിരാമുതൽ 25 നോമ്പാരംഭിക്കുന്നു. നോമ്പിലൂടെ ആത്മശുദ്ധി നേടി പ്രാർത്ഥനാപൂർവ്വം ഈശോയുടെ പിറവിക്കായി നമുക്ക് ഒരുങ്ങാം. ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വിവരം ബഹു. അച്ചന്മാർ ജനങ്ങളെ ഓർമ്മപ്പെടുത്തുമല്ലോ.

**6. പാസ്റ്ററൽ കൗൺസിൽ:**

പാസ്റ്ററൽ കൗൺസിലിന്റെ ഏഴാം സമ്മേളനം 2015 നവംബർ 14ന് രാവിലെ 10 മണി മുതൽ ഉച്ചതിരിഞ്ഞ് 1 മണി വരെ ആർച്ച്ബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിലും ഉച്ചക്ക് 2 മണി മുതൽ അവാർഡ് ഡേ ഡി. ബി. സി. എൽ. സി. യിൽ വച്ചും നടത്തപ്പെടുന്നു. അംഗങ്ങൾ എല്ലാവരും പങ്കെടുക്കേണ്ടതാണ്.

**7. വൈദിക മാസധ്യാനം:**

വൈദികരുടെ മാസധ്യാനം നവംബർ 30 ന് രാവിലെ 10 മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു.

**8. ഓഫീസ് അവധി :**

2015 ഡിസംബർ 20 മുതൽ 2016 ജനുവരി 6 വരെ അതിരൂപതാ കാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**9. ആർച്ച്ബിഷപ്സ് ഹൗസിലെ ഓഫീസുകൾക്ക് അവധി :**

2015 നവംബർ 19ന് ആർച്ച്ബിഷപ്സ് ഹൗസിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകൾക്കും അവധിയായിരിക്കും.

**10. Live and Learn Programme :**

അതിരൂപതാ വൈദികർക്കുള്ള ഈ വർഷത്തെ **Live and Learn Programme 2015** നവംബർ **23, 24 തിയതികളിൽ** ഡി. ബി. സി. എൽ. സി. യിൽ സംഘടിപ്പിക്കുന്നു. എല്ലാ ബഹു. വൈദികരും പങ്കെടുക്കുവാൻ പ്രത്യേകം താത്പര്യപ്പെടുന്നു.

**11. പുതുക്കിയ മാമ്മോദീസ രജിസ്റ്റർ:**

നിരവധി തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും മാമ്മോദീസ രജിസ്റ്ററിൽ വേണ്ടി വരുന്നതുകൊണ്ട്, അവ ഭാവിയിൽ പരമാവധി ഒഴിവാക്കാനായി കൂടുതൽ വിവരങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്താവുന്നവിധം ഓരോ മാമ്മോദീസയ്ക്കും ഓരോ പേജ് നല്കിക്കൊണ്ടാണ് രജിസ്റ്റർ പരിഷ്കരിച്ചിരിക്കുന്നത്. 2016 ജനുവരി 1 മുതൽ അതിരൂപത മുഴുവനും പുതിയ മാമ്മോദീസ രജിസ്റ്ററുകളാണ് ഉപയോഗിക്കേണ്ടത്. നിലവിലുള്ള രജിസ്റ്ററുകളിലെ പേജുകൾ അതിനുമുമ്പ് തീരുകയാണെങ്കിൽ, അതനുസരിച്ച് പുതിയത് ഉപയോഗിച്ചുതുടങ്ങാം.

പുതിയ രജിസ്റ്റർ അനുസരിച്ചുള്ള പകർപ്പു പുസ്തകവും (പൈതലിന്റെ ഇടവകയിൽ കൊണ്ടുവന്നു ചേർക്കുന്നതിനുള്ളത്) തയ്യാറാക്കിയിട്ടുണ്ട്. എല്ലായിടത്തും ഇവ ഒരേസമയം തുടങ്ങിയില്ലെങ്കിൽ മാമ്മോദീസ കുറികൾ പകർത്തിയെഴുതി സൂക്ഷിക്കുന്നതിന് പ്രയാസമാകും. നിലവിലുള്ള രജിസ്റ്ററിൽത്തന്നെ 2015 ഡിസംബർ 31 വരെ മാമ്മോദീസകൾ ചേർക്കുകയാണെങ്കിലും, പുതിയ രജിസ്റ്റർ പ്രകാരം കൊണ്ടുവരുന്ന മാമ്മോദീസകുറികൾ പുതിയ പകർപ്പ് പുസ്തകത്തിൽ ചേർക്കണം.

മാമ്മോദീസ നടത്തുന്ന സ്ഥലത്ത് സൂക്ഷിക്കേണ്ട ഒറിജിനൽ മാമ്മോ

ദീസ രജിസ്റ്റർ, ഇക്കാര്യം പകർത്തിയെഴുതി സൂക്ഷിക്കാനുള്ള പകർപ്പ് പുസ്തകം, രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി നല്കുന്നതിന് അർത്ഥിയുടെ ഭാഗത്തുനിന്ന് പൂരിപ്പിച്ചുനല്കേണ്ട ഫോറം, മാമ്മോദീസയ്ക്കുശേഷം പൈതലിന്റെ സ്വന്തം ഇടവകയിൽ ചേർക്കുന്നതിനു കൊടുക്കുന്ന കുറി എന്നിവയാണ് തയ്യാറാക്കിയിട്ടുള്ളത്. രജിസ്റ്ററുകൾ ഡി.ബി.സി.എൽ.സി. ബുക്സ്റ്റാളിൽ ലഭ്യമാണ്.

**12. വൈദികനിയമനം :**

1. ഫാ. തോമസ് ഇ.ജെ. SJ – എക്സിക്യൂട്ടീവ് ഡയറക്ടർ PAROC, മേരിമാത മേജർ സെമിനാരി സാധുത 2015 സെപ്തംബർ 1 മുതൽ.
2. ഫാ. ടോണി നീലങ്കാവിൽ – പ്രോഗ്രാം ഡയറക്ടർ & സെക്രട്ടറി കം പ്രോജക്ട് ഓഫീസർ, PAROC, മേരിമാത മേജർ സെമിനാരി സാധുത 2015 സെപ്തംബർ 1 മുതൽ.
3. ഫാ. ബാബു പാണാട്ടുപറമ്പിൽ – എക്സിക്യൂട്ടീവ് ബോഡി അംഗം PAROC, മേരിമാത മേജർ സെമിനാരി സാധുത 2015 സെപ്തംബർ 1 മുതൽ.
4. ഫാ. ആന്റണി ചെമ്പകശ്ശേരി – സെക്രട്ടറി, ലിറ്റർജിക്കൽ കമ്മീഷൻ ഒഴിവായി; സാധുത 2015 സെപ്തംബർ 1 മുതൽ.
5. ഫാ. നാഞ്ഞിലത്ത് ബിജു OSH – ബലിയർപ്പണം, സി. എച്ച്. എഫ്. ജനറലേറ്റ് മണ്ണുത്തി, സാധുത 2015 സെപ്തംബർ 11 മുതൽ.
6. ഫാ. ജിയോ കടവി – ബലിയർപ്പണം, സി. എസ്. സി. പ്രോവിൻഷ്യൽ ഹൗസ് കൂർക്കഞ്ചേരി കൂടി; സി. എച്ച്. എഫ്. ജനറലേറ്റ് മണ്ണുത്തി ഒഴിവായി, സാധുത 2015 സെപ്തംബർ 11 മുതൽ.
7. ഫാ. ജോർജ്ജ് കോമ്പാറ – പ്രസിഡന്റ് കത്തോലിക്കസഭ പബ്ലിക്കേഷൻ ട്രസ്റ്റ്, കത്തോലിക്കസഭ മാഗസിൻ ഫണ്ട്, കത്തോലിക്കസഭ ബുക്ക്

സെന്റർ, കത്തോലിക്കസഭ പിൽഗ്രിമേജ് ട്രസ്റ്റ് എന്നിവ കൂടി.

8. ഫാ. റാഫി തട്ടിൽ – നടത്തുവികാരി വെളുത്തൂർ കൂടി, സാധുത 2015 സെപ്തംബർ 15 മുതൽ.

9. ഫാ. ഫ്രാൻസിസ് ആളൂർ – ഡിഫന്റർ ഓഫ് ബോണ്ട് മെത്രാപ്പോലീത്തൻ കോടതി ഒഴിവായി, സാധുത 2015 ഒക്ടോബർ 1 മുതൽ.

10. ഫാ. ജോൺ ദി ബ്രിട്ടോ ORC – സഹായി അരണാട്ടുകര; സാധുത 2015 ഒക്ടോബർ 2 മുതൽ.

11. ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ – ബലിയർപ്പണം സെന്റ് പോൾ സി. എം. സി. കുരിയച്ചിറ കൂടി; പ്രോ–വികാരി അവണൂർ ഒഴിവായി, സാധുത 2015 ഒക്ടോബർ 4 മുതൽ.

12. ഫാ. ടിജോ മുള്ളക്കര – അസി. ഡയറക്ടർ ജൂബിലി മിഷൻ, പ്രോ–വികാരി അവണൂർ, കപ്ലോൻ സെന്റ് പോൾ സി. എം. സി. കുരിയച്ചിറ; സാധുത 2015 ഒക്ടോബർ 4 മുതൽ.

13. ഫാ. ടെഡ്സ് കുന്നപ്പിള്ളി – അസി. ഡയറക്ടർ സാന്ത്വനം കൂടി, അസി. ഡയറക്ടർ സോഷ്യൽ അപ്പസ്തോലേറ്റ് ചേലക്കര സോൺ ഒഴിവായി; സാധുത 2015 ഒക്ടോബർ 5 മുതൽ.

14. ഫാ. ടോണി അരിമ്പൂർ – അസി. ഡയറക്ടർ സാന്ത്വനം കൂടി; സാധുത 2015 ഒക്ടോബർ 5 മുതൽ.

15. ഫാ. ബിജു എടക്കളത്തൂർ IC – സഹായി ഏനാമ്മാവ്; സാധുത 2015 സെപ്തംബർ 30 മുതൽ.

**13. പ്രത്യേകനിയമനങ്ങൾ**

**a. മറ്റു നിയമനങ്ങൾ**

**ലിറ്റർജിക്കൽ കമ്മീഷൻ**

ഫാ. ജിഫി മേക്കാട്ടുകുളം (കൺവീനർ)

ഫാ. ബിൽജു വാഴപ്പിള്ളി (മെമ്പർ കം സെക്രട്ടറി)

## DECREE OF ERECTION OF *PAROC RESEARCH INSTITUTE* OF THE ARCHDIOCESE OF TRICHUR

Whereas the Syro-Malabar Catholic Archdiocese of Trichur is desirous of starting an institution for developing theological understanding and carrying on sociological and theological research and to use the research findings to give guidance in community building for the welfare of the society,

Whereas a Research Institute is found necessary for taking up inter-disciplinary research in general and socio-pastoral theological research in particular in the context of India,

Whereas it is found suitable to establish such an institute at Marymatha Major Seminary, Trichur,

I hereby erect a Research Institute with the name ***PAROC RESEARCH INSTITUTE*** with effect from 15th August 2015. The office of this Research Institute will be at Marymatha Major Seminary, Trichur.

The Research Institute shall adopt and introduce inductive methods and processes employed in inter-disciplinary research such as qualitative, quantitative and mixed methods that are appropriate for socio-pastoral studies leading to theological reflection based on Gospel values. I wish that the research done in the Institute will enhance critical theological reflection based on the field data made available by scientific enquiry and give guidance in community building, collaborative ministry, conflict resolution etc. The research will enable communities of every religion to articulate their social, cultural, political and economic policies. I encourage PAROC Research Institute to develop a net-working with research institutes in similar fields, locally, nationally and internationally.

This institute shall organize learning and competency building programmes to equip pastors, parish leaders, members of the religious communities and institutions in organizational and leadership skills. It must vigilantly prepare the clergy and the laity for scientific and pastorally sensitive religious education. It must enhance the pastoral planning of diocese, religious congregations, parishes and institutions using modern scientific methods of assessment, analysis and strategic planning. This research Institute should act according to the Deed of Trust of PAROC Research Institute.

This decree is given from
Archeparchial Curia on 15th August 2015.

**Order No.: 1836/2015 dated 04.09.2015**

Mar Andrews Thazhath
Metropolitan Archbishop of Trichur

Fr. Mathew Kuttikottayil
Chancellor

മാർ റാഫേൽ തട്ടിൽ
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| Date | Day | Time | Programme |
|---|---|---|---|
| 01 | Sun | | Pastoral Visit: Koonammoochi |
| 02 | Mon | Morning | Holy Mass: Lourdes Cathedral |
| 03 | Tue | Morning | Cemetery Blessing: Padavarad |
| | | Forenoon | Jubilee Celebration of Rev. Fr. Antony Mecherry: Damien Institute |
| | | Evening | Jubilee Celebration Mass: Engandiyur |
| | | | Finance Council |
| 04 | Wed | | Engaged |
| 05 | Thu | | Out of Station |
| 06 | Fri | Morning | **For the Priests** |
| | | Afternoon | Meeting: English Medium School Principals |
| | | Evening | Holy mass at Lourdes: Bp. Alappatt’s Death Anniversary |
| 07 | Sat | Morning | Baptism & Holy Mass at Nellikkunnu: LOAF |
| | | Forenoon | Home Day: Minor Seminary |
| | | Afternoon | Meeting: Religious Association of Archdiocese |
| | | Evening | Home Day: Public Meeting at Minor Seminary |
| 08 | Sun | Morning | Church Blessing: Ambakkad |
| | | Afternoon | CNGI: General Body Meeting at JMMC |
| 09 | Mon | Morning | Vestition; MSMI at NedupuzhaEngaged |
| 10 | Tue | Morning | Ordination at Padavarad |
| | | Forenoon | Major Seminary: Jubilee Celebration |
| | | Evening | Finance Council |
| 11 | Wed | Morning | Deacon’s Course |
| | | Afternoon | Holy Mass & Inauguration of Daivasabdam Convention |
| | | Evening | JMMC Trust Meeting |
| 12 | THU | Morning | Deacon’s Course |

| | | | |
|---|---|---|---|
| | | | Holy Mass with Deacons Parents |
| | | Evening | Class for Deacons |
| 13 | FRI | | Engaged |
| 14 | SAT | Morning | Pastoral Council |
| | | Afternoon | Archdiocesan Award Day |
| 15 | SUN | | Engaged |
| 16 | MON | Morning | Forane Vicars' Meeting |
| | | Afternoon | Engaged: to visit Deacon's Homes |
| 17 | TUE | Morning | Holy Mass at Major Seminary |
| | | Afternoon | Engaged: to visit Deacon's Homes |
| 18 - 19 | | WED | Engaged: to visit Deacon's Homes |
| 20 | FRI | Morning | Holy Mass at CMC Provincial House at Kolazhy |
| | | | **For the People** |
| | | | PRAYER DAY |
| 21 | SAT | Morning | Jubilee of Religious – Holy Mass & Meeting |
| | | Evening | Home Day Meeting at Marymatha |
| 22 | SUN | | Pastoral Visit: Vaka |
| 23 - 24 | | MON | LIVE & LEARN |
| 25 | WED | | Office Work |
| 26 | THU | Morning | Consulter's Meeting |
| 27 | FRI | | Engaged |
| 28 | SAT | | Out of Station |
| 29 | SUN | Morning | Holy Mass at Basilica |
| | | Afternoon | Media Day Celebration |
| | | Evening | Holy Mass & Renovated Church Blessing at Arthat |
| 30 | MON | Morning | Priests' Conference |



# സഹായമെത്രാന്റെ പരിപാടികൾ

Nov. 2015

| Date | Day | Time | Programme |
|---|---|---|---|
| 01 | Sun | Evening | Grotto Blessing, Thiruthiparambu |
| 02 | Mon | | Department wise Gathering, St. Thomas College |
| 03 | Tue | Morning | Department wise Gathering, St. Thomas College |
| | | Evening | Holy Mass & Adoration Chapel Blessing, MSMI Convent; Nedupuzha |
| | | | Finance Council |
| 04 | Wed | | Department Wise Gathering, St. Thomas College |
| 05 | Thu | | Department Wise Gathering, St. Thomas College |
| 06 | Fri | Afternoon | Engaged |
| | | Evening | Holy Mass, Mala |
| 07 | Sat | Morning | Holy Mass, Lourdes Cathedral |
| | | | Engaged, St. Thomas College |
| | | | Minor Seminary – Home Day Celebration |
| | | Afternoon | Blessing of SABS' Reconstructed Provincial House, Chettupuzha |
| | | Evening | Minor Seminary: Home Day |
| 08 | Sun | Morning | Holy Mass, Melarkode |
| | | Evening | Meeting, Ambakkad |
| 09 | Mon | Morning | Holy Mass, Padavarad |
| 10 | Tue | | Engaged |
| 11 - 15 | | | Eucharistic Convention, Bombay; Apostolic Visitation, Gujarat |
| 16 - 18 | | | Kuwait |
| 22 | SUN | | Holy Mass, Ambakad |
| 23 | MON | | Mount St. Thomas, ASSM, Kakkanad |
| 24 | TUE | | LIVE & LEARN |
| 25 | WED | | Engaged |
| 26 | THU | Morning | Consulters Meeting |
| 27 | FRI | | MSW Seminar, St. Thomas College |
| 28 | SAT | Morning | Golden Jubilee Celebration: CHF Mannuthy |
| | | Evening | Sacerdotal Ordination: |
| | | | Rev. Dn. Rijo Muringaterry OFM Cap, Kundannoor |
| | | | KST & KSC, Emmaus, Kalamassery |
| 29 | SUN | | Pastoral Visit: Pulakkattukara |
| 30 | MON | Morning | Priest Conference, Bishop's House |

# നാളാഗമം

## സെപ്തംബർ 2015

01. അഭിവന്ദ്യ പിതാക്കന്മാർ മേച്ചേരി ബഹു. ആന്റണിയച്ചന്റെ പൗരോഹിത്യ ജൂബിലിയോടനുബന്ധിച്ച് ബസിലിക്കയിൽ നടന്ന ആഘോഷങ്ങളിൽ പങ്കെടുത്തു.

02. അഭിവന്ദ്യ തട്ടിൽ പിതാവ് മേരിമാത മേജർ സെമിനാരിയിൽ ക്ലാസ്സെടുത്തു.

03. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപത കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂൾ മാനേജർമാരുടെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ധ്യാനത്തിൽ സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന കത്തോലിക്കാ കോൺഗ്രസ്സിന്റെ നയപ്രഖ്യാപനസമ്മേളനത്തിന്റെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു.

05. അഭിവന്ദ്യ താഴത്ത് പിതാവ് അധ്യാപകദിനത്തോടനുബന്ധിച്ച് സെന്റ് തോമസ് കോളേജിൽ നടന്ന ടീച്ചേഴ്സ് ഗിൽഡിന്റെ യോഗത്തിൽ പങ്കെടുത്തു. പെരിഞ്ചേരി എഫ്. സി. സി. കോൺവെന്റിന്റെ സുവർണ്ണജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു. കോലഴിയിൽ നടന്ന സി. എം. സി. സന്യാസിനീ സമൂഹത്തിന്റെ പ്രോവിൻസ് ഡേയിൽ പങ്കെടുത്തു.

06. അഭിവന്ദ്യ താഴത്ത് പിതാവ് കൊഴുക്കുള്ളി ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ ബസിലിക്കയിലെ നവതിയോടനുബന്ധിച്ച് നടത്തപ്പെട്ട ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കെടുത്തു.

07. അഭിവന്ദ്യ തട്ടിൽ പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ജൂബിലി മിഷൻ ആശുപത്രിയിൽ നടന്ന സെമിനാറിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് മറ്റം ഇടവകയിൽ നടന്ന 'കൊയ്ത്ത് ഉത്സവ'ത്തിൽ പങ്കെടുത്തു. പീച്ചി ഇടവകയിൽ പരി. മാതാവിന്റെ രൂപം ആശീർവദിക്കുകയും ചെയ്തു.

08. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ. സി. യിൽ അർദ്ധവർഷ ദൈവശാസ്ത്ര കോഴ്സിൽ ക്ലാസ്സെടുത്തു. ഉച്ചതിരിഞ്ഞ് വൈലത്തൂർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും പാരിഷ് ഹാൾ ആശീർവദിക്കുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് കുരിയച്ചിറ സെന്റ്

പോൾ സി. എം. സി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് നെല്ലങ്കര ഇടവകയിൽ എട്ട് നോമ്പ് സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

09. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഒളരിക്കര സിസ്റ്റേഴ്സ് ഓഫ് സെന്റ് പീറ്റർ ക്ലേവർ കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു.

10. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പോന്നോർ ഇടവകയിൽ വി. ബലിയർപ്പിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

12. അഭിവന്ദ്യ താഴത്ത് പിതാവ് പാസ്റ്ററൽ കൗൺസിൽ യോഗത്തിലും സംഘടനകളുടെ ഏകോപനസമിതിയോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മരത്താക്കരയിൽ നടന്ന ലീജിയൻ ഓഫ് മേരി കൂരിയ ഉദ്ഘാടനം ചെയ്തു. അന്നു നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ സംബന്ധിച്ചു. ഉച്ചതിരിഞ്ഞ് നെല്ലിക്കുന്ന് ഇടവകയിൽ നടന്ന സമർപ്പിതസംഗമത്തിൽ പങ്കെടുത്തു. സി. എസ്. സി. സന്യാസിനീ സമൂഹത്തിന്റെ മുണ്ടത്തിക്കോട് കോൺവെന്റിലെ അൾത്താര ആശീർവാദകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

13. അഭിവന്ദ്യ താഴത്ത് പിതാവ് മുണ്ടത്തിക്കോട് ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് ഇന്നു മുതൽ ഒരാഴ്ച കോട്ടപ്പുറം രൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിനു നേതൃത്വം നൽകി.

14. അഭിവന്ദ്യ താഴത്ത് പിതാവ് വൈദികസമിതിയോഗത്തിൽ പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്കയിൽ ഊട്ടുതിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പേരാമംഗലം ഇടവകയിൽ വി. ബലിയർപ്പിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് തലക്കോട്ടുകരയിൽ നടന്ന കുറ്റിക്കാട്ട് ബഹു. ആൻഡ്രൂസ് അച്ചന്റെ പൗരോഹിത്യ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മേരിവിജയത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സെമിനാറിനു അധ്യക്ഷത വഹിച്ചു. കണ്ടശ്ശാംകടവ് ഇടവകയിലെ മാതൃസംഘത്തിന്റെ പതിനഞ്ചാം വാർഷികാഘോഷത്തിൽ സംബന്ധിച്ചു.

20. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ബസിലിക്ക ടവർ സ്ക്വയറിൽ നടന്ന കാത്തലിക് കോൺഗ്രസ്സ് നയപ്രഖ്യാപനസമ്മേളനത്തിൽ പങ്കെടുത്തു. വൈകിട്ട് മേരിമാത മേജർ സെമിനാരിയിൽ വൈദികരുടെ

വാർഷികധ്യാനത്തിനു പ്രാർത്ഥനാശംസകൾ നേർന്നു സംസാരിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഇന്നു മുതൽ ഒരാഴ്ച കോട്ടപ്പുറം രൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിനു നേതൃത്വം നൽകി.

22-23 അഭിവന്ദ്യ താഴത്ത് പിതാവ് സി. ബി. സി. ഐ. സമ്മേളനത്തിൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിൽ നടന്ന അതിരൂപത വൈദികസമ്മേളത്തിൽ പങ്കെടുത്തു.

26. അഭിവന്ദ്യ താഴത്ത് പിതാവ് മണ്ണുത്തി ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. സേവ് എ ഫാമിലിയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചതിരിഞ്ഞ് ബൊൻ നത്താലെയോടനുബന്ധിച്ച് നടന്ന പൗരാവലി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ചിയ്യാരം ഇടവകയിൽ നടന്ന യൂത്ത് മീറ്റിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നൽകി.

27. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ബസിലിക്കയുടെ നവതിയാഘോഷ പരിപാടികളിൽ പങ്കെടുത്തു. അതിരൂപതയിൽ വൈദികരുടെ രണ്ടാം ബാച്ച് ധ്യാനത്തിന് പ്രാർത്ഥനാശംസകൾ നേർന്നു സംസാരിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് കുമ്പളങ്ങാട് ഇടവകയിലെ കുരിശുപള്ളി ആശീർവാദത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് തൃശ്ശൂർ ബസിലിക്ക ഇടവകയിലെ നവതിയാഘോഷസമാപനബലിയിലും സമ്മേളനത്തിലും പങ്കെടുത്തു.

28. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ സിസ്റ്റേഴ്സ് ഓഫ് ദി സെന്റ് ജോസഫ് ദി വർക്കർ സന്യാസിനീസമൂഹത്തിന്റെ പീച്ചി മഠത്തിൽ വി. ബലിയർപ്പിച്ചു. സെന്റ് തോമസ് കോളേജിൽ നടന്ന സെമിനാറിൽ പങ്കെടുത്തു.

29. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ വി. ബലിയർപ്പിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവ് എളവള്ളി ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

# പാസ്റ്ററൽ കൗൺസിൽ

16–ാം പാസ്റ്ററൽ കൗൺസിലിന്റെ 7–ാം സമ്മേളനം 2015 നവംബർ 14ന് രാവിലെ 10 മണിക്ക് ആർച്ച്ബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. പ്രസ്തുത സമ്മേളനത്തിന്റെ ചർച്ചാവിഷയം "കാരുണ്യവർഷം നമ്മുടെ അതിരൂപതയിൽ" എന്നതായിരിക്കും.

വിഷയാവതരണം : ഫാ. തോമസ് പൂപ്പാടി

**"കരുണയുടെ മുഖം" എന്ന ചാക്രികലേഖനത്തിലെ പ്രധാന ആശയങ്ങൾ :**

- ദൈവം കാരുണ്യത്തിന്റെ മൂർത്തീഭാവമാണ്.
- യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ മുഖമാണ്.
- തന്റെ വാക്കുകൾക്കൊണ്ടും പ്രവർത്തികൾക്കൊണ്ടും തന്റെ മുഴുവൻ വ്യക്തിത്വം യേശു ദൈവത്തിന്റെ കാരുണ്യത്തെ വെളിപ്പെടുത്തുന്നു.
- യേശുവിലും അവിടുത്തെ കാരുണ്യപൂർണ്ണമായ ദൃഷ്ടിയിലും കണ്ണുകൾ ഉറപ്പിച്ചുകൊണ്ട് പരി. ത്രിത്വത്തിന്റെ സ്നേഹം നാം അനുഭവിച്ചറിയുന്നു.
- നമ്മുടെ ജീവിതത്തിൽ പിതാവായ ദൈവം ചെയ്ത പ്രവർത്തികൾ കൂടുതൽ ശ്രദ്ധയോടെ നോക്കാനും കൃതജ്ഞതയോടെ, ഭാവിയിൽ ചെയ്തു തീർക്കേണ്ടവയെക്കുറിച്ചുള്ള ഉത്തരവാദിത്വത്തോടെ കൃപാവരത്തിന്റെയും ആധ്യാത്മിക നവീകരണത്തിന്റെയും വിശ്വാസസാക്ഷ്യത്തിന്റെയും അസാധാരണ നിമിഷമായി ആഘോഷിക്കപ്പെടാൻ കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചു.
- പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുക എന്നതാണ് വിശുദ്ധ വർഷത്തിന്റെ മുദ്രാവാക്യം.

**ചർച്ചാവിഷയങ്ങൾ:**

1 ശാരീരികവും ആത്മീയവുമായ കാരുണ്യപ്രവർത്തികൾ ഈ ജൂബിലിവർഷത്തിൽ നമ്മുടെ അതിരൂപതാതലത്തിലും ഇട വകതലങ്ങളിലും എങ്ങനെ നടപ്പിലാക്കും?

2 ക്രിസ്തുവിന്റെ അനുയായിയും സഭയിലെ അംഗവുമെന്ന നില യിൽ ഈ ജൂബിലിവർഷത്തിൽ എനിക്ക് വ്യക്തിപരമായി എന്ത് ചെയ്യാനാകും?

3 ഇടവകതലത്തിൽ കാരുണ്യത്തിന്റെ മുഖം എങ്ങനെയാണ് ഇപ്പോൾ ദൃശ്യമാകുന്നത്? അത് കൂടുതൽ പ്രകാശമാനമാ ക്കാൻ എന്തുചെയ്യണം?

4 പരി. ത്രിത്വത്തിന്റെ സ്നേഹകാരുണ്യത്തിന് സാക്ഷ്യം വഹി ക്കാൻ അതിരൂപതാതല പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷ മവും ഫലപ്രദവുമാക്കാൻ നമുക്ക് എങ്ങനെ സാധിക്കും?

5 കാരുണ്യത്തിന്റെ മരുപ്പച്ചകളാകുവാൻ നമ്മൾ എന്ത് ചെയ്യണം?

NB : ആവശ്യമായ സമിതികളിൽ (പ്രതിനിധിയോഗം, ഭക്തസം ഘടനാ മീറ്റിംഗുകൾ) ചർച്ച ചെയ്ത് റിപ്പോർട്ടുകൾ നവംബർ 13ന് മുമ്പായി ജനറൽ സെക്രട്ടറിയുടെ പക്കൽ ഏല്പിക്കു മല്ലോ.

# സാമ്പത്തിക കാര്യാലയം

## 1. സമ്മാന ദാനം

2014 വർഷത്തെ മിഷൻ ഞായർ, ദുഃഖവെള്ളി പിരിവുകൾക്ക് സമ്മാനർഹമായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും അഭിനന്ദനങ്ങൾ 2015 നവംബർ 14ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 pm ന് D.B.C.L.C. യിൽ കൂടുന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിലാണ് ട്രോഫികൾ വിതരണം ചെയ്യുന്നത്. വീടുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ സംഖ്യ പിരിച്ചെടുത്ത ഇടവകകളും സ്ഥാപനങ്ങളുമാണ് ട്രോഫികൾ നേടിയിട്ടുള്ളത്. ത്യാഗപൂർവ്വം സംഭാവന നൽകുന്നതിൽ ഉദാര മനസ്ക്കരായ ഏവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഇതിനു നേതൃത്വം നൽകിയ ബ. വൈദികർക്കും കൈക്കാരന്മാർക്കും കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കും ഇടവകാംഗങ്ങൾക്കും സമ്മാനർഹമായ സ്ഥാപനങ്ങളുടെ അധികാരികൾക്കും സ്റ്റാഫ് അംഗങ്ങൾക്കും സഹകരിച്ച എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. ട്രോഫികൾ ഏറ്റുവാങ്ങാൻ നവംബർ 14ലെ മീറ്റിംഗിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## 2. സമ്മാനർഹമായ ഇടവകകൾ/സ്ഥാപനങ്ങൾ

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| മിഷൻ ഞായർ 2014 | Ist | പുതുശ്ശേരി | 195 | 1,17,100 | 600.51 |
| | IInd | പാലയൂർ | 514 | 246500 | 479.57 |
| | IIIrd | പാവറട്ടി | 2115 | 635961 | 300.69 |

| ഇനം | സ്ഥാനം | ഇടവക | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2014 | Ist | പാവറട്ടി | 635961 |
| | IInd | കുരിയച്ചിറ | 466670 |
| | IIIrd | ഒല്ലൂർ | 453525 |

| ഇനം | സ്ഥാനം | സ്ഥാപനം | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2014 | Ist | ജൂബിലി മിഷൻ ഹോസ്പിറ്റൽ, തൃശ്ശൂർ | 150000 |
| | IInd | സെന്റ് മേരീസ് മൈനർ സെമിനാരി, മഡോണ നഗർ | 125000 |
| | IIIrd | മേരിമാതാ മേജർ സെമിനാരി, മുളയം | 1,14,000 |

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| ദുഃഖവെള്ളി | Ist | പാലയൂർ | 514 | 33528 | 65.22 |
| | IInd | ഡോളേഴ്സ് ബസിലിക്ക | 624 | 37300 | 59.77 |
| | IIIrd | ചേലക്കര | 252 | 10620 | 42.14 |

## വരവ് ചെലവ് കണക്കുകൾ സെപ്തംബർ 30, 2015

| നമ്പർ പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സഭാ ദിനം |
|---|---|---|---|---|
| 1. അരണാട്ടുകര | 24485 | 138845 | 53815 | 16100 |
| 2. അവിണിശ്ശേരി | 2000 | 3626 | - | 1720 |
| 3. ചേർപ്പ് | 10000 | 43197 | 48910 | 6494 |
| 4. ചേറ്റുപുഴ | - | - | - | 2524 |
| 5. ചിറനെല്ലൂർ | 2403 | - | - | 710 |
| 6. ചോറ്റുപാറ | - | - | - | 1500 |
| 7. കല്ലൂർ വെസ്റ്റ് | 12153 | 16540 | - | 6230 |
| 8. കണ്ടാനശ്ശേരി | 3020 | - | - | 772 |
| 9. കണ്ടശ്ശാംകടവ് | - | - | - | 7350 |
| 10. കാഞ്ഞിരക്കോട് | 2336 | 6916 | 10380 | 800 |
| 11. കാരമുക്ക് | - | - | - | 800 |
| 12. കരുമത്ര | - | - | - | 2780 |
| 13. കോലഴി | - | - | - | 1692 |
| 14. കുമ്പളങ്ങാട് | 1934 | 3000 | 6000 | 2220 |
| 15. കുണ്ടന്നൂർ | - | - | 50117 | 4486 |
| 16. കുറുമാൽ | - | - | - | 1300 |
| 17. നെന്മണിക്കര | 1700 | 4800 | 4980 | 1050 |
| 18. ഒരുമനയൂർ | 7030 | 17770 | - | 1012 |
| 19. പാലയൂർ | - | - | - | 5420 |
| 20. പല്ലിശ്ശേരി | 1050 | 865 | - | 1720 |
| 21. പാറന്നൂർ | - | - | - | 1710 |
| 22. പറവട്ടാനി | - | - | - | 8688 |
| 23. പട്ടിക്കാട് | 6750 | 6350 | - | 4100 |
| 24. പാവറട്ടി | - | - | 635961 | 19560 |
| 25. പേരകം | 2523 | 3520 | 6482 | 3000 |
| 26. പൂമല | 6000 | 5000 | 10000 | 2900 |
| 27. സരിതപുരം | 3420 | 1460 | - | 776 |
| 28. തളിക്കുളം | - | - | - | 600 |
| 29. തൃശ്ശൂർ സെന്റ് ഫോർട്ട് | - | - | - | 4492 |
| 30. വാടനപ്പിള്ളി | 5167 | - | 2105 | 1966 |

| | | | | |
|---|---|---|---|---|
| 31 വലക്കാവ് | 1555 | 17030 | 9775 | 2400 |
| 32. വലപ്പാട് | 6530 | - | - | 3740 |
| 33. വരവൂർ | - | - | 520 | 400 |
| 34. വെള്ളക്കാരിത്തടം | 2201 | 1226 | 4305 | 1000 |

| നമ്പർ **പേര്** | **പ്രത്യേക പിരിവ്** | **ഞായർ പിരിവ്** | **സീറോമലബാർ മിഷൻ ഞായർ** |
|---|---|---|---|
| 1. അരണാട്ടുകര | 17468 | 63520 | |
| 2. അവിണിശേരി | 3157 | 2583 | 500 |
| 3. ചേർപ്പ് | 5830 | 21200 | |
| 4. ചേറ്റുപുഴ | 3410 | 2480 | 5000 |
| 5. ചിറനെല്ലൂർ | 990 | 720 | |
| 6. ചോറ്റുപാറ | 1155 | 840 | |
| 7. കല്ലൂർ വെസ്റ്റ് | 6853 | 7476 | 2000 |
| 8. കണ്ടാനശ്ശേരി | 968 | 704 | |
| 9. കണ്ടശ്ശാംകടവ് | 8085 | 29400 | 5000 |
| 10. കാഞ്ഞിരക്കോട് | 1100 | 800 | 5215 |
| 11. കാരമുക്ക് | 1276 | 928 | |
| 12. കരുമത്ര | 2794 | 3048 | |
| 13. കോലഴി | 2332 | 1908 | |
| 14. കുമ്പളങ്ങാട് | 2354 | 1926 | 1040 |
| 15. കുണ്ടന്നൂർ | 5533 | 7545 | |
| 16. കുറുമാൽ | 1683 | 1377 | |
| 17. നെന്മണിക്കര | 1474 | 1072 | 300 |
| 18. ഒരുമനയൂർ | 1320 | 1080 | 13385 |
| 19. പാലയൂർ | 5654 | 15420 | |
| 20. പല്ലിശ്ശേരി | 2068 | 1692 | 400 |
| 21. പാറന്നൂർ | 2112 | 1728 | |
| 22. പറവട്ടാനി | 6721 | 9165 | 3000 |
| 23. പട്ടിക്കാട് | 4928 | 5376 | 1500 |
| 24. പാവറട്ടി | 23265 | 105750 | 49630 |
| 25. പേരകം | 3179 | 2601 | 3000 |
| 26. പൂമല | 4180 | 4560 | 3000 |
| 27. സരിതപുരം | 1067 | 873 | |

| | | | |
|---|---|---|---|
| 28. തളിക്കുളം | 825 | 600 | |
| 29. തൃശ്ശൂർ വെസ്റ്റ് ഫോർട്ട് | 6748 | 14200 | |
| 30. വാടാനപ്പിള്ളി | 2409 | 2628 | |
| 31. വലക്കാവ് | 3355 | 3660 | 4500 |
| 32. വലപ്പാട് | 5060 | 5520 | |
| 33. വരവൂർ | 528 | 384 | 200 |
| 34. വെള്ളക്കാരിത്തടം | 1397 | 1016 | 500 |
| 35 വടക്കാഞ്ചേരി | - | - | 32830 |
| 36. അസ്സീസി മഠം, തൃശ്ശൂർ | - | 200 | |

**4. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1.മണലൂർ വെസ്റ്റ് - 5000
2. പൂത്തറയ്ക്കൽ -5000
3. തയ്യൂർ - 5000

**5. സാമ്പത്തിക സഹായം സ്വീകരിച്ച പള്ളികൾ**

1. സരിതപുരം - 15000
2. ചോറ്റുപാറ - 50000
3. കുത്തുപാറ. ചാപ്പൽ, പൂമല - 5000
4. ആർത്താറ്റ് -15000

**8. അതിരൂപത സഹായ ഫണ്ട്**

1. ഭവന നിർമ്മാണം -12500
2. വിവാഹം - 116000
3. ചികിത്സ - 64500

**9. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ചികിത്സ -30000

**ഫാ. ജോയ് മൂക്കൻ**
ഫിനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | | | |
|---|---|---|---|
| ഫാ. സിറിയക് വടക്കൻ | 01 | ഫാ. ലിജോ ചാലിശ്ശേരി | 18 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 | ഫാ. സനോജ് അറങ്ങാശ്ശേരി | 18 |
| ഫാ. മനോജ് താണിക്കൽ | 03 | ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. ചെറിയാൻ പാറക്കൽ | 04 | ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 20 |
| ഫാ. ജാക്സൻ ചാലക്കൽ | 04 | ഫാ. ജോർജ്ജ് കണ്ണാത്ത് | 21 |
| ഫാ. അൽജോ കരേരക്കാട്ടിൽ | 05 | മോൺ. ജോസഫ് കാക്കശ്ശേരി | 22 |
| ഫാ. ജോർജ്ജ് കോമ്പാറ | 08 | ഫാ. ജോർജ്ജ് തേർമഠം | 23 |
| മോൺ. ജോർജ്ജ് എടക്കുളത്തൂർ | 11 | ഫാ. ജസ്റ്റിൻ കൈതാരത്ത് | 23 |
| ഫാ. സോണി കിഴക്കൂടൻ | 12 | ഫാ. ട്വിങ്കിൾ വാഴപ്പിള്ളി | 25 |
| ഫാ. ജോസ് തത്രത്തിൽ | 12 | ഫാ. ഫ്രാങ്കോ കവലക്കാട്ട് | 25 |
| ഫാ. റോയ് വേളക്കൊമ്പിൽ | 14 | ഫാ. ജോസ് ഐനിക്കൽ | 28 |
| ഫാ. റോജോ എലുവത്തിങ്കൽ | 15 | | |

## നാമഹേതുകതിരുനാൾ

| | | | |
|---|---|---|---|
| ഫാ. തോബിയാസ് ചാലക്കൽ | 02 | ഫാ. ക്ലമന്റ് വാഴപറമ്പിൽ | 23 |
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 03 | ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 30 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. വറീത് കടവി | 04 - 11 - 1890 |
| ഫാ. ഗീവർഗ്ഗീസ് തെക്കേക്കര | 07 - 11 - 1933 |
| ഫാ. ആന്റണി മഞ്ഞളി | 09 - 11 - 1895 |
| ഫാ. ജോസഫ് ഇരിമ്പൻ | 09 - 11 - 1957 |
| ഫാ. ഔസേപ്പ് കാച്ചപ്പിള്ളി | 09 - 11 - 1893 |
| ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് | 10 - 11 - 1987 |
| ഫാ. പോൾ അമ്പൂക്കൻ | 11 - 11 - 1969 |

| | |
|---|---|
| ഫാ. ജോസഫ് ചിറയത്ത് | 12-11-1946 |
| ഫാ. ജോർജ്ജ് പുളിക്കൻ | 14-11-1854 |
| ഫാ. പോൾ ആലപ്പാട്ട് | 14-11-1920 |
| ഫാ. ജോസ് മേനാച്ചേരി | 15-11-1954 |
| ഫാ. ജോൺ കിഴക്കൂടൻ | 15-11-1960 |
| ഫാ. ജേക്കബ് അന്തിക്കാട്ട് | 16-11-1980 |
| ഫാ. സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ | 17-11-1971 |
| ഫാ. ജോൺ ഊക്കൻ | 20-11-1944 |
| ഫാ. ജോസഫ് ചാലിശ്ശേരി | 20-11-1967 |
| ഫാ. ആന്റണി ചെമ്മണ്ണൂർ | 23-11-2000 |
| ഫാ. ആന്റണി പാണേങ്ങാടൻ | 21-11-2008 |
| ഫാ. ജോസഫ് മുണ്ടശ്ശേരി | 04-11-2014 |

**അതിരൂപതയുടെ സ്മരണാഞ്ജലി**

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

31.08.2015 എസ്.എൻ.ഡി.എസ്. കൂടപ്പുഴ അനുഗ്രഹസദന്റെ വാർഷികാഘോഷം നടത്തി.

03.09.2015 എസ്.എൻ.ഡി.എസ്. സമർപ്പിതവർഷത്തോടനുബന്ധിച്ച് സിസ്റ്റേഴ്സിനുവേണ്ടി നോവിഷ്യറ്റ് ഭവനത്തിൽ സിസ്റ്റർ ഉദയ സി.എച്ച്.എഫ്ന്റെ ക്ലാസ്സ് നടന്നു.

04.09.2015 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസ് അഭിവന്ദ്യ മാർ റാഫേൽ പിതാവ് സന്ദർശിക്കുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

05.09.2015 സി.എം.സി. പ്രോവിൻസ് ഡെ ദിനാഘോഷത്തിൽ മാർ റാഫേൽ തട്ടിൽ പിതാവ് വി.ബലി അർപ്പിക്കുകയും വിവിധ കലാപരിപാടികളോടൊപ്പം വിവിധ മേഖലകളിൽ (ഓർഫനേജ്, കൃഷി, പറമ്പ്, നഴ്സറി തുടങ്ങിയ) ദീർഘകാലം സേവനമനുഷ്ഠിച്ചവരെ ആദരിക്കുകയും ചെയ്ത് പ്രോവിൻസ് ഡെ സമുചിതമായി ഘോഷിക്കുകയും ചെയ്തു.

എസ്.എ.ബി.എസ്. ബ.ജനറാളമ്മ മദർ റോസ് കെയ്റ്റിന്റെ സുവർണജൂബിലിയാ ഘോഷങ്ങളിൽ മദർ ലിറ്റിൽ മരിയ തെക്കേക്കരയും ഏതാനും സിസ്റ്റേഴ്സും പങ്കെടുത്തു.

എസ്.എ.ബി.എസ്. കർമ്മല മാത ഇടവക ദേവാലയത്തിൽ വച്ച് നടന്ന അദ്ധ്യാപകദിനാഘോഷപരിപാടികളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

06.09.2015 എസ്.എ.ബി.എസ്. ആസ്പിരൻസിയിലേക്ക് പ്രവേശിക്കുന്നതിന് ഒരുക്കമായി പ്രീ ആസ്പിരൻസ്, തങ്ങളുടെ ഡിറക്ട്രസ് സി.ജീൻ മേരി പൊറുത്തൂക്കാരനൊപ്പം നെടുപുഴ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ ഒരാഴ്ച ധ്യാനത്തിൽ ചിലവഴിച്ചു.

07.09.2015 എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോഫ്രൻസ് നടന്നു. പരിശുദ്ധപിതാവിന്റെ ചാക്രികലേഖനം 'ലൗദാത്തോ സി' യെ ആസ്പദമാക്കി മദർ ലിറ്റിൽ മരിയ തെക്കേക്കര ക്ലാസ് നയിച്ചു.

08.09.2015. എസ്.എൻ.ഡി.എസ്.രണ്ടു പോസ്റ്റുലൻസ് (സിമി അറങ്ങാശ്ശേരി, റിറ്റ കുപ്പിലി) നോവിഷ്യേറ്റിൽ പ്രവേശിച്ചു. മൂന്ന് ആസ്പിരൻസ്

(വിനീത, ആശ, മേരി) തുടർപരിശീലനത്തിനായി ഹൈദരാബാദിൽനിന്നും എടക്കളത്തൂരിലേക്കു വന്നു.

എസ്.എൻ.ഡി.എസ്. ഈ വർഷത്തെ സുപ്പീരിയേഴ്സ് മീറ്റിംഗ് മുളയം നിർമല ജനറലേറ്റിൽവച്ചു നടന്നു. ലീഡർഷിപ്പിനെക്കുറിച്ച് മേരിമാതാ മേജർസെമിനാരി പ്രൊഫസറും ജസ്യൂട്ട് വൈദികനുമായ ഇ.ജെ. തോമസ് അച്ചന്റെ ക്ലാസ്സും 9–ാം തിയതി രാവിലെ മോൺ ജോർജ് മാനാടൻ അച്ചന്റെ ദിവ്യബലിയും സന്ദേശവും ഉണ്ടായിരുന്നു.

സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ഓമറിന്റെയും ലോക്കൽ സുപ്പീരിയർ സി.ആൻമരിയയുടെയും നാമഹേതുകതിരുനാൾ ആഘോഷിച്ചു.

സി.എച്ച്. എഫ്., വടൂക്കര സ്നേഹാരാം (മെന്റൽ റിഹാബിലിറ്റേഷൻ സെന്റർ)ന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ പരിപാടികളിൽ നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോളും കൗൺസിലേഴ്സും, മുൻ പ്രൊവിൻഷ്യൽ സി.ഗ്രേഷ്യസ് ഇരിമ്പനും പങ്കെടുത്ത് ആശംസകൾ നേർന്നു.

എസ്.എ.ബി.എസ്. സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് ആരാധനാ സന്യാസിനി സമൂഹം, തൃശൂർ നിർമ്മൽ റാണി പ്രോവിൻസിന്റെ നേതൃത്വത്തിൽ നെന്മണിക്കര സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് ദിവ്യകാരുണ്യസംഗമം നടത്തി.

13.09.2015 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് മെഡിക്കൽ ബോർഡിന്റെ മീറ്റിംഗ് നടന്നു.

സി.എച്ച്.എഫ്. ചെമ്പൂക്കാവ് നവജ്യോതി കൗൺസലിംങ്ങ് സെന്ററിൽ നടത്തി വരുന്ന ബേസിക്ക് കൗൺസലിംങ്ങ് കോഴ്സിന്റെ 17–ാം ബാച്ചിന്റെ ഉദ്ഘാടനവും 16–ാംബാച്ചിന്റെ കോൺവൊക്കേനും ഒന്നിച്ചു നടത്തിയ പരിപാടിയിൽ നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സിപോളും കൗൺസിലേഴ്സും, പങ്കെടുത്തു.

14.09.2015 സി.എം.സി. വിമലകോളേജിന്റെ നേതൃത്വത്തിൽ പാടൂക്കാട് നിർമ്മിച്ച Swimming Pool മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വെഞ്ചിരിക്കുകയും MLA ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

സി.എസ്.എം. ലൂർദ്ദ് നാഥാ പ്രൊവിൻസിന്റെ രണ്ടാം വാർഷികവും, കുരിശിന്റെ പുകഴ്ചയുടെ തിരുനാളും സംയുക്തമായി ആഘോഷിച്ചു.

തൃശ്ശൂർ അതിരൂപത വൈസ് ചാൻസലർ റവ.ഫാ.ഡൊമിനിക് തലക്കോടൻ ദിവ്യബലി അർപ്പിച്ചു. 13 മണിക്കൂർ ആരാധനയും ബൈബിൾ ശുശ്രൂഷയും, സ്നേഹവിരുന്നും, കലാപരിപാടികളും ഉണ്ടായിരുന്നു.

സി.എസ്.എം. തൃശ്ശൂർ അതിരൂപതയിൽ നടത്തിയ വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗിൽ റവ. സി. ജെറിൻ സംബന്ധിച്ചു.

17.09.2015 സി.എസ്.സി.കൂർക്കഞ്ചേരി മരിയ പ്രൊവിൻസിലെ 5 സന്യാസാർത്ഥിനികളെ ആസ്പിരൻസിയിൽ പ്രവേശിപ്പിച്ചു.

സി.എസ്.എം. യു. എസ്. എ. യിലെ സിസ്റ്റേഴ്സിന്റെ കാനോനിക സന്ദർശനം പൂർത്തിയാക്കി ബഹു. പ്രൊവിൻഷ്യൽ സി. ബിയാട്രിസ് തിരിച്ചെത്തി.

18.09.2015 സി.എം.സി. വിമല കോളേജിൽ Autonomy നുവേണ്ടിയുള്ള visit നടന്നു.

19.09.2015 എസ്.എ.ബി.എസ്. സി .അൽഫോൻസ മൂഞ്ഞേലിയുടെ നേതൃത്വത്തിൽ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് യൂക്കരിസ്റ്റിക്ക് അപ്പൊസ്റ്റൊലേറ്റിന്റെ മീറ്റിംഗ് നടന്നു.

എസ്.എ.ബി.എസ്. 19 മുതൽ 21 വരെ ചുണങ്ങംവേലി നിവേദിതയിൽ KCBC Education കമ്മീഷൻ സംഘടിപ്പിച്ച 'Managerial Training Programme' എന്ന സെമിനാറിൽ സി. ലിൻസ മരിയ പാറേക്കാടൻ സംബന്ധിച്ചു.

സി.എച്ച്.എഫ്. തൃശ്ശൂർ കേരള സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ നടത്തിയ മേരിവിജയം സാഹിത്യോത്സവം 2015-ൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

20.09.2015 എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജൂനിയർ സീനിയർ സിസ്റ്റേഴ്സിന്റെ gathering നടത്തി. ബ. മദർ ലിറ്റിൽ മരിയ തെക്കേക്കര സി. സോഫി പെരേപ്പാടൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

സി.എം.സി. പ്രൊവിൻഷ്യൽ സിനാക്സിസ് ഒന്നാം സെഷൻ ആരംഭിച്ചു. ഫാ.ജെ.നാലുപറയിൽ ക്ലാസ്സെടുത്തു.

24.09.2015. സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോളിന്റെ നാമഹേതുക തിരുനാൾ പ്രൊവിൻഷ്യലേറ്റിൽ സമുചിതമായി ഘോഷിച്ചു.

സി.എസ്.സി.കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സോഷ്യൽ ബോർഡിന്റെ മീറ്റിംഗ് നടന്നു. റവ. ഫാ. ടോബി എസ്. ജെ. ക്ലാസ്സെടുത്തു.

സി.എസ്.എം. രണ്ടാമത് ലൂർദ്ദ് നാഥ പ്രൊവിൻസിന്റെ സിനാക്സ്സിസ്സ് പ്രാരംഭ സമ്മേളനം ലൂർദ്ദ് നാഥ പ്രൊവിൻഷ്യൽ ഹൗസ്സിൽ ആരംഭിച്ചു. റവ.ഫാ. നോബിൾ മണ്ണാറത്ത് സി.എം.എഫ്, റവ.സുപ്പീരിയർ ജനറൽ ഫ്രാങ്കോ എം.എം.ബി, എഫ്.സി.സി പ്രൊവിൻഷ്യൽ സി. റോസ് അനിത എന്നിവർ ക്ലാസ്സെടുത്തു. 26 ന് സമാപിച്ചു.

എസ്.എ.ബി.എസ്. തൃശൂർ നിർമ്മല മാത സെൻട്രൽ സ്ക്കൂളിൽ വച്ച് പ്രോവിൻസിലെ എല്ലാ അദ്ധ്യാപകർക്കായി ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു. ഇരിങ്ങാലക്കുട രൂപതയിലെ റവ.ഫാ.ജോമി തോട്ടിയാൻ ക്ലാസ്സ് നൽകി. പ്രോവിൻസിനു കീഴിലുള്ള വിദ്യാലയങ്ങളിലെ എല്ലാ അദ്ധ്യാപകരും ഇതിൽ സംബന്ധിച്ചു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രൊവിൻഷ്യൽ സിനാക്സിസിന്റെ പ്രഥമ സമ്മേളനം നടന്നു. ബ. മദർ ലിറ്റിൽ മരിയ തെക്കേക്കര Introductory Talk നൽകി. സിനാക്സിസ് അംഗങ്ങൾ ഒരു ദിവസം പ്രാർത്ഥനാദിനമായി ആചരിച്ചു.

27.09.2015 സി.എസ്.എം. തൃശ്ശൂർ അതിരൂപത സംഘടിപ്പിച്ച ലോഗോസ് പരീക്ഷയിൽ ലൂർദ്ദ് നാഥാ പ്രൊവിൻസ്സിൽ നിന്നും 100 ലധികം സിസ്റ്റേഴ്സ് പങ്കെടുത്തു.

28.09.2015 എസ്.എൻ.ഡി.എസ്. ബഹു. അമ്മയും സിസ്റ്റർ എൽസി ചാഴൂരും കൂടി മുംബൈയിൽ കാനോനികസന്ദർശനം കഴിഞ്ഞ് തിരിച്ചെത്തി.

എസ്.എ.ബി.എസ്. സി.ക്ലാരറ്റ് പുതുവ, സി.മെറിൻ മാഞ്ഞാലി എന്നിവർ ജനറലേറ്റിൽ നടക്കുന്ന ക്ലോയിസ്റ്ററിൽ സംബന്ധിക്കുന്നു.

**ആദരാഞ്ജലികൾ**



02.10.2015. സി.എച്ച്.എഫ്. അരണാട്ടുകര ഇൻഫന്റ് ജീസസ് മഠാംഗമായ സി.ക്രിസ്പീന നിര്യാതയായി. സംസ്ക്കാര ശുശ്രൂഷ സഹായമെത്രാൻ മാർ റാഫേൽതട്ടിലിന്റെ മുഖ്യ കാർമ്മീകത്വത്തിൽ ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ നടത്തി.

16.09.2015 സി.എം.സി. ചേറൂർ, സെന്റ് സേവിയേഴ്സ് മഠാംഗമായ സി.ബസ്സാരിയോൻ നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, മാർ പാസ്റ്റർ നീലങ്കാവിൽ എന്നീ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നടത്തുകയും കോലഴി പരി.ത്രിത്വത്തിന്റെ മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



18.09.2015 സി.എം.സി. സി.യുസ്താക്യ നിര്യാതയായി. അഭിവന്ദ്യ മാർ റാഫൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നടന്നു. വരന്തരപ്പിള്ളി വി. പത്താം പീയൂസിന്റെ മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**സി.ജോസഫൈൻ പാലത്തിങ്കൽ** SABS
സി.ആർ.ഐ. സെക്രട്ടറി

# നാമകരണ നടപടികൾ

## ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനി ആചരണം – സെപ്തംബർ**

സി. എസ്. സി. മരിയ പ്രവിശ്യാ നോവീസ് ആരാധനയ്ക്ക് നേതൃത്വം നൽകി. ബ. സിസ്റ്റർ ലിസ്ബി സി. എസ്.സി. പ്രഭാഷണം നത്തി. തന്റെ ജീവിതം ആന്തരീക മുറിവുകളാലും വേദനകളാലും ഉടക്കികിടക്കേണ്ടതല്ല എന്ന തിരിച്ചറിഞ്ഞ ഊക്കനച്ചൻ ജീവതം മുഴുവൻ ഈശോയ്ക്ക് സമർപ്പിച്ചുകൊണ്ട് തനിക്ക് ലഭിച്ച സ്വർഗ്ഗീയദാനങ്ങൾ യേശുവിന്റെ മഹത്വത്തിനുവേണ്ടി പങ്കുവെച്ചു. 10.30ന് നടത്തപ്പെട്ട അനുസ്മരണ ബലി മദ്ധ്യേ സി. എസ്.ടി. മൈനർ സെമിനാരി റെക്ടർ റവ. ഫാ. വർഗ്ഗീസ് പൂവ്വത്ത്മൂട്ടിൽ ദൈവദാസൻ ഊക്കനച്ചന്റെ വിശുദ്ധമായ നല്ല മാതൃകകകളെ കുറിച്ച് ഓർമ്മപ്പെടുത്തുകയുണ്ടായി. പാവപെട്ടവരോടുള്ള പ്രത്യേക പരിഗണന, നീതി നിർവ്വണം നിസ്വാർത്ഥ സ്നേഹം എന്നിവ അച്ചന്റെ പ്രത്യേക ഗുണങ്ങളായിരുന്നുവെന്നും പൗരോഹിത്വത്തിന്റെ മഹനീയത ജീവിതബന്ധിയാക്കിയെന്നും അച്ചൻ ഊന്നിപറഞ്ഞു 'എന്റെ ജീവിതമായിരിക്കട്ടെ ഊക്കനച്ചന്റെ വിശുദ്ധ പദവിയിലേക്കുള്ള മാർഗ്ഗമെന്ന് ചിന്തിച്ചുകൊണ്ട് ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ നല്ല മാതൃകകളെ പിൻതുടരുവാൻ ഏവർക്കും കഴിയട്ടെ എന്ന് ബ. വർഗ്ഗീസച്ചൻ ആശംസിച്ചു.

**ഒക്ടോബർ** : സി.എസ്.സി. മരിയ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. സിസ്റ്റർ മേരി മാത്യു സി. എസ്.സി. പ്രഭാഷണം നടത്തി. 'എനിക്കും ഒരു വിശുദ്ധനാകണം' എന്ന് ഇടയ്ക്കിടക്ക് പറയുമായിരുന്ന ഊക്കനച്ചന്റെ സുഹൃത്തുക്കളെല്ലാം വിശുദ്ധരായിരുന്നു. അനുദിന വിശുദ്ധരെ ധ്യാനിച്ച് പ്രാർത്ഥിച്ച ഊക്കനച്ചൻ വി. കൊച്ചുത്രേസ്യായുടെ വിശുദ്ധി നിറഞ്ഞ ജീവിതവും ആദ്ധ്യാത്മികത ശിശുത്വവും വി. ഫ്രാൻസീസ് സാലസിന്റെ പരസ്നേഹചൈതന്യവും വി. മാർഗരറ്റ് മേരി അലക്കോകിന്റെ തിരുഹൃദയ ഭക്തിയും സ്വന്തം പേരിനു കാരണഭൂതനായ വി. അഗസ്തീനോസിന്റെ വിശ്വാസവും സ്വായത്തമാക്കിയിരുന്നുവെന്ന് സിസ്റ്റർ വ്യക്തമാക്കി. 10.30ന് അനുസ്മരണ ബലി, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച, ഊട്ട്, വെഞ്ചിരിപ്പ് എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ. ഫാ. രഞ്ജിത്ത് അത്താണിക്കൽ സി. എം.ഐ., ആയിരുന്നു. പാവങ്ങളിൽ ഈശോയുടെ മുഖം ദർശിച്ച മഹാനായ വ്യക്തിയായിരുന്നു ഊക്കനച്ചൻ എന്ന ആമുഖത്തോടെ അദ്ദേഹം സന്ദേശം ആരംഭിച്ചു. കുരിശിനെ സ്നേഹിച്ച അച്ചന്റെ ഡയറിക്കുറിപ്പുകൽ അക്കാര്യം വ്യക്തമാക്കുന്നു. ഒന്നാമതായി കുരിശ് ജീവിതത്തിന്റെ പടച്ചട്ടയാണ്. ആ പടച്ചട്ട നീ ധരിക്കണം, അനുഭവ

മാക്കണം. രണ്ടാമതായി കുരിശ് പ്രത്യാശ പകരുന്നതാണ് (ജീവിത സാഹചര്യങ്ങളിൽ) മൂന്നാമതായി കുരിശ് ഒരു ഗോവണിയാണ്. സ്നേഹത്തിൽ നിന്ന് സഹിക്കാനുള്ള സന്തോഷം കണ്ടെത്തണം. 'ദൈവമേ അങ്ങ് എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്തോ അത് എന്നെ അറിയിക്കുക. അതിനുള്ള ശക്തിയും ധൈര്യവും എനിക്കു നൽകുക" എന്ന പ്രാർത്ഥനയോടെ അച്ചൻ തന്റെ സന്ദേശം അവസാനിപ്പിച്ചു.

## ബഹു. ആന്റണി തച്ചുപറമ്പിൽ

ചേലക്കര സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ ദൈവദാസൻ ബഹു. ആന്റണി തച്ചുപറമ്പിലച്ചന്റെ സ്മരണദിനം 11/09/2015 വെള്ളിയാഴ്ച ജപമാല, ദിവ്യകാരുണ്യാ രാധന, ദിവ്യബലി കുഴിമാടത്തിലെ ഒപ്പീസ് തുടങ്ങിയ തിരുകർമ്മങ്ങളോട് ആരംഭിച്ചു.

ചേലക്കര സെന്റ് മേരീസ് ഫൊറോന വികാരി ബഹു. റാഫേൽ താണിശ്ശേരിയച്ചനാണ് തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകിയത്. സുവിശേഷ വചന വ്യഖ്യാനം, ഫലം തരാത്ത അത്തിവൃക്ഷത്തെക്കുറിച്ചായിരുന്നു. മാവിന് മാങ്ങയും, തെങ്ങിന് തേങ്ങയും ലഭിക്കുന്നു. ഓരോ വൃക്ഷത്തിനും അതിന്റേതായ ഫലങ്ങളുണ്ട്. സോദോം ഗോമോറയിൽ ദൈവസ്നേഹമോ വിശുദ്ധിയോ ഉണ്ടായിരുന്നില്ല. ആത്മാവിന്റെ ഫലങ്ങൾ - സ്നേഹം, ആനന്ദം, ക്ഷമ, ദയ, നന്മ തുടങ്ങിയ ഫലങ്ങൾ - അവിടെയില്ലായിരുന്നു. ആയിരങ്ങളിൽ പത്തുപേരെങ്കിലും ദൈവീക നീതിയുടെ ഫലങ്ങൾ ചൂടുവാനുണ്ടായിരുന്നില്ല. ലോത്തിനെയും കുടുംബത്തെയും രക്ഷിച്ച ദൈവം നഗരങ്ങളുടെ വേരിനു തന്നെ കോടാലി വെച്ചു. നമുക്ക് നൽകിയ ജീവിതവർഷങ്ങൾ അനുതാപത്തിനും ദൈവനീതിയ്ക്കും ഇണങ്ങും വിധം കിളച്ച് വളമിടുന്നില്ലെങ്കിൽ യജമാനന്റെ ക്രോധത്തിന് ഇരയായിത്തീരും.

ദൈവദാസൻ ബഹു.അആന്റണി തച്ചുപറമ്പിലച്ചൻ സൽഫലങ്ങൾ ചൂടുന്ന അത്തി വൃക്ഷമായിരുന്നു. തക്ക കാലത്തിൽ ദൈവാലയ ബലിപീഠത്തിനരികെ നിന്നൊഴുകിയ അരുവിയിൽ നിന്നായിരുന്നു, അത്തിവൃക്ഷത്തിന്റെ വേരുകൾ ജലം വലിച്ചെടുത്തത്, ദൈവസ്നേഹത്തിൽ നിന്ന് സഹോദരസ്നേഹത്തിലേക്കും സഹോദരസ്നേഹത്താൽ മാനവ സേവനത്തിനും അച്ചൻ സമയം കണ്ടെത്തി. ജ്ഞാന പ്രകാശത്താലും ദൈവീക വരങ്ങളാലും ആ കനികൾ ഏറെ മധുരമുള്ളതായിരുന്നു.

നാം ദൈവവിശ്വാസികളാണെന്ന് പറയുന്ന നാമാകുന്ന അത്തിവൃക്ഷത്തിൽ ഫലങ്ങളുണ്ടോ എന്ന് സെൽഫി എടുത്തു നോക്കണമെന്നും അച്ചൻ പറഞ്ഞു

**പോൾ പുളിക്കൻ**

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

### മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

ഏറെ വാത്സല്യമുള്ള മക്കളേ,

കുടുംബത്തെക്കുറിച്ചാണ് കഴിഞ്ഞ മാസം കത്തിൽ നമ്മൾ ചർച്ച ചെയ്തത്. റോമിൽ വെച്ച് നടന്ന സിനഡിൽ കുടുംബത്തെക്കുറിച്ചു വളരെ ഗൗരവമായിതന്നെ ചർച്ചകൾ ചെയ്തു. ആ അവസരത്തിൽ ഫ്രാൻസിസ് മാർപ്പാപ്പയെ കാണുവാനും സംസാരിക്കുവാനും സാധിച്ചത് വളരെ സന്തോഷത്തോടെ ഓർക്കുന്നു. സഭ കുടുംബത്തെ വളരെയേറെ പ്രതീക്ഷയോടും കരുതലോടും കൂടിയാണ് കാണുന്നത്. എന്നാൽ ഇന്നത്തെ മാധ്യമങ്ങളുടെ സ്വാധീനവും അതിപ്രസരവും കുടുബങ്ങളെയും വ്യക്തിബന്ധങ്ങളെയും സാരമായി സ്വാധീനിക്കുന്നുമുണ്ട്. ഈ മാസം നമുക്ക് മാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ച് ചർച്ചചെയ്യാം.

മാധ്യമങ്ങളെക്കുറിച്ചും അവ വഴി മനുഷ്യൻ കൈവരിക്കുന്ന നേട്ടങ്ങളെക്കുറിച്ചും നമുക്കറിയാം. മാധ്യമങ്ങൾ ഇന്നത്തെ ലോകത്തിൽ നടത്തുന്ന വിപ്ലവകരമായ മാറ്റങ്ങളെക്കുറിച്ചും സ്വാധീനത്തെക്കുറിച്ചും ആർക്കും യാതൊരു സംശയവും ഇല്ല. എന്നാൽ ഉപഭോഗ സംസ്കാരവും കച്ചവടോദ്ദേശ്യവുമാണ് പുത്തൻ മാധ്യമസംസ്കാരത്തിന്റെ ഫലം. നമ്മൾ അനുദിനവും ഉപയോഗിക്കുന്ന വസ്തുക്കൾപോലും ഇന്ന് മാധ്യമങ്ങളാണ് തെരഞ്ഞെടുക്കുന്നത്. നമ്മുടെ ജീവിതത്തിലെ നിസാരങ്ങളിൽ നിസാരമെന്നു കരുതുന്ന വസ്തുക്കൾ പോലും പരസ്യങ്ങളിൽ കാണുന്നവ മാത്രമാണ് വാങ്ങുവാൻ ആഗ്രഹിക്കുന്നത്. നമ്മുടെ ജീവിതത്തിലെ നിസാരമായ തീരുമാനങ്ങളെപോലും മാധ്യമങ്ങൾ സ്വാധീനിക്കുന്നുവെന്നത് നമുക്കറിയാവുന്നതാണ്. അതുകൊണ്ട് ഇന്നത്തെ ലോകത്തിൽ മാധ്യമങ്ങൾ വഴി ഒരുപാട് നന്മയ്ക്കുള്ള അവസരങ്ങളുണ്ട്. മാധ്യമങ്ങൾ മനുഷ്യവംശത്തിന്റെ സമ്പൂർണ്ണ

വികസനത്തിന്റെ ഉപാധിയായി വർത്തിക്കണം.

സെൽഫോണും, കമ്പ്യൂട്ടറും, ലാപ്ടോപ്പുമൊക്കെ കളിപ്പാട്ടം പോലെ കൈക്കാര്യം ചെയ്യുന്ന ആധുനിക തലമുറയ്ക്ക് അവയില്ലാത്ത ലോകം സങ്കൽപ്പിക്കാൻപോലും സാധിക്കുകയില്ല. അതുകൊണ്ടുതന്നെ ഈ തലമുറയെ സൈബർ തലമുറയെന്നു വിളിക്കുന്നതിൽ തെറ്റില്ലെന്നു കരുതുന്നു. അകലങ്ങളെ ഇല്ലാതാക്കിക്കൊണ്ട് ബന്ധങ്ങൾ വളർത്തിയെടുക്കുവാൻ സഹായിക്കുന്ന മൊബൈൽ ഫോൺ ഇന്ന് ഒഴിച്ചുകൂടാനാവാത്ത ഒന്നായി തീർന്നിരിക്കുന്നു.

നമ്മുടെ മക്കള വഴിതെറ്റിക്കുതിൽ മൊബൈൽ ഫോണുകൾ മുന്നിലാണ് എത് ഞെട്ടിക്കുന്ന യാഥാർത്ഥ്യമാണ്. ഇതിന്റെ ഫലമായി സൈബർ കുറ്റകൃത്യങ്ങളും വർദ്ധിക്കുന്നു. അതിനാൽ തന്നെ മാതാപിതാക്കളുടെ ശ്രദ്ധ ഈ മേഖലയിൽ ഉണ്ടാകണം.

ഞായറാഴ്ചകളിൽ മതബോധന ക്ലാസ്സുകളിൽ സന്ദർശിക്കുന്നതിനിടയിൽ കുട്ടികളോടു കുശലാന്വേഷണങ്ങൾ നടത്തി. അതിനിടയിൽ അവരുടെ കുടുംബങ്ങളിലെ പ്രാർത്ഥനയെപ്പറ്റി ഞാൻ ചോദിച്ചു. എല്ലാവരും കുടുംബപ്രാർത്ഥന അനുദിനം ചൊല്ലാറുണ്ടെന്നു പറഞ്ഞു. എപ്പോഴാണ് അവർ കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കുന്നതെന്ന് ചോദിച്ചപ്പോൾ പല ഉത്തരവും കേൾക്കുവാൻ ഇടവന്നു. അന്നുകേട്ട ഒരു ഉത്തരമാണ് ഞങ്ങൾ പരസ്യ രഹസ്യമാണ് ചൊല്ലുന്നത് എന്ന്. ഉത്തരത്തിലെ കൗതുകം എന്താണെന്നറിയുവാൻ തോന്നി. അപ്പോഴാണ് അവർ പറഞ്ഞത് ടിവിയിൽ പരസ്യം വരുമ്പോൾ ഒരു രഹസ്യം ചെല്ലും പിന്നീട് അടുത്ത പരസ്യസമയത്ത് അടുത്ത രഹസ്യം അതാണ് പരസ്യ രഹസ്യമെന്ന്. ഒരു പക്ഷേ അവർ തമാശ പറഞ്ഞതാകാം, എന്നാലും അതിലും പല സത്യമുണ്ടെന്ന് എനിക്ക് തോന്നുന്നു.

ഇന്ന് നമ്മുടെ കുടുംബങ്ങളുടെ ടൈംടേബിൾ തീരുമാനിക്കുന്നത് റിയാലിറ്റിഷോകളും അവസാനമില്ലാത്ത സീരിയലുകളുമാണോയെന്ന് സംശയിക്കേണ്ട കാലഘട്ടമാണ്. ഒരുവീട്ടിൽ രണ്ടോ മൂന്നോ കുട്ടികളുണ്ടെങ്കിൽ അവർ തമ്മിലുള്ള വഴക്കിന്റെ ഒരു പ്രധാന കാരണം ടി.വി.യുടെ റിമോട്ട് കൺട്രോളുമായി ബന്ധപ്പെട്ടായിരിക്കും. നല്ല രീതിയിൽ വിവേചന ബുദ്ധിയോടെ ഉപയോഗിച്ചാൽ വിജ്ഞാനപ്രദമായ പല ചാനലുകളും ഇന്നുണ്ട്. പക്ഷേ അവയൊന്നും കാണാതെ കുറ്റകൃത്യങ്ങളുടെയും മാനസിക വൈകല്യങ്ങളുടെയും അതിപ്രസരമുള്ള പരിപാടികൾ ആസ്വദിക്കാനാണ് കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും ഇഷ്ടം. ഇത് നമ്മുടെ സംസ്കാരത്തെപോലും തകിടം മറിക്കുന്നുണ്ട്. വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾക്കും ആത്മഹത്യാപ്രവണതകൾക്കും സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്കു മൊക്കെ അടിസ്ഥാന കാരണം

ഇന്നത്തെ ആധുനിക മാധ്യമസംസ്കാരമാണെന്നു പറയാം. ചാനൽ സീരിയലുകളും റിയാലിറ്റി ഷോകളും കാണുന്ന കുഞ്ഞുങ്ങൾക്ക് പഠനത്തിൽ പോലും ശ്രദ്ധിക്കാൻ സാധിക്കാതെ വരുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല!

നീതിപൂർവ്വമായ മാധ്യമപ്രവർത്തനം നടത്തേണ്ട പത്രങ്ങൾ തങ്ങളുടെ നീതിബോധം മറക്കുന്നു. ഇന്നിന്റെ കാറ്റിനും ഗതിക്കുമനുസരിച്ച് സത്യത്തെ വളച്ചൊടിക്കുവാൻ ശ്രമിക്കുന്ന അച്ചടി മാധ്യമസംസ്കാരം സത്യത്തെ അസത്യമായും, അസത്യത്തെ അർദ്ധ സത്യമായും, സത്യമായും പ്രചരിപ്പിക്കുന്ന പത്രമാധ്യമസംസ്കാരം നമ്മുടെ നാടിന്റെ നല്ല ഭാവിയ്ക്ക് തടസ്സം നിൽക്കുന്നു. റേറ്റിംഗിനായി വാർത്തകളെ വളച്ചൊടിക്കുന്ന രീതിയും ഇന്നത്തെ പത്രസംസ്കാരത്തിൽ വളർന്നു വരുന്നു. മനസാക്ഷിരഹിതമായ സംഭവവികാസങ്ങൾ അനുദിനവും പത്രങ്ങളെ കീഴടക്കുന്നു. ഈ വാർത്തകൾ വളർന്നുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ സാമൂഹിക കാഴ്ചപ്പാടുകളെയും ധാരണകളെയും സ്വാധീനിക്കുന്നു. ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ വാർത്തകളിലെ പ്രവണതകളെ അനുകരിച്ച് ദാനമായി ലഭിച്ച ജീവിതത്തെ നശിപ്പിക്കുന്ന ഒരു വിഭാഗവും നമ്മുടെ പുതുതലമുറയിൽ വളർന്നു വരുന്നു.

വിജ്ഞാനത്തിന്റെ പുതിയൊരു ലോകം തുറന്നു തരുന്ന നൂതന സാങ്കേതിക വിദ്യയാണ് ഇന്റർനെറ്റ്. ഇന്റർനെറ്റ് ഇന്നു പല നല്ല കാര്യങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. എന്നാൽ അതിന്റെ ദുരുപയോഗം വഴി ഏറെ ദ്രോഹമുണ്ടാക്കാനും കഴിയും. ഇവയുടെ നന്മയും തിന്മയും വലിയ അളവിൽ തെരഞ്ഞെടുപ്പുകളെ സംബന്ധിച്ചുള്ളതാണ്. ഇന്റർനെറ്റ് നന്നായി ഉപയോഗിക്കുകയെന്ന കടമ യുവജനത്തിനുണ്ട്. അവരെ വിവേചനത്തോടും ഉത്തരവാദിത്വബോധത്തോടുംകൂടി ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാകാൻ സഹായിക്കുകയെന്നതാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും മൗലിക കടമ. കുട്ടികൾ ഇന്റർനെറ്റിന് ആസക്തിയുള്ളവരാകാൻ ഇടവരരുത്. നിങ്ങൾ നിങ്ങളുടെ കൂട്ടുകാരോടും പ്രകൃതിയോടുതന്നെയുമുള്ള സമ്പർക്കം ഉപേക്ഷിക്കുവാനും ഇടയാകരുത്. ഇന്റർനെറ്റ് സൗഹൃദങ്ങളും ചാറ്റിംഗുമൊക്കെ അതിരുവിടുന്നതായി സൈബർ പഠനങ്ങൾ തെളിയിക്കുന്നു. അതിന് കൂടുതലും ഇരകളാകുന്നത് സ്കൂൾ വിദ്യാർത്ഥികളും കോളേജ് വിദ്യാർത്ഥികളുമാണുതാനും. അതിനാൽ ആധുനിക മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ചതിക്കുഴികൾ നാം തിരിച്ചറിയണം.

മാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ച് നമ്മൾ വളരെ ഗൗരവമായി തന്നെ ഈ കാലഘട്ടത്തിൽ ചിന്തിക്കണം. മാധ്യമങ്ങൾ രാജ്യങ്ങൾ തമ്മിലുള്ള അകലം കുറയ്ക്കുമ്പോൾ മനുഷ്യ മനസ്സുകൾ തമ്മിൽ അകലം വർദ്ധിപ്പിച്ചുവെന്നതാണ് സത്യം. ഇത്തെ തലമുറ കുടുംബവുമൊത്തു സമയം ചില

വഴിക്കുന്നതിനേക്കാൾ കൂടുതൽ സോഷ്യൽ മീഡിയകളിൽ സമയം ചിലവഴിക്കുന്നവരാണ്. മാധ്യമങ്ങൾ മനുഷ്യന്റെ വ്യക്തിത്വരൂപീകരണത്തിലെ ഒരു പ്രധാന ഘടകമാണ്. വിവേചനത്തെ മറികടന്നുകൊണ്ടുള്ള മാധ്യമ സംസ്കാരം ഹാനികരമാണ്. ഇവിടെ മനുഷ്യൻ നല്ലതു തെരെഞ്ഞെടുക്കുമ്പോൾ അവന്റെ വിവേചനശക്തിയാണ് ഉപയോഗിക്കേണ്ടത്. അങ്ങനെ മാധ്യമശക്തി മനുഷ്യ നന്മയ്ക്കായി വിനിയോഗിക്കണം.

സഭ മാധ്യമങ്ങളെ സംബന്ധിച്ച് അടിസ്ഥാനപരമായി ഭാവാത്മക സമീപനമാണു സ്വീകരിച്ചിട്ടുള്ളത്. സഭ മാധ്യമങ്ങളെ ദൈവത്തിന്റെ ദാനങ്ങളായി കാണുന്നു. പോൾ ആറാമൻ മാർപ്പാപ്പ പറയുന്നത്: 'ജനങ്ങളെ സുവിശേഷ സന്ദേശംകൊണ്ട് കണ്ടുമുട്ടാനുള്ള പുതിയ വഴികൾ ആധുനിക മാധ്യമങ്ങൾ നല്കുന്നു. മാധ്യമങ്ങളെ സുവിശേഷവത്കരണത്തിനു ഉപയോഗിക്കാതിരുന്നാൽ സഭ കർത്താവിന്റെ മുമ്പിൽ കുറ്റക്കാരായിരിക്കും'. ഈ സൈബർ യുഗത്തിൽ മാധ്യമങ്ങൾ വഴി സുവിശേഷവത്കരണത്തിന്റെ പുതുപാതതുറക്കുവാൻ സാധിക്കണം. ക്രൈസ്ത മുല്യങ്ങളെ ഉയർത്തിപ്പിടിക്കുവാൻ മാധ്യമങ്ങൾ ഉപാധിയാകണം. മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു മാധ്യമസംസ്കാരം വാർത്തെടുക്കുവാൻ ഒരുമിച്ചു പ്രവർത്തിക്കാം. ഉത്തമ മാധ്യമ സംസ്കാരത്തിന്റെ വക്താക്കളാൻ എല്ലാ ദൈവാമുഗ്രഹങ്ങളും അപേക്ഷിച്ചുകൊണ്ട് പരി. അമ്മയുടെ മധ്യസ്ഥതയിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവ്വദിക്കുന്നു.

സസ്നേഹം നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ്സ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രപ്പോലീത്ത

**ചർച്ചകൾക്കുള്ള ചോദ്യങ്ങൾ:-**

1. മാധ്യമങ്ങൾ ഇന്നത്തെ കുടുംബത്തിന്റെ അനുദിന ടൈംടേബിൾ നിശ്ചയിക്കുന്നത് ശരിയാണോ?
2. ടിവി പ്രോഗ്രാമുകൾ നിങ്ങളെ സ്വാധീനിക്കാറുണ്ടോ?
3. പത്രങ്ങളിൽ വരുന്ന വാർത്തകളെല്ലാം ശരിയാണോ?
4. മാധ്യമങ്ങൾ മനുഷ്യന്റെ തീരുമാനങ്ങളെ സ്വാധീനിക്കുന്നുണ്ട് എന്നു പറയുന്നത് എന്തുകൊണ്ട്?
5. എങ്ങനെ സോഷ്യൽ മീഡിയകളുടെ അടിമത്വം ഇല്ലാതാക്കാം?
6. എങ്ങനെ മാധ്യമങ്ങളെ സുവിശേഷവത്കരണത്തിന്റെ ഉപാധിയാക്കാം?

എല്ലാ മതാദ്ധ്യാപകർക്കും മതാദ്ധ്യാപകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായുടെ തിരുനാളിന്റെ മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു. മതബോധന വിദ്യാർത്ഥികൾക്കുള്ള അഭിവന്ദ്യപിതാവിന്റെ കത്തിന്റെ സംഗ്രഹം കുട്ടികളെ അറിയിക്കുമല്ലോ. പാരീഷ് ബുള്ളറ്റനിൽ പ്രസിദ്ധീകരിക്കുന്നത് ഉചിതമായിരിക്കും.

1. **Unit Visit :** യൂണിറ്റ് വിസിറ്റ് നവംബർ / ഡിസംബർ മാസങ്ങളിൽ തന്നെ നടത്തേണ്ടതാണ്. യൂണിറ്റുകൾ പരസ്പരം സന്ദർശനം നടത്തി മതബോധനകേന്ദ്രത്തിലേക്ക് റിപ്പോർട്ട് അയക്കേണ്ടതിനാവശ്യമായ നിർദ്ദേശങ്ങളും ഫോമുകളും നവംബർ 1 ന് സമ്മേളിക്കുന്ന യൂണിറ്റ് സെക്രട്ടറി കോൺഫ്രൻസിൽ നല്കുന്നതാണ്. അന്നേദിവസം കൊണ്ടുപോകാൻ സാധിക്കാത്തവർ മതബോധനകേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്. വിസിറ്റിന് പോകുന്ന ടീം പോകേണ്ട സ്ഥലത്തെ യൂണിറ്റുമായി നേരത്തെതന്നെ ആലോചിച്ച് യൂണിറ്റ് സന്ദർശനം ആസൂത്രണം ചെയ്യുക. മതബോധനകേന്ദ്രത്തിൽനിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് യൂണിറ്റ് വിസിറ്റ് നടത്തുമല്ലോ. വിലയിരുത്തലുകൾ ആത്മാർത്ഥമായും കൃത്യമായും നടത്തുന്നതിനും യൂണിറ്റുവിസിറ്റിനെ സംബന്ധിച്ച ഫോമുകൾ ശ്രദ്ധാപൂർവ്വം പൂരിപ്പിക്കുന്നതിനും യൂണിറ്റ് വിസിറ്റിനുള്ള അംഗങ്ങൾ വീഴ്ചവരുത്തരുത്. എങ്കിലേ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനാകൂ. പൂരിപ്പിച്ച ഫോമുകൾ നിശ്ചിതസമയത്തിനുള്ളിൽ മതബോധനകേന്ദ്രത്തിൽ ഏല്പിക്കുന്നതിന് പ്രധാനാധ്യാപകർ ശ്രദ്ധിക്കുമല്ലോ.

2. **Catechism Teachers' Day :** മതാധ്യാപകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ നവംബർ 4-നാണല്ലോ. യൂണിറ്റുകളിൽ നവംബർ 8 മതാധ്യാപകദിനമായി ആചരിക്കുക. വി. ചാൾസ് ബൊറോമിയയെപ്പറ്റി ജനങ്ങൾക്കും കുട്ടികൾക്കും ഒരു ലഘു ചരിത്രം ലഭിക്കത്തക്കവിധത്തിൽ മതാധ്യാപകദിനം സംവിധാനം ചെയ്യുക. മതാധ്യാപകരുടെ ദൗത്യത്തേയും ഉത്തരവാദിത്തത്തേയും സംബന്ധിച്ച് ബോധവത്കരണദിനമായി ആചരിക്കുക. മതബോധനവിദ്യാർത്ഥികൾ മതാദ്ധ്യാപകരെ ആദരിക്കുവാനും മതാധ്യാപകരും മതബോധനവിദ്യാർത്ഥികളും വിശുദ്ധ ചാൾസ് ബോറോമിയായുടെ ജീവിതത്തെ കൂടുതൽ പഠിക്കുവാനും അനുകരിക്കുവാനും സഹായിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

3. **Manuscript Magazine:** മതബോധന വിദ്യാർത്ഥികൾ തയ്യാറാക്കിയ കയ്യെഴുത്തുമാസിക (Manuscript Magazine) അതിരൂപത മതബോധനകേന്ദ്രത്തിൽ സമർപ്പിക്കേണ്ട അവസാന തിയ്യതി നവംബർ 10. കയ്യെഴുത്തു

മാസിക തയ്യാറാക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾക്ക് വാർഷിക പ്രോഗ്രാം പേജ് 24 കാണുക.

**4. മിശിഹായുടെ രാജത്വത്തിരുനാൾ – നവംബർ 22 ഞായർ :** പതാക ഉയർത്തി എല്ലാ യൂണിറ്റുകളിലും ആഘോഷമായ ദിവ്യബലി യോടും ക്രിസ്തുരാജ റാലിയോടും കൂടി ഈ തിരുനാൾ സമുചിതമായി ആഘോഷിക്കുന്നത് യേശു രാജാധിരാജനാണ് എന്നത് കുട്ടികളുടെ മനസ്സിൽ ആഴമായി പതിയുന്നതിന് സഹായകമായിരിക്കും.

**5. Aptitude Examination for Teachers :** അതിരൂപതയിലെ എല്ലാ മതാധ്യാപകരും Aptitude Examination എഴുതേണ്ടതാണ്. അതിരൂപത യിൽ മതാധ്യാപക ശുശ്രൂഷ ചെയ്യുന്നവർ Aptitude Examination -ൽ വിജയിക്കേണ്ടതാണ്. (വാർഷികപ്രോഗ്രാം പേജ് 37 കാണുക)

A). യൂണിറ്റുതല പരീക്ഷ: 2015 ഡിസംബർ 6 ഞായർ, 3 PM – 4 PM. നിശ്ച യിച്ചിരിക്കുന്ന ഈ സമയത്തുതന്നെ പരീക്ഷ നിർബന്ധമായും നടത്തേ ണ്ടതാണ്. പുസ്തകത്തിൽ പറഞ്ഞതുപോലെ 4.30 PM അല്ല.

B). യൂണിറ്റുതലത്തിൽ പരീക്ഷ എഴുതിയ എല്ലാ അധ്യാപകരുടേയും ഉത്ത രകടലാസ്സുകൾ അതാത് യൂണിറ്റിൽ വികാരിയച്ചന്റെ / ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ മൂല്യനിർണ്ണയം ചെയ്തതിനു ശേഷം ഹെഡ്മാസ്റ്റർ മത ബോധനകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. മൂല്യനിർണ്ണയത്തിന് ഉത്തര സൂചിക മതബോധനകേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

C) യൂണിറ്റുതല പരീക്ഷയ്ക്കുശേഷം എല്ലാ അധ്യാപകരുടേയും പേരോടു കൂടിയ **Mark List മതബോധനകേന്ദ്രത്തിൽ ലഭിക്കേണ്ട അവസാന തിയതി: December 20**

D) അതിരൂപതാതല പരീക്ഷ: 2015 ഡിസംബർ 20 ഞായർ, 2.30 PM – 4.30 PM (മതബോധനകേന്ദ്രത്തിൽ).

E) യൂണിറ്റുതലത്തിൽ പരീക്ഷ നടത്തുന്നതിനു ആവശ്യമായ ചോദ്യപേപ്പറും ഫോമുകളും നവംബർ 28 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും കൊണ്ടുപോകാവുന്നതാണ്.

F) Aptitude Examination Text Book “രക്ഷ - ക്രൈസ്തവദർശനത്തിൽ” മതബോധനകേന്ദ്രത്തിൽ നിന്നും സൗജന്യമായി ലഭ്യമാണ്. ഇത് എല്ലാ മതാദ്ധ്യാപകർക്കും ഹെഡ്മാസ്റ്റർ/ സെക്രട്ടറി വിതരണം ചെയ്യേണ്ട താണ്.

G) ഈ പുസ്തകത്തിന്റെ 4, 5, 6 ഒഴികെയുള്ള എല്ലാ അധ്യായങ്ങളും യൂണി

റ്റുതല പരീക്ഷയ്ക്ക് പാഠ്യവിഷയമാണ്. എല്ലാ അധ്യാപകരും പരീക്ഷ നിർബന്ധമായി എഴുതി വിജയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

H) അതിരൂപതാതല പരീക്ഷയുടെ പാഠ്യവിഷയം പുസ്തകം മുഴുവനുമാണ്.

I) യൂണിറ്റിൽനിന്ന് ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന ഒരു വ്യക്തിക്കു മാത്രമേ അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

J) Aptitude Examination Text Book ലെ ഉള്ളടക്കം കൂടുതൽ മനസ്സിലാക്കുന്നതിന് **2015 നവംബർ 22 ഞായർ** 2 മുതൽ 5 മണിവരെ ഗ്രന്ഥകർത്താവായ റവ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കലിന്റെ ക്ലാസ്സ് മതബോധനകേന്ദ്രത്തിൽ (DBCLC)ഒരുക്കിയിട്ടുണ്ട്. അധ്യാപകർക്ക് സ്വാഗതം.

K) യൂണിറ്റുതലത്തിൽ നിശ്ചിത ദിവസം പരീക്ഷ എഴുതാത്ത അധ്യാപകർക്കും തോറ്റവർക്കും Re-Examination നടത്തുന്നതാണ്. ഇത് 2016 ജനുവരി 3 ന് മതബോധനകേന്ദ്രത്തിൽ വെച്ച് ഉച്ചതിരിഞ്ഞ് 3 മുതൽ 4 വരെ നടത്തുന്നതാണ്.

**6. മതബോധനകേന്ദ്രത്തിലേക്ക് ലഭിക്കേണ്ട ലിസ്റ്റുകളും മറ്റും ലഭിച്ചു എന്ന് ഉറപ്പുവരുത്തുക**

1. Std. XII Students Final List
2. ACC University Resgistration Form (Individual)
3. Std. XII & ACC Teachers List
4. Half Yearly Exam.Mark List of Std. XII Students

**7. Service Award**

| | | |
|---|---|---|
| 1. Blaisy Joseph | 15 Years | Pangarappilly |
| 2. James K. M. | 25 Years | Pangarappilly |

സസ്നേഹം,

Fr. Tens Kunnappilly
Fr. Jijo Kappilamnirappel
(Asst. Directors)

Fr. Raphael Akkamattathil
Director

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

## Correspondence Theology Course:

**നവംബർ മാസത്തിലെ ക്ലാസ്സുകൾ** 08, നവംബർ 29 എന്നീ തിയ്യതികളിൽ ഉച്ചതിരിഞ്ഞ് 2 മണി മുതൽ 5 മണി വരെ ആയിരിക്കും.

**Re-Examination**: പരീക്ഷകൾ എഴുതാത്തവർക്കും പരീക്ഷയിൽ തോറ്റവർക്കും വേണ്ടിയുള്ള പരീക്ഷകൾ താഴെക്കണുന്ന തിയതികളിൽ നടത്തുന്നതാണ്.

November 7, 10.00 AM - 12.00; 2.00 PM - 4.00 PM
November 10, 10.00 AM - 12.00; 2.00 PM - 4.00 PM
November 14, 2.00 PM - 4.00 PM
November 15, 2.00 PM - 4.00 PM

## Comprehensive Oral Examination:

കോഴ്സ് പൂർത്തിയാക്കിയവരുടെ Comprehensive Examinations താഴെക്കണുന്ന സമയത്ത് നടത്തുന്നതാണ്.Comprehensive Oral Examination : November 21, 9.30 AM - 1.00 PM Comprehensive Written Examination November 28, 2.00 PM - 5.00 PM

## New batch of B.A in Theology and Religious Studies

യൂറോപ്പിലെ Catholic University of Leuven, Belgium - വുമായി അഫീലിയേറ്റ് ചെയ്തിരിക്കുന്ന മൂന്നു വർഷത്തെ B.A. in Theology and Religious Studies Course-ന്റെ പുതിയ ബാച്ച് 2016 ജനുവരി 3 ാം തിയ്യതി ഞായറാഴ്ച ആരംഭിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ 2015 ഡസംബർ 12 ാം തിയ്യതി 2.30 PM - 4.30 PM വരെ നടക്കുന്ന Entrance Exam ൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. എല്ലാ ഞായറാഴ്ചകളിലും (2 PM മുതൽ 5 PMവരെയും) രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30 AM മുതൽ 5 PM വരെയും ആയിരിക്കും ക്ലാസ്സുകൾ. വിശ്വാസബോധ്യങ്ങളിൽ ആഴപ്പെടാൻ ആഗ്രഹമുള്ള, നിശ്ചിതവിദ്യാഭ്യാസയോഗ്യതയുള്ള എല്ലാ അത്മായർക്കും സന്യസ്തർക്കും സ്വാഗതം.

റിട്ടയേർഡ് ഉദ്യോഗസ്ഥർക്കും, അദ്ധ്യാപകർക്കും, മതബോധന അദ്ധ്യാപകർക്കും, ഈ കോഴ്സ് കൂടുതൽ സൗകര്യപ്രദമായിരിക്കും.

**Conditions and requirements to join in B.A. in Theology and Religious Studies:**

- No age limit for admission.
- Open to all **who have a Bachelor degree or equivalent in any secular topics** and who want to deepen Christian faith.
- Candidates need to pass the Entrance Examination conducted by the Institute of Theology Thrissur.
- Medium of Teaching : English;
- Course Fees Rs. 2000/- per year.

**Nature of the Course:**

- B. A Theology Study Programme is equivalent to 180 Credit Points in three years.
- A Credit Point is 15 study hours.
- The Credits could be attained by attending the Classes of each Subject, Seminars, writing assignments and book reviews suggested by the Institute, annual paper and a dissertation work presented to the Faculty of Theology, Catholic University of Leuven (K.U.L) Belgium.

For more details, contact the office :

Institute of Theology
DBCLC, Archbishop's House, Trichur 680 005,
Phone: (0487) 2333245
E-mail: Institute.of.theology@gmail.com

സസ്നേഹം,

**Fr Rapheal Akkmattathil**
**Director.**

# മേരി മാതാ മേജർ സെമിനാരി

## ഡീക്കന്മാർ പഞ്ചാബിലേക്ക്

ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുവാനുള്ള 24 ഡീക്കന്മാർ തങ്ങളുടെ പരീക്ഷകളെല്ലാം പൂർത്തിയാക്കി ഒരു മാസത്തെ മിഷൻ അനുഭവത്തിനായി സെപ്തംബർ 19ന് പഞ്ചാബിലേക്ക് യാത്രയായി. സി.എസ്.ടി. പഞ്ചാബ് പ്രൊവിൻസ് സഭാംഗങ്ങളാണ് മിഷൻ അനുഭവത്തിനു സഹായവും നേതൃത്വവും നൽകിയത്. മിസ്സിയോളജി കോഴ്സും മിഷൻ അനുഭവവും പൂർത്തിയാക്കി ഒക്ടോബർ 18ന് അവർ വീണ്ടും സെമിനാരിയിൽ തിരിച്ചെത്തും.

## വർക്ക് എക്സ്പീരിയൻസ് പ്രോഗ്രാം

മേരിമാതാ സെമിനാരിയുടെ ആരംഭം മുതൽ നടത്തിവരുന്ന ഒരാഴ്ച നീണ്ടുനിൽക്കുന്ന വർക്ക് എക്സ്പീരിയൻസ് പരിപാടിയുമായി എല്ലാ ബാച്ചിലും ചെറിയ ഗ്രൂപ്പുകളായി 14 സ്ഥലങ്ങളിലേക്ക് സെപ്റ്റംബർ അവസാന ആഴ്ചയിൽ യാത്രയായി. അദ്ധ്വാനിച്ച് ജോലിച്ചെയ്ത് സാധാരണ മനുഷ്യജീവിതത്തിന്റെ അനുഭവങ്ങൾ തീവ്രതയിൽ സ്വന്തമാക്കുവാൻ ഉൾപ്പെടുന്ന സഹോദരന്മാർക്ക് ഈ അവസരം പ്രയോജനമായി. ഇതിന്റെ അനുഭവങ്ങൾ വിലയിരുത്തി പ്രായോഗിക കർമ്മ പദ്ധതികൾക്ക് പിന്നീട് രൂപം നൽകുന്നതാണ്.

## വാർഷിക ധ്യാനം

അവധി കഴിഞ്ഞ് തിരിച്ചെത്തി പുതിയ സെമസ്റ്റർ ആരംഭിക്കുന്നതിനു ഒരുക്കമായി പതിവുപോലെ ഈ വർഷവും ഒക്ടോബർ 11-15 തീയതികളിലായി വാർഷിക ധ്യാനം നടത്തപ്പെട്ടു. ബഹു. ജോസഫ് പാംപ്ലാനി അച്ചനാണ് നേതൃത്വം നൽകിയത്. വൈദിക ജീവിതത്തിന്റെ വ്യത്യസ്തങ്ങളായ മേഖലകളെക്കുറിച്ചുള്ള അച്ചന്റെ വചനചിന്തകൾ ചിന്തോദ്ദീപകവും പ്രയോജനപ്രദവുമായിരുന്നു പുത്തനുണർവ്വോടെ വൈദിക പരിശീലനത്തിൽ മുന്നോട്ടു പോകുവാൻ വാർഷിക ധ്യാനം ഏറെ പ്രയോജനപ്രദമായി.

## മിഷൻ ഡേ

മിഷൻ ഞായറിനോടനുബന്ധിച്ച് മേരിമാതാ സെമിനാരിയിൽ മിഷൻ ഡേ ആചരിച്ചു. ഒക്ടോബർ 22നു മിഷൻ അനുഭവം പങ്കുവെയ്ക്കുന്ന അവസരവും വിവിധങ്ങളായ കൊച്ചുപരിപാടികളിലൂടെ മിഷനായി ധനശേഖരണം നടത്തുന്ന പരിപാടികളും ഈ വർഷവും ഊർജ്ജിതമായി നടന്നു. മിഷിനറി ചൈതന്യം വൈദിക വിദ്യാർത്ഥികളിൽ രൂപം കൊടുക്കുവാൻ മിഷൻ ഡേ അവസരം ഏറെ പ്രയോജനപ്പെട്ടു.

**ഡീക്കന്മാരുടെ മാതാപിതാക്കളുടെ സംഗമം**

ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെ മാതാപിതാക്കളുടെ സംഗമം ഒക്ടോബർ 24നു സമുചിതമായി നടന്നു. റെക്ടറച്ചന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയും ഉച്ചഭക്ഷണത്തിനുശേഷം നടന്ന കുടുംബയോഗവും ഏറെ ഹൃദ്യമായിരുന്നു. മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് പരിശീലനം നൽകിയ സെമിനാരി അധികാരികളോട് നന്ദി പ്രകാശിപ്പിച്ചു. വൈദികരുടെ ജീവിതത്തിൽ മാതാപിതാക്കൾക്കുള്ള വലിയ സ്ഥാനത്തെക്കുറിച്ച് റെക്ടറച്ചൻ ഓർമ്മിപ്പിച്ചു. മൂന്നുമണിയോടുകൂടി ഈ സംഗമം അവസാനിച്ചു.

**ജപമാല ആചരണം**

ഒക്ടോബർ മാസത്തിലെ അവസാന പത്തുദിവസം ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവച്ചുകൊണ്ടുള്ള ആഘോഷമായ ജപമാല ആചരണം സെമിനാരിയിൽ നടത്തുകയുണ്ടായി. വിവിധ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നടത്തിയ ജപമാല ആചരണം ഏറെ അനുഗ്രഹപ്രദമായിരുന്നു. 30-ാം തീയതി നടന്ന ആഘോഷമായ ജപമാല പ്രദക്ഷിണത്തോടെ ജപമാല ആചരണത്തിനു സമാപനം കുറിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

**Individual Benefactor Membership**

1 ശ്രീ. അബ്രോ റിജോയ്, കടച്ചീനി ഹൗസ്, കാക്കനാട്, കൊച്ചി

2. ശ്രീ ഗോഗുലൻ വി. വെളുത്തേടത്ത് ഹൗസ്, തിരൂർ

3. ശ്രീ. പി. കെ. തോമസ് പുന്നോലിപറമ്പിൽ ഹൗസ്, കൊമ്പടിഞ്ഞാമാക്കൽ

**Institutional Well Wisher Membership**

1. റെവ. സുപ്പീരിയർ ജനറൽ സി.എസ്.എം., കൃപാഭവൻ ജനറലേറ്റ്, മണ്ണംപേട്ട

**Individual Well Wisher Membership**

1. ശ്രീമതി എമിലി ഫ്രാൻസീസ്, അറങ്ങാശ്ശേരി ഹൗസ്, കിരാലൂർ

2. ശ്രീ. പി. എ. ഫ്രാൻസീസ്, പെല്ലിശ്ശേരി ഹൗസ്, അമ്മാടം

(റെക്ടർ)

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

### റീജൻസി ബ്രദേഴ്സ് പുതിയ ശുശ്രൂഷാ രംഗങ്ങളിലേക്ക്

നിയോഗിക്കപ്പെട്ടിരുന്ന സ്ഥലങ്ങളിൽ 6 മാസത്തെ ശുശ്രൂഷകൾ പൂർത്തിയാക്കി സെപ്തംബർ 29-ാം തിയതി മുതൽ പുതിയ ചുമതലകൾ ഏറ്റെടുത്ത് റീജൻസിക്കാർ തങ്ങളുടെ ശുശ്രൂഷകൾ തുടരുന്നു. 2016 മാർച്ച് 29നാണ് ഈ ബാച്ചിന്റെ റീജൻസി അവസാനിക്കുക.

### മാർ റാഫേൽ തട്ടിൽ പിതാവിന്റെ നാമഹേതുക തിരുനാൾ

വിശുദ്ധ റാഫേൽ മാലാഖയുടെ സ്വർഗ്ഗീയ മാദ്ധ്യസ്ഥം സ്വന്തമായുള്ള അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് നാമഹേതുക തിരുനാളിനോടനുബന്ധിച്ച് സെപ്തംബർ 30-ാം തിയതി സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിച്ച് തിരുവചന സന്ദേശം നൽകി. അന്നേ ദിവസം ഞങ്ങളെല്ലാവരും അഭിവന്ദ്യപിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അദ്ദേഹത്തിന് തിരുനാൾ മംഗങ്ങളങ്ങൾ ആശംസിക്കുകയും ചെയ്തു

### ജപമാലമാസാചരണം

ജപമാല മാസാചരണത്തോടനുബന്ധിച്ചുള്ള പത്തുദിവസത്തെ പരിശുദ്ധ കുർബ്ബാനയുടെ ആശീർവ്വാദത്തോടുകൂടിയുള്ള ജപമാല സമർപ്പണം ഒക്ടോബർ 1 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ നടത്തി. ഓരോരുത്തരും കൂടുതലായി ജപമാല ചൊല്ലി വിവിധ നിയോഗങ്ങൾക്കായി കാഴ്ചവെയ്ക്കുകയും ചെയ്തു.

### കലാകായിക മത്സരങ്ങൾ

ഹോം ഡേയോടനുബന്ധിച്ച് ഒക്ടോബർ 3-ാം തിയതി കലാമത്സരങ്ങളും 17-ാം തിയതി കായിക മത്സരങ്ങളും നടത്തപ്പെട്ടു. നവംബർ 7-ാം തിയതിയാണ് ഹോം ഡേ.

### മാസധ്യാനം

ഡിഗ്രിപഠനത്തിലായിരിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള മാസധ്യാനം ഒക്ടോബർ 9, 10 തിയതികളിൽ നടന്നു. ബഹു. ലിജോ ചിറ്റിലപ്പിള്ളിയച്ചനണാധ്യാനത്തിന് വിചിന്തനങ്ങൾ നൽകിയത്.

### മിഷൻ ദിനാചരണം

ആഗോളമിഷൻ ഞായാറാഴ്ചയാചരണത്തോടനുബന്ധിച്ച് ഒക്ടോബർ 11-ാം തിയതി മിഷൻദിനമായി ആചരിച്ചു. അന്നേദിവസം മിഷനറിമാർക്കും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. അന്നേ ദിവസം നടത്തപ്പെട്ട മിഷൻ ഫെസ്റ്റ് ബഹു. സെബി ചിറ്റിലപ്പിള്ളിയച്ചൻ ഉദ്ഘാ

ടനം ചെയ്തു. വൈകീട്ട് ബഹു. ജോയ് മൂക്കനച്ചൻ പ്രചോദനാത്മകമായ മിഷൻ സന്ദേശം നൽകുകയും മിഷൻ ഫണ്ടുശേഖരണത്തിനായി സംഘടിപ്പിച്ചിരുന്ന ലേലം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

**വാർഷിക ധ്യാനം**

മൈനർ സെമിനാരിക്കാർക്കും റീജൻസിക്കാർക്കുമായിട്ടുള്ള വാർഷിക ധ്യാനം ഒക്ടോബർ 21 മുതൽ 25 വരെയുള്ള ദിവസങ്ങളിലായിരുന്നു. ബഹു. ഫാ. ജിജോ പുതുശ്ശേരി Ofm. Cap. ആണ് ധ്യാനം നയിച്ചത്.

**ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ**

ഈ വർഷവും 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായി ഏകദിന ജീവിതമാർഗ്ഗ ദർശന സെമിനാറുകൾ മൈനർ സെമിനാരിയിൽ വച്ചു സംഘടിപ്പിക്കുന്നു. നവംബർ 21-ാം തിയതി 8-ാം ക്ലാസ്സിലെയും നവംബർ 28-ാം തിയതി 9-ാം ക്ലാസ്സിലെയും കുട്ടികൾക്കായിരിക്കും സെമിനാർ നടത്തുക. രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 4 വരെയാണ് സമയം. താല്പര്യമുള്ള കുട്ടികളെ സെമിനാറിൽ പങ്കെടുക്കാൻ ഒരുക്കിവിടാൻ ബഹു. വികാരിയച്ചന്മാരും കൊച്ചച്ചന്മാരും മതബോധനാദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ജേക്കബ് എൻ. പാട്ടശ്ശേരി ഹൗസ്, മിനി നഗർ, മുക്കാട്ടുകര

2. ശ്രീമതി പി.എൽ മേരി W/o ശ്രീ. ജേക്കബ് എൻ. പാട്ടശ്ശേരി ഹൗസ്, മിനി നഗർ, മുക്കാട്ടുകര.

3. ശ്രീ. ജേക്കബ് ജോസ്, ശ്രീമതി ദിവ്യ ജേക്കബ് & ബേബി ജോവാൻ ജേക്കബ്ബ്, മേരി വില്ല, എഴുത്തച്ഛൻ നഗർ, തൃശ്ശൂർ നോർത്ത്

4. ശ്രീമതി പി വി. റോസിലി, പുലിക്കോട്ടിൽ ഹൗസ്, പാവറട്ടി

5. ശ്രീ.കെ. പി. ജോർജ്ജ് & ശ്രീമതി റെജീന ജോർജ്ജ്, പൊറത്തൂർ കിട്ടൻ ഹൗസ്, പഴുവിൽ വെസ്റ്റ്.

6. വെരി. റവ. സിസ്റ്റർ പ്രൊവൻഷ്യൽ, നിർമ്മൽ റാണി അഡോറേഷൻ പ്രൊവിൻഷ്യൽ ഹൗസ്, ചേറ്റുപുഴ.

7. ശ്രീ. കെ. എൽ ഔസേപ്പ്, കവലക്കാടൻ ഹൗസ്, ആലേങ്ങാട്ട് കല്ലൂർ

8. ശ്രീമതി ആലീസ് ഔസേപ്പ്, W/o ശ്രീ. കെ. എൽ. ഔസേപ്പ്, കവലക്കാടൻ ഹൗസ്, ആലേങ്ങാട്, കല്ലൂർ

പ്രാർത്ഥന കൊണ്ടും ത്യാഗപൂർണ്ണമായ സംഭാവനകൾകൊണ്ടും ഈശോയുടെ സഭയെയും സഭാശുശ്രൂഷകരെയും പിന്തുണയ്ക്കുന്ന എല്ലാവരേയും അവിടുന്ന് അനുഗ്രഹിക്കട്ടെ

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ**

| | | |
|---|---|---|
| നവംബർ 1 (ഞായർ) | - | കേരളപ്പിറവി ദിനം, സകലവിശുദ്ധരുടെയും തിരുനാൾ |
| നവംബർ 2 (തിങ്കൾ) | - | സകല മരിച്ചവരുടെയും ഓർമ്മദിനം |
| നവംബർ 6 (വെള്ളി) | - | ആദ്യവെള്ളി, വി. കുർബ്ബാന |
| നവംബർ 7 (ശനി) | - | സി.വി. രാമൻ ദിനം, ദേശീയ ശാസ്ത്രദിനം |
| നവംബർ 10 (ചൊവ്വ) | - | ദീപാവലി |
| നവംബർ 14 (ശനി) | - | ശിശുദിനം, ജവഹർലാൽ നെഹ്റു ജന്മദിനം |
| നവംബർ 19 (വ്യാഴം) | - | പൗരദിനം, ഇന്ദിരാഗാന്ധി ജന്മദിനം |
| നവംബർ 24 (ചൊവ്വ) | - | എൻ.സി. സി. ദിനം |
| നവംബർ 30 (തിങ്കൾ) | - | വി. അന്ത്രയോസ് ശ്ലീഹാ തിരുനാൾ |

**2. ശിശുദിനം**

നവംബർ 14ന് ശനിയാഴ്ച ശിശുദിനമാണ്. എല്ലാ വിദ്യാലയങ്ങളിലും ശിശുദിനം സമുചിതമായി ആഘോഷിയ്ക്കുമല്ലോ. അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക പരിപാടികൾ നടത്തുന്നത് ശ്ലാഘനീയമാണ്. എല്ലാ കുഞ്ഞുമക്കൾക്കും ശിശുദിനാശംസകൾ!

**3. നാമഹേതുക തിരുനാൾ**

നവംബർ 30ന് തിങ്കളാഴ്ച നമ്മുടെ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുക തിരുനാളാണ്. അന്നേ ദിവസം അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും പിതാവിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. അഭിവന്ദ്യപിതാവിന് അതിരൂപതയിലെ എല്ലാ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രാർത്ഥനാനിർഭരമായ തിരുനാൾ ആശംസകൾ!

**4. വിദ്യാലയ സന്ദർശനം**

അതിരൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളും സന്ദർശിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാവരേയും പരിചയപ്പെടുക, വിദ്യാലയത്തിന്റെ സാഹചര്യങ്ങളും ആവശ്യങ്ങളും മനസ്സിലാക്കുക, അദ്ധ്യാപക- അനദ്ധ്യാപക സ്റ്റാഫിന്റെ ആവശ്യങ്ങളും അഭി

പ്രായങ്ങളും മനസ്സിലാക്കുക, എന്നിവയിലാണ് ഈ സൗഹൃദ സന്ദർശനത്തിന്റെ ലക്ഷ്യം. കോർപ്പറേറ്റ് മാനേജർ വരുന്ന ദിവസം ഓഫീസിൽ നിന്നും നിങ്ങളെ അറിയിക്കുന്നതാണ്.

**മാനേജർ – പ്രിൻസിപ്പാൾ യോഗം**

തൃശ്ശൂർ അതിരൂപതയിലെ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകലിലെ (HSS, H.S., UP) മാനേജർമാരുടെയും പ്രിൻസിപ്പൾമാരുടേയും ഹെഡ്മാസ്റ്റർമാരുടെയും ഒരു യോഗം നവംബർ 6ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് അരമന ഓഡിറ്റോറിയത്തിൽവെച്ച് കൂടുന്നതാണ്. നമ്മുടെ വിദ്യാലയങ്ങളിൽ നടത്താവുന്ന തൊഴിലധിഷ്ഠിത കോഴ്സുകളെപ്പറ്റി വിദഗ്ദ്ധരുടെ ക്ലാസ്സുകളും ചർച്ചകളും ഈ യോഗത്തിൽ ഉണ്ടായിരിക്കും. അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ഈ യോഗത്തിലേക്ക് എല്ലാവരേയും പ്രത്യേകം ക്ഷണിക്കുന്നു.

ഫാ. ആന്റണി ചെമ്പകശ്ശേരി

കോർപ്പറേറ്റ് മാനേജർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ

## സെന്റ് തോമസ് കോളേജിൽ ജാം കോച്ചിംഗ്

സെന്റ് തോമസ് കോളേജിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെയും ടീച്ചേഴ്സ് ഓഫ് ഫിസിക്സ് ഇൻ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെയും (ടോപിക്) സംയുക്താഭിമുഖ്യത്തിൽ മൂന്നാംവർഷ ബിരുദ വിദ്യാർത്ഥികൾക്കുള്ള ജാം പരീക്ഷ കോച്ചിംഗിന്റെ ഔപചാരിക ഉദ്ഘാടനം സെന്റ് തോമസ് കോളേജിൽ നടന്നു.

എം.എസ്.സി., ഇന്റഗ്രേറ്റഡ് പി.എച്ച്.ഡി. തുടങ്ങിയ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ പ്രവേശന പരീക്ഷയായ ജാമിന്റെ സ്കോർ നോക്കിയാണ് ഐ.ഐ.ടി., സെൻട്രൽ യൂണിവേഴ്സിറ്റി തുടങ്ങിയ ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നത്. ഔദ്യോഗികമായ ഉദ്ഘാടനം കോളേജ് മാനേജർ മാർ ഡോ. റാഫേൽ തട്ടിൽ നിർവഹിച്ചു. വൈസ് പ്രിൻസിപ്പാൾ ഫാ. ബൈജു ചാക്കേരി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള സ്റ്റേറ്റ് ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ ആന്റ് സേഫ്റ്റി ഡയറക്ടർ ഡോ. ഡേവിസ് മുഖ്യപ്രഭാഷണം നടത്തി. കോളേജ് പി.ആർ.ഒ. ഡോ. ഡെയ്സൺ പാണേങ്ങാടൻ സ്വാഗതവും പ്രഫ. പി.എം. ജോയി നന്ദിയും പറഞ്ഞു. ടോപിക് ജനറൽ സെക്രട്ടറി ഡോ. ഷാജു കെ.വൈ., ഡോ. ഇ.ഡി. ഡയസ്, പ്രഫ. വർഗ്ഗീസ് പി. കോടങ്കണ്ടത്ത് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

### സെന്റ് തോമസ് കോളേജിലെ ഗണിതശാസ്ത്ര വിഭാഗം – ഇനി ഗവേഷണ വിഭാഗം

സെന്റ് തോമസ് കോളേജിലെ ഗണിതശാസ്ത്ര വിഭാഗത്തിൽ ഇനി വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്താം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഗവേഷണ വിഭാഗമായി, ഗണിതശാസ്ത്ര വിഭാഗത്തെ അംഗീകരിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രോ–വൈസ് ചാൻസലർ പ്രഫ.കെ. രവീന്ദ്രനാഥ് മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽവച്ച് ഇതിന്റെ ഔപചാരിക ഉദ്ഘാടനം കോളേജ് മാനേജർ മാർ ഡോ. റാഫേൽ തട്ടിൽ നിർവഹിച്ചു. ഇതോടനുബന്ധിച്ച് ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കായി ഡോ. തോമസ് മൂത്തേടൻ ലക്ചറർ സീരിസ് സംഘടിപ്പിച്ചു. പ്രഫ. കിരൺകുമാർ ക്ലാസ് നയിച്ചു. ക്രൈസ്റ്റ് എഞ്ചിനിയറിംഗ് കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ. പി.എൽ. ആന്റണി, കോളേജ് റിസർച്ച് കൗൺസിൽ കൺവീനർ ഡോ. ജോബി തോമസ് എന്നിവർ ആശംസകളർപ്പിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി പ്രഫ. സി.ഐ. തോമസ് സ്വാഗതവും കോഡിനേറ്റർ ഡോ. സി. അൽഫോൻസ നന്ദിയും പറഞ്ഞു.

**സെന്റ് തോമസ് കോളേജിൽ രസതന്ത്രവിഭാഗം- ദ്വിദിന ദേശീയ ശിൽപശാല**

തൃശൂർ സെന്റ് തോമസ് കോളേജ് രസതന്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 28, 29 തീയതികളിൽ കമ്പ്യൂട്ടേഷണൽ ക്വാണ്ടം മെക്കാനിക്സ് ആന്റ് മോളികുലാർ ഡിസൈനിംഗ് എന്ന വിഷയത്തിൽ ദേശീയ ശിൽപശാല സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. ജെൻസൺ പി.ഒ. അദ്ധ്യക്ഷത വഹിച്ച ചടങ്ങ് മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഡോ. വി. കുമാർ (സിമാറ്റ് തൃശൂർ), ഡോ. കൃഷ്ണമോഹൻ ജി.പി. (എൻഐഐഎസ്ടി, തിരുവനന്തപുരം), ഡോ. രശ്മി എം.ആർ, പ്രൊഫ. റോയ് കെ.ബി. (എസ്എൻജിഎസ്, പട്ടാമ്പി), ഡോ. ജോബി തോമസ് കെ. (ഹെഡ്, കെമിസ്ട്രി ഡിപ്പാർട്ട്മെന്റ്), ഡോ. സുനിൽ ജോസ് ടി. (അസി. പ്രൊഫസർ, കെമിസ്ട്രി) എന്നിവർ ശിൽപശാലയ്ക്ക് നേതൃത്വം നൽകി. തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ വിവിധ കോളേജുകളിൽ നിന്നുള്ള അദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു.

**സെന്റ് തോമസ് കോളേജ് കായികവിഭാഗത്തിന് യൂണിവേഴ്സിറ്റി നേട്ടം**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 2015-16 അദ്ധ്യയനവർഷത്തെ സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പ് സെന്റ് തോമസ് കോളേജ് കരസ്ഥമാക്കി. തൃശൂർ വിമല കോളേജിൽ നടന്ന സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പിൽ ബിനു ഐസക് വ്യക്തിഗത ചാമ്പ്യനായി. പെരിന്തൽമണ്ണ എസ്.എൻ. കോളേജിൽ വച്ചു നടന്ന യൂണിവേഴ്സിറ്റി ചെസ് ചാമ്പ്യൻഷിപ്പിൽ സെന്റ് തോമസ് കോളേജ് ടീം ചാമ്പ്യന്മാരായി. നിധിഷ മധു വ്യക്തിഗത ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. കാലിക്കറ്റ് യൂണിവേഴ്സിറ്റി വാട്ടർപോളോ ചാമ്പ്യൻഷിപ്പിൽ സെന്റ് തോമസ് കോളേജ് ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഫാ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**കാൻ ക്വിസ് മത്സരം (14/09/2015)**

കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റിന്റെ (KAN) ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ അഖില കേരള ക്വിസ് മത്സരം സംഘടിപ്പിച്ചു. ഡോ. ഹരിദാസ് വി. ടി.യും ഡോ. ഫിജു ചാക്കോയും നേതൃത്വം നൽകിയ ക്വിസ്സിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 20 മെഡിക്കൽ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുത്തു. കോലഞ്ചേരി മെഡിക്കൽ കോളേജിലെ ഹരീഷും അപർണയും ഒന്നാം സ്ഥാനവും, ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ സ്നേഹയും ടിസ്സയും രണ്ടാം സ്ഥാനവും, കോട്ടയത്തെ ആദിത്യയും റിനുവും മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കാൻ പ്രസിഡണ്ട് ഡോ. പി. സി. ഗിൽവാസും, സെക്രട്ടറി ഡോ. വിനയൻ കെ. പി.യും, ട്രഷറർ ഡോ. സുരേഷ് കുമാറും സമ്മാനദാനം നിർവ്വഹിച്ചു.

**ലോക ഹൃദയ വാരാചരണം (19.09.2015)**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ലോകഹൃദയദിനാചരണം സൗജന്യ മെഡിക്കൽ ക്യാമ്പുകളോടെ ആരംഭിച്ചു. അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷനായിരുന്നു. ഹൃദയ ആരോഗ്യം നിലനിർത്താൻ അതിനെ കുറിച്ചുള്ള അവബോധം ആവശ്യമാണെന്ന് കാർഡിയോളജി വിഭാഗം തലവൻ ഡോ. ഗേവിന്ദനുണ്ണി മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. പ്രിൻസിപ്പാൾ ഡോ. വി. കെ. രാമൻകുട്ടി, ഫാ. സുനിൽ ചിരിയങ്കണ്ടത്ത് എന്നിവർ പ്രസംഗിച്ചു. ഫാ. ജോബി കടപ്പൂരാൻ, ആന്റോ ടിങ്കിൾ, അനീഷ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം കൊടുത്തു. അവബോധ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ സൗജന്യ രക്തപരിശോധന, രക്തസമ്മർദ്ദപരിശോധന എന്നിവ വാരാചരണത്തിന്റെ ഭാഗമായി നടന്നു.

**ലോക റാബീസ് ദിനം**

ലൂയിപാസ്റ്ററുടെ ചരമദിനമായ സെപ്റ്റംബർ 28-ന് അന്തർദ്ദേശീയ പേവിഷബാധ ബോധവത്ക്കരണദിനമായി ആചരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ജൂബിലിയിലെ മൈക്രോബയോളജി വിഭാഗവും ഗവേഷണ വിഭാഗവും ചേർന്ന് സി.സി.എം. ഹാളിൽ ബോധവൽക്കരണ ക്ലാസും വീഡിയോ പ്രദർശ

നവും സംഘടിപ്പിച്ചു. വൈറോളജിസ്റ്റ് ഡോ. പി. ടി. ഉല്ലാസ് മുഖ്യപ്രഭാഷക നായിരുന്നു. ഡോ. സത്യവതി കെ. എ. ആമുഖപ്രഭാഷണം നടത്തി.

**രക്തദാന ത്തിന് മനുഷ്യചങ്ങല (01.10.2015)**

സന്നദ്ധ രക്തദാനത്തിന്റെ പ്രചരണാർത്ഥം ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റേയും നേഴ്സിങ്ങ് സ്കൂളിന്റേയും ആഭിമുഖ്യത്തിൽ മനുഷ്യച ങ്ങല തീർത്തു. ലോക രക്തദാനദിനത്തോടനുബന്ധിച്ച് നടന്ന ബോധവൽക്ക രണപരിപാടികൾക്കാണ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ സന്നദ്ധ സംഘടനയായ **'ആശ്രയ'** നേതൃത്വം നൽകി യത്. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മുതൽ ലൂർദ്ദ് പള്ളി വരെ വിദ്യാർത്ഥികൾ മനുഷ്യചങ്ങല തീർത്തു. പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ അസി. ഡയറക്ടർ ഫാ. സുനിൽ ചിരിയങ്കണ്ടത്ത് അദ്ധ്യക്ഷത വഹിച്ചു. ആശ്രയ സന്നദ്ധ സംഘനയുടെ പ്രസി ഡണ്ട് നെബു മാത്യു  സുരേഷ്, സെക്രട്ടറി ശ്രീദേവി രവീന്ദ്രൻ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**ജൂബിലി മിഷനിൽ ലോകമാനസികാരോഗ്യ ദിനാചരണം നടന്നു (10.10.2015)**

ലോകമാനസികാരോഗ്യദിനാചരണത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡി ക്കൽ കോളേജ് ആശുപത്രിയിൽ നടന്ന സമ്മേളനം ജൂബിലി മിഷൻ ഡയറ ക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു.  പ്രിൻസി പ്പൽ ഡോ. വി. കെ. രാമൻകുട്ടി അദ്ധ്യക്ഷത വഹിച്ചു.  എല്ലാ രോഗികളോടു മെന്നപോലെ മനോരോഗികളോട് സഹാനഭൂതിയോടെയും ആർദ്രതയോ ടെയും സമീപിക്കാൻ നാമെല്ലാവരും പരിശ്രമിക്കണമെന്ന് യോഗം അഭിപ്രാ യപ്പെട്ടു. 'മാന്യമായ പരിഗണന - മനോരോഗിയുടെ അവകാശമാണ്' എന്ന വിഷയത്തെ ആദ്പദമാക്കി നടന്ന ചർച്ചക്ക് ജൂബിലി മിഷനിലെ മന:ശാസ്ത്ര -മാനസികാരോഗ്യവിദഗ്ധർ നേതൃത്വം നൽകി.  ഡോ. അലക്സ് ജോസ ഫ്, ഡോ. പ്രവീൺ ലാൽ, ഫാ. ജോബി കടപ്പൂരാൻ എന്നിവർ പ്രസംഗിച്ചു.

**ജൂബിലിക്ക് പുതിയ അസിസ്റ്റന്റ് ഡയറക്ടർ**

അസിസ്റ്റന്റ് ഡയറക്ടറായി ചാർജ്ജെടുത്ത ഫാ. റ്റിജോ ജോയ് മുള്ള ക്കരക്ക് ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം.

**അഭിനന്ദനങ്ങൾ .... ആശംസകൾ ....**

- ഡെൽഹിയിൽ നടന്ന ഇൻഡ്യുസെം-2015 -ൽ 'സക്ഷം ചാത്ര പരി തേഷിക്' അവാർഡ് എമർജൻസി മെഡിസിൻ വിഭാഗത്തിലെ അസി. പ്രൊഫസർ ഡോ. വിമൽ കൃഷ്ണൻ നേടി.
- CMAI – യുടെ  DMLT പരീക്ഷയിൽ ജൂബിലിയിലെ രണ്ടാം

വർഷ DMLT വിദ്യാർത്ഥിനി റെസ്സി ഫ്രാൻസീസ് രണ്ടാം റാങ്ക് നേടി.

- AOI – യുടെ (സൗത്ത് സോൺ) 11–മത് സമ്മേളനത്തിൽ 'ഡീപ് നെക്ക് സ്പേസ് ഇൻഫെക്ഷൻ' എന്ന വിഷയത്തെ ആസ്പദമാക്കി പി. ജി. വിദ്യാർത്ഥികൾക്കായി നടന്ന പോസ്റ്റർ പ്രസന്റേഷൻ മത്സരത്തിൽ ജൂബിലിയിലെ ഇ.എൻ.ടി. വിഭാഗത്തിലെ പി. ജി. വിദ്യാർത്ഥി ഡോ. അരുൺ ഒ. ഒന്നാം സ്ഥാനം നേടി.

**പുതിയ ഡോക്ടർമാർ**

- ഡോ. ഡേവിഡ് പുതുക്കാടൻ (ഡിപ്പാർട്ട്മെന്റ് ഓഫ് ഒഫ്ത്താൽമോളജി)
- ഡോ. ബാലമുരളി ജി (ഡിപ്പാർട്ട്മെന്റ് ഓഫ് പിഡിയാട്രിക്സ് സർജറി)
- ഡോ. ശ്യാം ശങ്കർ വർമ്മ (ഡിപ്പാർട്ട്മെന്റ് ഓഫ് നെഫ്രോളജി)

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ❖ യുണൈറ്റെഡ് ചാരിറ്റബിൾ ട്രസ്റ്റ്, പറവട്ടാനി, തൃശ്ശൂർ ( 100 ഡയാലിസിസ്)
- ❖ ശ്രീ. പ്രിൻസ് കവലക്കാട്ട് & ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ (20 ഡയാലിസിസ്)
- ❖ സെന്റ് ആന്റണീസ് ചർച്ച്, (വേദോപദേശ വിദ്യാർത്ഥികൾ), നോർത്ത് കാരമുക്ക്, കണ്ടശ്ശാംകടവ്, തൃശ്ശൂർ (20 ഡയാലിസിസ്)
- ❖ ശ്രീമതി സൈറ ജോൺസൺ, പുതുക്കാടൻ ഹൗസ്, കിഴക്കുംപാട്ടുകര, തൃശ്ശൂർ (20 ഡയാലിസിസ്)
- ❖ മദർ സുപ്പീരിയർ, സെന്റ് ജോസഫ്സ് കോൺവെന്റ്, ചേറൂർ, തൃശ്ശൂർ (80 ഡയാലിസിസ്)
- ❖ ശ്രീ. അജിത് ജോസ് & ദിവ്യ ഡേവിഡ്, പുത്തൂക്കര ഹൗസ്, മുക്കാട്ടുകര, തൃശ്ശൂർ (80 ഡയാലിസിസ്)
- ❖ ശ്രീ. ജോസ് പുത്തൂക്കര, പുത്തൂക്കര ഹൗസ്, മുക്കാട്ടുകര, തൃശ്ശൂർ (80 ഡയാലിസിസ്)
- ❖ മില്ലേനിയം ഗോൾഡ്, ഗ്രൗണ്ട ഫ്ളോർ, വൈറ്റില, എറണാകുളം (80 ഡയാലിസിസ്)
- ❖ സെന്റ് മേരീസ് ചർച്ച്, (മാതൃസംഘം), കണ്ടശ്ശാംകടവ്, തൃശ്ശൂർ

(25 ഡയാലിസിസ്)

- ❖ സെന്റ് ജോസഫ്സ് ചർച്ച്, കുരിയിച്ചിറ, തൃശ്ശൂർ ( 52 ഡയാലിസിസ്)
- ❖ ശ്രീമതി ഷീന ഇ. എസ്, ഫെഡറൽ ബാങ്ക്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ (20 ഡയാലിസിസ്)
- ❖ ശ്രീ. ജിയോ. ജെ, കോച്ചക്കാടൻ, കൊടകര, തൃശ്ശൂർ (34 ഡയാലിസിസ്)
- ❖ പ്രസിഡന്റ്, പല്ലൻ ഫാമിലി അസോസിയേഷൻ, തൃശ്ശൂർ (100 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ❖ ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

- ❖ ശ്രീ. പ്രിൻസ് കവലക്കാട്ട് & ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ
- ❖ ശ്രീമതി നിഷ ഫ്രാൻസിസ്, മാളിയേക്കൽ ഹൗസ്, ഈസ്റ്റ് ഫോർട്ട്, നിയർ നിർമ്മലമാതാ സ്കൂൾ, തൃശ്ശൂർ

**ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# ബൈബിൾ അപ്പസ്തോലേറ്റ്

## ബൈബിൾ വർണ്ണങ്ങൾ 2015

ബൈബിൾ വർണ്ണങ്ങൾ 2015 ചിത്രരചനനാമത്സരത്തിന്റെ ഒന്നാം ഘട്ടം 2015 നവംബർ 1 മുതൽ 15 വരെയുള്ള തിയ്യതികളിൽ ഏതെങ്കിലും സൗകര്യപ്രദമായ ദിവസം LP, UP, HS, HSS എന്നീ നാലു വിഭാഗങ്ങളിലായി അതാതു സ്ക്കൂളുകളിലും രണ്ടാം ഘട്ടം ഓരോ സ്ക്കൂളുകളിലേയും 1,2,3 സ്ഥാനവും പ്രോത്സാഹന സമ്മാനവും ലഭിച്ചവർക്കായി അതിരൂപതതലത്തിൽ 2016 ജനുവരി 2ന് തൃശ്ശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിലും നടത്തുന്നു. ഈ സദുദ്യമത്തിൽ കഴിഞ്ഞവർഷത്തെ പോലെ കഴിയുന്നത്ര കുട്ടികളെ പങ്കെടുപ്പിക്കാൻ അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.....

**നിർദ്ദേശങ്ങൾ:**

1. ജാതിമതഭേദമന്യേ ആർക്കും പങ്കെടുക്കാം.
2. സ്ക്കൂൾ തലത്തിൽ മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് 5 രൂപ രജിസ്ട്രേഷൻ നൽകേണ്ടതാണ്.
3. പെയിന്റിങ്ങിനും പെൻസിൽ ഡ്രോയിങ്ങിനും വ്യത്യസ്ഥമായി മത്സരം നടത്തും.
4. ഒരു കുട്ടിക്ക് ഒരു ഇനത്തിൽ മാത്രമേ മത്സരിക്കാൻ അർഹതയുള്ളു.
5. ബൈബിൾ രംഗങ്ങൾ മാത്രമേ ചിത്രങ്ങൾക്ക് വിഷയമാക്കാവൂ.
6. ഓഫീസിൽ നിന്നും ലഭിക്കുന്ന പേപ്പറിൽ ആയിരിക്കണം ചിത്രങ്ങൾ വരയ്ക്കേണ്ടത്.
7. പങ്കെടുക്കുന്ന കുട്ടികളുടെ വിവരങ്ങൾ നിശ്ചിത ഫോമിൽ എഴുതി രജിസ്ട്രേഷൻ ഫീസടക്കം ഓഫീസിൽ നൽകേണ്ടതാണ്.
8. മത്സരത്തിലെ കലാസൃഷ്ടികളുടെ പൂർണ്ണ അവകാശം തൃശ്ശൂർ ബൈബിൾ അപ്പസ്തോലേറ്റിനായിരിക്കും.
9. മത്സരത്തെ സംബന്ധിച്ചുള്ള ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ബൈബിൾ അപ്പസ്തോലേറ്റുമായി ബന്ധപ്പെടുക: 0487-2320780, 7558937090, 9745878428, 7560812567

**ലോഗോസ് ക്വിസ് – 2015**

അഖിലകേരള ലോഗോസ് ക്വിസ് ഈ വർഷം സെപ്തംബർ 27ന് അതിരൂപതയിലെ 250ഓളം സെന്ററുകളിലായി 60,000ത്തോളം പേരോളം പരീക്ഷയെഴുതി. വചനം പഠിക്കുന്നതിനായി ജീവിതത്തിന്റെ വിലയേറിയ സമയം മാറ്റിവെച്ച മത്സരാർത്ഥികൾക്കും, ഇതിനു പിന്നിൽ നിസ്വാർത്ഥരായി സേവനം ചെയ്ത എല്ലാ വികാരിയച്ചൻമാർക്കും, സിസ്റ്റേഴ്സിനും, എല്ലാ ലോഗോസ് ഇൻ ചാർജ്ജേഴ്സിനും, ബ്രദേഴ്സിനും, അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും സ്നേഹവും പ്രാർത്ഥനകളും...........

തുടർ വർഷങ്ങളിലും ഏവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു....

ലോഗോസ് കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ്

ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ 2, 3 ദിവസങ്ങളിലായി ലോഗോസ് ക്വിസ് മൂല്യനിർണ്ണയ ക്യാമ്പ് നടന്നു. അതിരൂപതയിലെ ഇടവകകളിൽ നിന്ന് രണ്ടു ദിവസങ്ങളിലായി 300 പേരോളം എത്തിചേർന്നു. തിരക്കുകൾ മാറ്റിവെച്ചു മൂല്യനിർണ്ണയ ക്യാമ്പിനെത്തി ചേർന്ന അദ്ധ്യാപകർക്കും, സിസ്റ്റേഴ്സിനും, ബ്രദേഴ്സിനും ബൈബിൾ അപ്പസ്തോലേറ്റിന്റെ ഹൃദയം നിറഞ്ഞ നന്ദി.......

**ലോഗോസ് ഫലപ്രഖ്യാപനം നവംബർ 3ന്....**

ലോഗോസ് ക്വിസ് 2015ന്റെയും ലോഗോസ് അനുബന്ധ മത്സരങ്ങളുടെയും റിസൾട്ടുകൾ നവംബർ 3ന് പ്രഖ്യാപിക്കുന്നു. റിസൾട്ടുകൾ ബൈബിൾ അപ്പസ്തോലേറ്റിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

Web:www.thrissurbibleapostolate.org / www.logosquiz.org

**സംസ്ഥാനതല ലോഗോസ് ക്വിസ് 2015**

രൂപതയിൽ നിന്ന് കൂടുതൽ മാർക്ക് നേടിയ 5 സമർപ്പിതർക്കുവേണ്ടി നവംബർ 27–ാം തിയ്യതി രാവിലെ 10 മുതൽ 11 വരെ നടക്കുന്ന് സമർപ്പിത ലോഗോസ് ക്വിസ് എഴുത്തുപരീക്ഷയിൽ ഉയർന്ന മാർക്കു വാങ്ങുന്ന 6 പേർക്കായി സമർപ്പിത ലോഗോസ് ടെലിക്വിസ് ഉച്ചകഴിഞ്ഞ് 2.30ന് നടക്കും. ഇതിലെ വിജയിയായിരിക്കും **ലോഗോസ് സമർപ്പിത പ്രതിഭ.**

രൂപതതലത്തിൽ ലോഗോസ് ക്വിസ് മത്സരത്തിൽ 6 വിഭാഗങ്ങളിലായി ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ അഖിലകേരള ലോഗോസ് എഴുത്തുപരീക്ഷ പി.ഒ.സി.യിൽ വെച്ച് നവംബർ 28 രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്.

എഴുത്തുപരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 60 പേരാണ്(ഓരോ പ്രായവിഭാഗത്തിൽ നിന്ന് 10 പേർ വീതം) ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. നവംബർ 28ന് ഉച്ചകഴിഞ്ഞ് 2.30ന് ഓരോ പ്രായവിഭാഗത്തിലും തിരഞ്ഞടുക്കപ്പെട്ടവർക്ക് 6 ഫൈനൽ റൗണ്ടുകൾ ഓരേ സമയത്ത് നടക്കും. ഇതിൽ നിന്നാണ് അഖില കേരളാടിസ്ഥാനത്തിലുള്ള വിജയികളെ നിശ്ചയിക്കുന്നത്. ഓരോ വിഭാഗത്തിലെയും ഒന്നാം സ്ഥാനക്കാരെ അണിനിരത്തി നടക്കുന്ന മെഗാ ഫിനാലെ ടെലിക്വിസ് നവംബർ 29ന് രാവിലെ 9.30ന് നടത്തപ്പെടുന്നു. ഇതിലെ വിജയിയാണ് **ലോഗോസ് പ്രതിഭ.**

28, 29 തിയ്യതികളിൽ നടക്കുന്ന സംസ്ഥാനതല ലോഗോസ് ക്വിസിൽ ലോഗോസ് പാഠഭാഗത്തിനു പുറമെ ബഹു. സി. തെരേസ നടുപ്പടവിൽ തയ്യാറാക്കിയ ലഘുപഠനവും, ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ 12,13,14 എന്നീ പുസ്തകങ്ങളും, ബൈബിൾ പൊതുവിജ്ഞാനത്തിനായി കെ.സി.ബി.എസ് പ്രസീദ്ധികരിച്ച **ബൈബിളും കേരളവും** എന്ന പുസ്തകവും വായിച്ചൊരുങ്ങി വരേണ്ടതാണ്. സമർപ്പിത ലോഗോസിന് സമർപ്പിത ജീവിതത്തെപ്പറ്റിയുള്ള പൊതുചോദ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്.

സംസ്ഥാനതല ലോഗോസ് ക്വിസിന് പങ്കെടുക്കാൻ അർഹരായിട്ടുള്ള എല്ലാ വിജയികൾക്കും ബൈബിൾ അപ്പസ്തോലേറ്റിന്റെ അഭിനന്ദനങ്ങൾ..... പി.ഒ.സി.യിൽ വെച്ച് നടക്കുന്ന സംസ്ഥാനതല ലോഗോസിന് ഒരുങ്ങുന്നവർക്ക് അതാത് ഇടവക വികാരിയച്ചന്മാരുടെ സഹകരണവും പിന്തുണയും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വിശുദ്ധനാട്, യൂറോപ്പ് തീർത്ഥാടനങ്ങൾ**

ദൈവപുത്രന്റെ ജീവിതത്തിന് സാക്ഷ്യം വഹിച്ച വിശുദ്ധനാട്ടിലൂടെ, യൂറോപ്പ് തീർത്ഥാടത്തിലൂടെ വചനത്തെ തൊട്ടറിയുവാൻ ബൈബിൾ അപ്പസ്തോലേറ്റ് വേദിയൊരുക്കുന്നു.

വിശുദ്ധനാട് തീർത്ഥാടനങ്ങൾ

2015 നവംബർ 9-19, ഡിസംബർ 26 - ജനുവരി 5

2016 ഏപ്രിൽ 4-14, 15-25

2016 മെയ് 2-12, 17-27

യൂറോപ്പ് തീർത്ഥാടനം : 2016 ഏപ്രിൽ 26 - മെയ് 11

പത്തുദിവസത്തെ വിശുദ്ധനാട് തീർത്ഥാടനത്തിനും, പതിനാറു ദിവസത്തെ യൂറോപ്പ് തീർത്ഥാടനത്തിനും ആഗ്രഹിക്കുന്നവർക്ക് പാസ്റ്ററൽ സെന്ററിലെ ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0487-2320780, 7558937090, 7560812567

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
ഡയറക്ടർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

▶▶ **9-ാമത് ബിരുദദാനചടങ്ങ്** : കോളേജിലെ 9-ാമത് ബിരുദദാനചടങ്ങ് സെപ്തംബർ 12ന് നടന്നും. സമൂഹത്തിന്റെയും, രാജ്യത്തിന്റെയും നന്മക്കു വേണ്ടിയുള്ള മാറ്റങ്ങൾക്ക് നേതൃത്വം നല്കാൻ യുവജനങ്ങൾ സന്നദ്ധരാവണമെന്ന് പ്രശസ്ത ശാസ്ത്രജ്ഞനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് പ്രഫസറുമായ പത്മശ്രീ. ഇ.ഡി. ജമ്മീസ് അഭിപ്രായപ്പെട്ടു. ഇത് മാറ്റത്തിന്റെ യുഗമാണെന്നും മാറ്റം ഏറ്റവും വേഗത്തിൽ ഉൾക്കൊള്ളാൻ കഴിയുക യുവജനങ്ങൾക്കാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കോളേജിന്റെ സ്ഥാപക ചെയർമാൻ കൂടിയായ ആർച്ച് ബിഷപ്പ് എമറിറ്റസ് മാർ ജേക്കബ്ബ് തൂങ്കുഴി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു തലമുറയ്ക്ക് മാത്രമേ മികവിന്റെ പാതയിൽ തുടരാൻ കഴിയൂ എന്ന് പുതിയ ബിരിദധാരികളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രഫഷനൽ വിദ്യാഭ്യാസത്തിന് ഊന്നൽ നല്കുന്ന അതിരൂപതയുടെ പുതിയ ദർശനത്തിന് തുടക്കം കുറിച്ചത് ജ്യോതി എഞ്ചിനിയറിങ്ങ് കോളേജാണെന്ന് ആർച്ച് ബിഷപ്പ് അനുസ്മരിച്ചു. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ, പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു എന്നിവർ പ്രസംഗിച്ചു. യൂണിവേഴ്സിറ്റി പരീക്ഷയിൽ ഒന്നാം സ്ഥാനത്തെത്തിയ ടി.പി. സുജിതയ്ക്കും ഓരോ ബ്രാഞ്ചിലേയും ആദ്യസ്ഥാനക്കാർക്കും പി.ടി.എ.യുടെ സ്വർണ്ണമെഡലുകൾ സമ്മാനിച്ചു.

▶▶ **എഞ്ചിനീയേഴ്സ് ഡേ ആഘോഷം :** സമൂഹപുരോഗതിയുടെ അടിസ്ഥാനശിലകളാണ് എഞ്ചിനീയേഴ്സെന്നും, കാലാകാലങ്ങളിൽ വസ്ത്രത്തിനും, പാർപ്പിടത്തിനും, ഭക്ഷണത്തിനും വേണ്ടിയുള്ള നെട്ടോട്ടമായ ചരിത്രത്തിന്റെ പ്രധാനപ്പെട്ട ഏടുകൾ എഴുതിത്തീർത്ത ആളുകളാണ് എഞ്ചിനീയേഴ്സെന്നും കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര, സോണൽ കോഡിനേറ്റർ പ്രൊഫ. വി.കെ. ലക്ഷ്മണൻ നായർ അഭിപ്രായപ്പെട്ടു. ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് (ഇന്ത്യ) അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 48-ാമത് എഞ്ചിനീയേഴ്സ് ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുയായിരുന്നു അദ്ദേഹം. പ്രസ്തുത ചടങ്ങിൽ കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു, ബോബി പീറ്റർ, ശ്രീമതി. ഫൗസിയ എന്നിവർ പ്രസംഗിച്ചു. എഞ്ചിനീയേഴ്സ് ഡേയോടനുബന്ധിച്ച് സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികൾക്ക് ചടങ്ങിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.

▶▶ **പകരം വയ്ക്കാവുന്ന റോക്കറ്റ് ഇന്ധനം :** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അവസാന വർഷ വിദ്യാർത്ഥികളായ ജെയ്ക്ക് ജിമ്മി, ജെയ്ൻ ജോസ്, അജിൽ സി ജോൺസൺ, ഡെൽവിൻ കുര്യാ ക്കോസ്, ഡിക്സൺ ഡേവിസ് കെ. എന്നിവർ അസി. പ്രൊഫസർ സജിത് യൂ. കെ. യുടെ നേതൃത്വത്തിൽ അവരുടെ അക്കാദമിക് പ്രോജക്ടിന്റെ ഭാഗമായി സാധാരണ റോക്കറ്റ് ഇന്ധനത്തിന് സമാനമായ ചിലവു കുറഞ്ഞ ഒരു റോക്കറ്റ് ഇന്ധനം നിർമ്മിച്ചിരിക്കുന്നു. ഖരാവസ്ഥയിലുള്ളതാണ് ഈ റോക്കറ്റ് ഇന്ധനം. ഇതുപയോഗിച്ച് റോക്കറ്റിനെ 1800 അടി മുകളിലേയ്ക്ക് കൊണ്ടുപോയി പാരച്യൂട്ടിന്റെ സഹായത്താൽ തിരിച്ചിറക്കാൻ സാധിക്കും. 100 ഗ്രാം ഇന്ധനം കൊണ്ട് 500 ഗ്രാം ഭാരമുള്ള റോക്കറ്റിനെ 1800 അടി മുകളിലേയ്ക്ക് വിക്ഷേപിക്കാൻ സാധിക്കും. സാധാരണയായി ഉപയോഗിക്കുന്ന റോക്കറ്റ് ഇന്ധനം വിലകൂടിയതും, ആയുസ്സ് കുറഞ്ഞതും, സൂക്ഷിക്കാൻ പ്രയാസമുള്ളതുമാണ്. എന്നാൽ ഇവർ നിർമ്മിച്ച ഇന്ധനം ഇതിനെല്ലാം ഒരു പരിഹാരമാണ്. അതുകൊണ്ടുതന്നെ ഇപ്പോൾ റോക്കറ്റിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇന്ധനത്തിന് എന്തുകൊണ്ടും പകരം വയ്ക്കാവുന്ന ഇന്ധനമാണിതെന്ന് വിദ്യാർത്ഥികൾ സമർത്ഥിക്കുന്നു. പ്രസ്തുത പ്രോജക്ടിന്റെ പേറ്റന്റിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും അതിന്റെ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും വിദ്യാർത്ഥികൾ അറിയിച്ചു. റോക്കറ്റിന്റെ മാതൃകയും, ഇന്ധനം ഉണ്ടാക്കുന്ന വിധവും ഐ.ഐ.ടി. മദ്രാസിൽ അവതരിപ്പിച്ച് ഒരു പാട് പ്രശംസ നേടുകയും അവിടെത്തന്നെ തുടർപരീക്ഷണങ്ങൾ നടത്തുവാൻ അധികൃതർ അനുവദിക്കുകയും ചെയ്തു.

▶▶ കോളേജിലെ എന്റർപ്രണർഷിപ്പ് സെല്ലിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ശ്രീ. ബിജോ സണ്ണി, സെപ്തംബർ 16ന് നിർവ്വഹിച്ചു.

▶▶ **ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയേഴ്സ് അസോസിയേഷൻ** : സെപ്തംബർ 16ന്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയേഴ്സ് ഡിപ്പാർട്ട്മെന്റ് അസോസിയേഷന്റെ പ്രവർത്തനോദ്ഘാടനം ശ്രീ. അരുൺ തോമസ് കോച്ചു നിർവ്വഹിച്ചു.

▶▶ **ഓസോൺ ഡേ** : കോളേജിലെ അഗ്രികൾച്ചർ & ഗാർഡനിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഓസോൺ ദിനം ആചരിച്ചു. ഡോ. ബാലഗോപാലന്റെ നേതൃത്വത്തിൽ "Ozone layer deplation" എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ചു.

▶▶ **റാസ്ബെറി-പൈത്തൺ പ്രോഗ്രാമിംഗ് വർക്ക്ഷോപ്പ്** : കോളേജിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ സ്റ്റ്യുഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ ഗ്രേ ടെക്നോലാബ്, കൊച്ചിനുമായി സഹകരിച്ച് വിദ്യാർത്ഥികൾക്കായി സെപ്തംബർ 22, 23 തീയ്യതികളിൽ റാസ്ബെറി-പൈത്തൺ

വർക്ക്ഷോപ്പ് നടന്നു.

▸▸ **ജ്യോതി സ്റ്റാഫ് ക്ലബ്ബ് – കുടുംബസംഗമം:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ സ്റ്റാഫംഗങ്ങളുടെ ഒരു കുടുംബസംഗമം സെപ്തംബർ 26ന് നടന്നു. സ്റ്റാഫംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്ത ചടങ്ങിൽ കുട്ടികളുടെ വിവിധ പരിപാടികളും, വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു.

▸▸ **വിൻഡോസ് അൻഷ്വർ വർക്ക്ഷോപ്പ്:** എന്റർപ്രൺഷിപ്പ് സെല്ലിന്റെ നേതൃത്വത്തിൽ സെപ്തംബർ 28ന് വിദ്യാർത്ഥികൾക്കായി വിഡോസ് അൻഷ്വർ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

▸▸ **അസ്ത്രജ്യോതി ബ്രോഷർ പ്രകാശനം :** ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി നടത്തുന്ന **"അസ്ത്ര ജ്യോതി" സംസ്ഥാനതല ക്വിസ് മത്സര**ത്തിന്റെ ബ്രോഷർ പ്രകാശനം ബഹുമാനപ്പെട്ട തൃശൂർ മേയർ ശ്രീ. രാജൻ പല്ലൻ നിർവ്വഹിച്ചു. അസ്ത്ര ജ്യോതിയിലൂടെ മത്സരങ്ങൾ നടത്തി, മികവു തെളിയിക്കുന്നവർക്ക് ബി.ടെക്കിന് സൗജന്യ പ്രവേശനം നൽകുന്നതും കഴിവും മികവുമുള്ള കുട്ടികളെ പഠിക്കാൻ സാമ്പത്തികമായി സഹായിക്കുന്നതുമായ ജ്യോതിയുടെ മാതൃക തികച്ചും അഭിനന്ദനാർഹമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ടെക്നോ-കൾച്ചറൽ ഫെസ്റ്റ് – തരംഗ് 16നോടനുബന്ധിച്ച് ഫെഡറർ ബാങ്ക്, ക്ലബ്ബ് എഫ്.എം. എന്നിവരുമായി സഹകരിച്ചാണ് അസ്ത്രജ്യോതി സംഘടിപ്പിക്കുന്നത്. ഈ മത്സരത്തിലെ വിജയികൾക്ക് സമ്മാനത്തുകയ്ക്ക് പുറമേ ഒന്നും രണ്ടും സ്ഥാനത്തുവരുന്ന ടീം അംഗങ്ങൾക്ക് 4 വർഷത്തെ സൗജന്യ ബി.ടെക് പഠനവും തുടർന്നു വരുന്ന മൂന്ന് ടീമംഗങ്ങൾക്ക് ബി.ടെക് പഠനത്തിന് പകുതി ഫീസിളവും നല്കുന്നു. ഇതിനുപുറമേ പങ്കെടുക്കുന്ന എല്ലാ സ്ക്കൂളുകളിലേയും തിരഞ്ഞെടുക്കപ്പെടുന്ന ടീമംഗങ്ങൾക്ക് ബി.ടെക്. പഠനത്തിന് നാലു വർഷത്തേയ്ക്ക് 40,000/– രൂപ വീതമുള്ള സ്ക്കോളഷിപ്പും നല്കുന്നുണ്ട്. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ. കെ. ബാബു, അഡ്മിനിസ്ട്രേറ്റർ എഞ്ചി. തോമസ് മാത്യു, ബോബി പീറ്റർ, പ്രോഗ്രാം കോഡിനേറ്റർ സീനിയ ഫ്രാൻസീസ്, വിവിധ വകുപ്പ് മേധാവികൾ, തരംഗ് കോഡിനേറ്റേഴ്സ് ഡോ. അനിത ജേക്കബ്ബ്, തോമസ് ജോർജ്ജ്, ഫെഡറൽ ബാങ്ക് പ്രതിനിധി, മനോജ് പി. കമ്മത്ത് (ക്ലബ്ബ് എഫ്.എം.) എന്നിവർ പങ്കെടുത്തു. കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന 150 വിദ്യാലയങ്ങൾക്ക് പ്രാഥമിക മത്സരത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് www.jecc.ac.in സന്ദർശിക്കുക.

**ഫാ. റോയ് ജോസഫ് വടക്കൻ**
**പി.ആർ.ഒ**

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**എക്സിക്യൂട്ടീവ് മാനേജർ**

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**ഊഷ്മളമായ സ്വീകരണം നൽകി**

തിരൂപതയുടെ സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററായ സാന്ത്വനത്തിന്റെ അസി.ഡയറക്ടർമാരായി നിയമിതരായ റവ.ഫാ.ടോണി അരിമ്പൂർ, റവ.ഫാ. ടെഡ്സ് കുന്നപ്പിള്ളി എന്നിവർക്ക് ഊഷ്മളമായ വരവേൽപ്പ് നൽകി.സാന്ത്വനം സ്റ്റാഫ് അംഗങ്ങളുടെയും,ഗവേർണിങ്ങ് ബോഡ് അംഗങ്ങളുടേയും നേതൃത്വ ത്തിൽ സമുചിതമായി സ്വീകരിക്കുകയും ഭാവി പ്രവർത്തനങ്ങൾക്ക് ആശം സകൾ അർപ്പികുകയും ചെയ്തു.

**ഗോൾഡൻ ജൂബിലി ആഘോഷിച്ചു.**

അതിരൂപതയിൽ സേവ് എ ഫാമിലി പ്ലാൻ പ്രസ്ഥാനത്തിന്റെ 50–ാം വാർഷികത്തോടനുബന്ധിച്ച് സെപ്തംബർ–26–ന് തൃശ്ശൂർ ബസിലിക്ക ഹാളിൽ വെച്ച് മോ.ജോർജ് കോമ്പാറയുടെ അദ്ധ്യക്ഷതയിൽ ജൂബിലി ആഘോഷ ങ്ങൾ നടത്തുകയുണ്ടായി. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.വി–ഗാർഡ് ഇൻഡസ്ട്രീസ് ചെയർമാൻ ശ്രീ.കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി മുഖ്യപ്രഭാഷണം നടത്തുകയും ശ്രീ.മനോജ് കുമാർ (സേവ് എ ഫാമിലി പ്ലാൻ നാഷണൽ പ്രോഗ്രാം ഓഫീസർ) ഫാ. ജിയോ കടവി,മോൺ.ജോസഫ് കാക്കശ്ശേരി (മുൻ ഡയറക്ടർമാർ) എന്നി വർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ഗുണഭോക്തൃ കുടും ബങ്ങളുടെ സംഗമവും ഇതോടനുബന്ധിച്ച് നടത്തുകയുണ്ടായി. ജൂബിലി ആഘോഷത്തോടനുബന്ധിച്ച് മുൻ ഡയറക്ടർമാർ, മുൻ കോഡിനേറ്റർമാർ, മുൻ ആനിമേറ്റർമാർ എന്നിവർക്ക് അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് പാരിതോഷികങ്ങൾ നൽകി ആദരിച്ചു. സ്പെഡ് III പ്രോജക്റ്റിന്റെ അനുഭവങ്ങളിൽനിും ശ്രീമതി രജനി എഴുതിയ'കമ്മ്യുണിറ്റി ഓർഗനൈസെ ഷൻ, എന്ന പ്രോസസ്സ് റിവ്യു"എന്ന പുസ്തകം പ്രകാശനം ചെയ്യുകയും,+2 പരീക്ഷയിൽ ഫുൾ A+ വാങ്ങിയ കുമാരി ടിൻസി ടോണി, കുമാരി സുകന്യ സുഗതൻ എന്നിവർക്ക് ശ്രീ.കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി അവാഡുകൾ നൽകി അനുമോദിക്കുകയും ചെയ്തു. ഗുണഭോക്തൃ കുടുംബങ്ങളിലെ കുട്ടികളുടെ കലാപരിപാടികളോടെ ജൂബിലി ആഘോഷങ്ങൾക്ക് സമാപനം കുറിച്ചു.

**റീജിയണൽ മീറ്റിംങ്ങുകൾ നടത്തി**

സാന്ത്വനം സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ പ്രവർത്തിച്ചു വരു സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുതിനായി ഡയറക്ടർ ഫാ. തോമസ് പൂപ്പാടി വിവിധ യൂണിറ്റുകൾ സന്ദർശിക്കുകയും റീജിയണൽ മീറ്റിംങ്ങുകൾ നടത്തുകയും ചെയ്തു. ചേലക്കര മേഖലയിലെ മുള്ളൂർക്കര ,കിള്ളിമംഗലം, പരക്കാട്, ചേലക്കര,പങ്ങാരപ്പിള്ളി എീ യൂണിറ്റുകളും,ഒല്ലൂക്കര മേഖലയിൽ ഉൾപ്പെ' നടത്തറ, വലക്കാവ്, വെള്ളാനിക്കോട് യൂണിറ്റുകളുമാണ് സന്ദർശ്ശിച്ചത്. സംഘങ്ങളുടെ പ്രവർത്തനങ്ങൾ കുടൂതൽ ഊർജ്ജസ്വലമാക്കുതിനും ഖഘഏ രൂപീകരിച്ച് വരുമാനവർദ്ധക സംരംഭങ്ങൾ ആരംഭിക്കുതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. അതോടൊപ്പം വിവിധ ഉൽപ്പനങ്ങൾ സംഘങ്ങൾ വഴി വിറ്റഴിച്ച് സാമ്പത്തിക നേ'ം കൈവരിക്കുതിനുള്ള സാധ്യതകളും യോഗങ്ങളിൽ ചർച്ച ചെയ്തു. കോർഡിനേറ്റർ ശ്രീ.സി.പി.ജോർജ്ജ് നേതൃത്വം നൽകി. ടഒഏ ഭാരവാഹികൾ, സ്നേഹനിധി ഭാരവാഹികൾ എിവർ യോഗത്തിൽ സിഹിതരായിരുു.

**J L G രൂപീകരണ ക്ലാസ്സ് നടത്തി**

നബാഡ്,സൗത്ത് ഇൻഡ്യൻ ബാങ്ക് തുടങ്ങിയവരുമായി സഹകരിച്ച് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ (JLG)ആരംഭിക്കുന്നതിനായി SHG ഭാരവാഹികളുടെ യോഗം നടത്തി. ചേലക്കര ഫൊറോന പള്ളിഹാളിൽ നടത്തിയ ക്ലാസ്സിൽ ചേലക്കര മേഖലയിലെ 5 യൂണിറ്റുകളിൽ നിുള്ള SHG ഭാരവാഹികൾ പങ്കെടുത്തു. ശ്രീ.S K മഞ്ഞിയിൽ JLG രൂപീകരണവും പ്രവർത്തനങ്ങളും വിശദീകരിച്ച് ക്ലാസ്സ് എടുത്തു. 4 മുതൽ 10 അംഗങ്ങൾവരെ ഉൾക്കൊളുന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക എന്ന ഉദ്ദേശത്തോടെ രുപം കൊടുക്കുന്ന ഗ്രൂപ്പുകൾക്ക് ബാങ്കുകൾ വഴി ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിന് സാന്ത്വനം മുൻകൈ എടുക്കും. കൃഷി,കൃഷിഅനുബന്ധ സംരംഭങ്ങൾക്ക് 4% പലിശയിൽ വായ്പ്പ ലഭ്യമാക്കും.50 ഓളം JLG ഈ മേഖലയിൽ ആരംഭിക്കുന്നതിന് സാന്ത്വനം ലക്ഷ്യമിടുന്നു.

സ്വയം സഹായ സംഘങ്ങൾ വഴി വിവിധ നിത്യോപയോഗ സാധനങ്ങൾ വീടുകളിലെത്തിക്കുന്നതിനുള്ള ചർച്ചകളും നടത്തി. ഇടനിലക്കാരില്ലാതെ ബ്രാന്റേഡ് കമ്പനികളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് കുടുബങ്ങളിൽ എത്തിക്കുന്നതിനുള്ള പദ്ധതിയെ സംബന്ധിച്ച വിഷയം സാന്ത്വനം വൈസ് ചെയർമാൻ ശ്രീ.ടോജോ മാത്യു,ഹിന്ദുസ്ഥാൻ ലിവർ കേരള മാനേജർ തുടങ്ങിയവർ വിശദീകരിച്ചു. യോഗത്തിൽ ഫൊറോന വികാരി ഫാ.റാഫേൽ താണിശ്ശേരി അധ്യ

ക്ഷത വഹിച്ചു. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, കോർഡിനേറ്റർ ശ്രീ.സി. പി.ജോർജ്ജ് തുടങ്ങിയവരും സംബന്ധിച്ചു.

**സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ-**

സെപ്തബർ-19 ന് വലപ്പാട് സ്നേഹനിധിയുടെ വാർഷിക പൊതുയോഗം നടന്നു. ഫാ.ജോവി കുണ്ടുകുളങ്ങര അദ്ധ്യക്ഷത വഹിക്കുകയും ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.പൊതുയോഗത്തിൽ റവ.സി. ആൻജിസ 'കുടുംബജീവിതവും പരി.മാതാവും" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. ഡിവിഡെന്റ് വിതരണവും പുതിയ അംഗത്വ സർട്ടിഫിക്കറ്റ് വിതരണവും ചെയുകയും ചെയ്തു.

**മോണിറ്ററിങ്ങ് സന്ദർശനങ്ങൾ നടത്തി**

സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുതിനു വേണ്ടി സാന്ത്വനത്തിൽ നിന്നുള്ള മോണിറ്ററിങ്ങ് ടീം ഫൊറോനകൾ സന്ദർശിച്ചു. ബസിലിക്ക, പുത്തൂർ, കണ്ടശ്ശാംക്കടവ്, ലൂർദ്ദ്, ഒല്ലൂർ, വടക്കാഞ്ചേരി എന്നീ ഫൊറോനകൾ സന്ദർശിച്ച് ഫൊറോനകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്നേഹനിധി യുണിറ്റുകളുടെ കണക്കുകൾ പരിശോധിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ശ്രീമതി പ്രിൻസി റോയ്, കോഡിനേറ്റർ ശ്രീമതി ബീന വർഗ്ഗീസ്, ഫൊറോന ഭാരവാഹികൾ എന്നിവർ സന്ദർശന ടീമിൽ അംഗങ്ങളായിരുന്നു.

**കുടിവെള്ളപദ്ധതികൾ ഉദ്ഘാടനം ചെയ്തു.**

സ്പെഡ് III പ്രോജക്റ്റും ചേലക്കര പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കിയ മൈത്രി കുടിവെള്ളപദ്ധതി, വെങ്ങാനെല്ലൂർ ലക്ഷം വീട് കോളനി കുടിവെള്ളപദ്ധതി, മെതുക് കൂടംക്കുത്തി കുടിവെള്ളപദ്ധതി എന്നീ കുടിവെള്ളപദ്ധതികളുടെ ഉദ്ഘാടനം നടത്തി. ചേലക്കര പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ലിസ്സി തോമസ്, വൈസ് പ്രസിഡന്റ് ശ്രീ സുരേന്ദ്രൻ പള്ളത്ത്, സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി,വാർഡ് മെമ്പർമാരായ ശ്രീ എല്ലിശ്ശേരി വിശ്വനാഥൻ, ശ്രീമതി നിർമ്മല, ശ്രീ എൻ ഗോപകുമാർ, ശ്രീമതി ചെല്ലമ്മ ടീച്ചർ, ശ്രീ. റഫീഖ് എന്നിവർ സിഹിതരായിരുന്നു. ജലക്ഷാമം രൂക്ഷമായി നേരിട്ടിരുന്ന 1000-തോളം വരുന്ന പ്രദേശവാസികൾക്ക് ഈ കുടിവെള്ള പദ്ധതി വഴി സമൃദ്ധമായി കുടിവെള്ളം നൽകുന്നതിന് സാധിച്ചു.

**സന്ദർശനം നടത്തി.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ചേലക്കര പഞ്ചായത്തിൽ പ്രവർത്തിക്കു സ്പെഡ് III പ്രോജക്റ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും

തുടർന്നുള്ള പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി സേവ് എ ഫാമിലി പ്ലാനിന്റെ നാഷണൽ ഓഫീസായ ഐശ്വര്യഗ്രമിൽനിന്ന് ശ്രീമതി അനു മാത്യു(നാഷണൽ പ്രോഗ്രാം ഓഫീസർ) ചേലക്കര പഞ്ചായത്തിലെ വിവിധ വില്ലേജുകളിൽ സന്ദർശിക്കുകയും, സ്പെഡ് III പ്രോജക്റ്റിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് അനുമോദനങ്ങൾ അർപ്പിക്കുകയും ചെയ്തു.

**വിതരണം ചെയ്തു.**

പരക്കാട് പ്രദേശത്ത് പുനരുദ്ധരിച്ച കുടുംബശ്രീ ഹാളിന്റെ ഉദ്ഘാടനം ചേലക്കര പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ലിസ്സി തോമസ് നിർവ്വഹിച്ചു. ഫാ. തോമസ് പൂപ്പാടി,വാർഡ് മെമ്പർ മാരായ ശ്രീ എല്ലിശ്ശേരി വിശ്വനാഥൻ,ശ്രീമതി വി.കെ നിർമ്മല, ശ്രീ എൻ ഗോപകുമാർ, ശ്രീ റഫീഖ് വാറ്റ് മെമ്പർമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കുടുംബശ്രീ ഹാളിന്റെ വൈദ്യുതി വൽക്കരണത്തിന് ആവശ്യമായ സഹായവും ഹാളിലേക്ക് ആവശ്യമായ ഫർണീച്ചറുകളും സ്പെഡ് III പ്രോജക്റ്റിന്റെ ഭാഗമായി വിതരണം ചെയ്തു.

**ഫണ്ട് മൊബിലൈസിംഗ് പോഗ്രാം**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിലേക്കുള്ള ഫണ്ട് ശേഖരണാർത്ഥം കൊട്ടേക്കാട് സെന്റ് മേരിസ് അസംപ്ഷൻ ചർച്ചിൽ ഫണ്ട് മൊബിലൈസിംഗ് പോഗ്രാം നടത്തുകയുണ്ടായി. .പദ്ധതിയോട് സഹകരിച്ച വികാരിയച്ചനും കൊച്ചച്ചനും, കൈക്കാരൻമാർക്കും നല്ലവരായ ഇടവകകാർക്കും നന്ദി അറിയിക്കുു.

ഇതുവരെ ലഭിച്ച സംഭാവന 2,30395/-

**സഹായങ്ങൾ വിതരണം ചെയ്തു.**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതി മുഖേന സാമ്പത്തിക സഹായം ലഭിച്ച ഇടവകകൾ

വില്ലടം-8,000/, പറപ്പൂർ-9,000/, മരിയാപുരം-8,000/, വെങ്ങിണിശ്ശേരി-5,000/

സേവ് എന്ന ഫാമിലി പ്ലാൻ പദ്ധതി മുഖേന സാമ്പത്തിക സഹായം ലഭിച്ച ഇടവകകൾ കണ്ണാറ-34,000/, മനക്കൊടി-10,000/-

**പുതിയ ജനറൽ ബോഡി, ഗവേർണിംങ്ങ് ബോഡികൾ നിലവിൽ വന്നു.**

അതിരൂപതയുടെ സാമൂഹ്യ പ്രേഷിതത്വ കേന്ദ്രമായ സാന്ത്വനത്തിന്റെ കീഴിലുള്ള സോഷ്യൽ ആക്ഷൻ, സോഷ്യൽ വെൽഫെയർ സെന്റർ, സോഷ്യൽ

സെന്റർ ഹൗസിംഗ്, സാന്ത്വനം ട്രസ്റ്റ്, സ്വിഫ്റ്റ് കുറീസ് എന്നീ വിഭാഗങ്ങളിലെ പുതിയ ജനറൽ ബോഡി, ഗവേണിംഗ് ബോഡി എന്നിവക്ക് അതിരൂപതയിൽ നിന്ന് അംഗീകാരം ലഭിച്ചു

**1). സാന്ത്വനം ട്രസ്റ്റ്**

മോ.ജോർജ് കോമ്പാറ (ചെയർമാൻ)

ശ്രീ.ടോജോമാത്യു.പി.(വൈസ്ചെയർമാൻ)

ഫാ. തോമസ് പൂപ്പാടി (സെക്രട്ടറി/ട്രഷറർ)

റവ.ഫാ.ജോയി മൂക്കൻ

റവ.ഫാ.ടോണി അരിമ്പൂർ

റവ.ഫാ.ടെഡ്സ് കുന്നപ്പിള്ളി

ശ്രീ.സി.കെ.പോൾ

ശ്രീ.പി.ജെ.ജോണി

ശ്രീ.ജോസ് കല്ലറക്കൽ

ശ്രീ.ലിയോ ലൂവിസ്

ശ്രീ.സെബാസ്റ്റ്യൻ മഞ്ഞിയിൽ

**2). സോഷ്യൽ ആക്ഷൻ,//സോഷ്യൽ വെൽഫെയർ സെന്റർ**

മോ.ജോർജ് കോമ്പാറ (പ്രസിഡന്റ്)

ശ്രീ.സി.കെ.പോൾ (വൈസ് പ്രസിഡന്റ്)

ഫാ. തോമസ് പൂപ്പാടി (ഡയറക്ടർ)

ഫാ. ടെഡ്സ് കുന്നപ്പിള്ളി (അസി. ഡയറക്ടർ)

ഫാ. ടോണി അരിമ്പൂർ(അസി. സെക്രട്ടറി)

റവ.ഫാ.ജോയി മൂക്കൻ

ശ്രീ.ടോജോ മാത്യു.പി.

ശ്രീ.എ.എ.ആന്റണി

ശ്രീ.ലാസർ മാളിയേക്കൽ.

അഡ്വ.ജോസ് പുലിക്കോട്ടിൽ

ശ്രീ.മാന്റോ ആന്റണി സി.

പ്രൊഫ.എലിസബത്ത് മാത്യു

ശ്രീമതി.ലിസി വർഗ്ഗീസ്

ശ്രീമതി.ലൂസി ഡാനിയേൽ

ശ്രീമതി.റോസമ്മ അലക്സ്

**3). സോഷ്യൽ സെന്റർ ഹൗസിംഗ്**

മോ.ജോർജ് കോമ്പാറ–വികാരി ജനറാൾ

റവ.ഫാ.ജോയി മൂക്കൻ പ്രൊക്കുറേറ്റർ

ഫാ. തോമസ് പൂപ്പാടി–എക്സി.ഡയറക്ടർ

ഫാ.ടെഡ്സ് കുന്നപ്പിള്ളി – ജോ.എക്സി.ഡയറക്ടർ

ശ്രീ.സെബാസ്റ്റ്യൻ മഞ്ഞിയിൽ

ശ്രീ.സി.കെ.പോൾ

ശ്രീ.പി.ജെ.ജോണി

**4). സ്വിഫ്റ്റ് കുറിസ്**

മോ.ജോർജ് കോമ്പാറ–ചെയർമാൻ

ഫാ. തോമസ് പൂപ്പാടി.– വൈസ് –ചെയർമാൻ

ശ്രീ.സി.കെ.പോൾ– വൈസ് –ചെയർമാൻ

ശ്രീ.പി.ജെ.ജോണി– മനേജിംഗ് ഡയറക്ടർ

റവ.ഫാ.ജോയി മൂക്കൻ

ശ്രീ.ടി.കെ. ആന്തോണിക്കുട്ടി

ശ്രീ.എ.എ.ആന്റണി

ശ്രീ.സിജോ ചിറക്കേക്കാരൻ

ശ്രീ.ലാസർ മാളിയേക്കൽ.

**ഫാ. തോമാസ് പൂപ്പാടി**

ഡയറക്ടർ

**ഫാ. ടെഡ്സ് കുന്നപ്പിള്ളി**
അസി. ഡയറക്ടർ
**ഫാ. ടോണി അരിമ്പൂർ**
അസി.ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫ്രാൻസിസ്കൻ അത്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അല്മായ സഭയുടെ പ്രവർത്തന സമിതി മീറ്റിംഗ് 10.10.2015 ശനിയാഴ്ച കാൽവരി ആശ്രമത്തിൽ വെച്ച് പ്രസിഡണ്ട് പി.ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. സെപ്തംബർ 14ന് വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. ഒക്ടോബർ 4ന് വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ എല്ലാ യൂണിറ്റുകളിലും ഭക്തിപൂർവ്വം ആഘോഷിച്ചു. കേരളത്തിൽ ഫ്രാൻസിസ്കൻ അൽമായ സഭയ്ക്ക് രൂപം കൊടുത്ത ദൈവദാസൻ പുത്തൻപറമ്പിൽ തോമച്ചന്റെ ചരമദിനം നവംബർ 1ന് ആണ്. കഴിയുന്നത്ര അംഗങ്ങൾ അന്നേ ദിവസം എടത്വാ കബറിടത്തിൽ പോയി പ്രാർത്ഥിക്കുവാൻ തിരുമാനിച്ചു. ഫാ. പോൾ അടമ്പുകുളം, ഫാ. ഫ്രാങ്കോ വടക്കൻ, ഫാ. നിക്സൺ, സി. റോസിലിൻ, സി. അർച്ചന, സണ്ണി വി. സി., തോമാസ് ഡൊമനിക്, ഡോ. ജെറി ജോസഫ്, ടി.എ. ഫ്രാൻസീസ് എന്നിവർ പ്രസംഗിച്ചു.

യേശുവിൽ എളിയ സഹോദരൻ

**വി.സി. സണ്ണി,**
സെക്രട്ടറി

## അതിരൂപത ദർശന സമൂഹം

11.10.2015ന് മരത്താക്കര പള്ളിയിൽവെച്ച് ബ. ജോസ് തെക്കേക്കരയച്ചന്റെ മഹനീയ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അതിരൂപത പ്രസിഡന്റ് ജോയ് പള്ളിക്കുന്നത്ത് സ്വാഗതം ആശംസിച്ചു. സെക്രട്ടറി ഒ. ജെ. ജസ്റ്റിൻ അവതരിപ്പിച്ച റിപ്പോർട്ട് യോഗം പാസാക്കി. ബ. ജോസ് തെക്കേക്കരയച്ചന്റെ അദ്ധ്യക്ഷപ്രസംഗത്തിന് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

അതിരൂപത ദർശന സമൂഹത്തിന്റെ 8-ാമത് വാർഷിക സമ്മേളനം 2016 ഫെബ്രുവരി 14 ഞായറാഴ്ച വലപ്പാട് പള്ളിയിൽ വെച്ച് നടത്തുന്നതിനും സമ്മേളനത്തിന്റെ ചെലവിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിന് ഒരു സ്പെഷ്യൽ സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു. ഫൈനാൻസ് കൺവീനറായി തോമസ് ജോസ് തൃശ്ശൂർ ലൂർദ്ദ്, കമ്മിറ്റി അംഗങ്ങളായി എ.എൻ.സി.

ജോസ് മാസ്ററർ വലപ്പാട്, രാജു അരണാട്ടുകര, കെ.എഫ്. ജോയി ഏനാമാക്കൽ, ആന്റണി വേഴപറമ്പിൽ മരത്താക്കര, ജോയ് ഫ്രാൻസീസ് കൊട്ടേക്കാട്, സണ്ണി വെള്ളറ കോട്ടപ്പടി എന്നിവരെ തെരഞ്ഞെടുത്തു. ഓരോ ഇടവക ദർശന സമൂഹത്തിന്റെ നേതൃത്വത്തിൽ ചുരുങ്ങിയത് 5000 രൂപയെങ്കിലും പരസ്യമായി ശേഖരിച്ചു തരേണ്ടതാണെന്നും തീരുമാനിച്ചു. ദർശന സമൂഹത്തിൽ 1966, 1991 എന്നീ വർഷങ്ങളിൽ അംഗമായി ചേർന്നവരെ സമ്മേളനത്തിൽ വെച്ച് ആദരിക്കുന്നതിനും അതിനു അർഹരായവരുടെ പേരും ഫോട്ടോയും 10.01.2016ന് മുമ്പ് ഏൽപിക്കേണ്ടതാണെന്നും തീരുമാനിച്ചു. അതിരൂപത ദർശന സമൂഹത്തിനും ഇടവക ദർശന സമൂഹങ്ങൾക്കും പൊതുവായി എംബ്ലവും പതാകയും നിർമ്മിക്കുന്നതിന് നേതൃത്വം കൊടുക്കുന്നതിനായി ജോയ് പള്ളിക്കുന്നത്ത്, ഒ. ജെ. ജസ്റ്റിൻ എന്നിവരെ അധികാരപ്പെടുത്തുവാൻ തീരുമാനിച്ചു. എംബ്ലത്തിന്റേയും പതാകയുടെയും മോഡൽ ഇടവകദർശന സമൂഹങ്ങളിൽ നിന്നും സ്വീകരിക്കുന്നതിനും ആയതിൽ നിന്നും തെരഞ്ഞെടുത്തതിന് സമ്മാനം നൽകുന്നതിനും തീരുമാനിച്ചു. ഇടവക ദർശന സമൂഹങ്ങളിൽ നിന്നും സ്വീകാര്യമായ എൻട്രി ലഭിച്ചില്ലെങ്കിൽ മേൽപറഞ്ഞ കമ്മിറ്റി നിർമ്മിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്നും തീരുമാനിച്ചു.

2015 നവംബർ 8-ാം തിയതി ഞായറാഴ്ച കാലത്ത് 10 മണിക്ക് മരത്താക്കര പള്ളിയിൽ വെച്ച് ഇടവക ദർശന സമൂഹഭാരവാഹികളായ പ്രസുദേന്തി (പ്രസിഡന്റ്), സ്ക്രൂമോൻ (സെക്രട്ടറി), തൃസരേര് (ട്രഷറർ) എന്നിവരുടേയും അതിരൂപത ഭരണസമിതി അംഗങ്ങളുടെയും സംയുക്ത യോഗം കൂടുന്നതിനും തീരുമാനിച്ചു. ജോയിന്റെ സെക്രട്ടറി തോമസ് ജോസിന്റെ നന്ദിപ്രകടനത്തിന് ശേഷം പ്രാർത്ഥനയോടെ യോഗം സമംഗളം പര്യവസാനിച്ചു.

| | | |
|---|---|---|
| **ഫാ. ജോസ് തെക്കേക്കര** | **ജോയ് പള്ളിക്കുന്നത്ത്** | **ഒ.ജെ. ജസ്റ്റിൻ** |
| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |

# കെ.സി.എസ്. എൽ.

**സംസ്ഥാന ശതാബ്ദി**

കെ. സി. എസ്.എൽ. സംസ്ഥാന ശതാബ്ദി ആഘോഷ സമാപനവും റാലിയും വല്ലാർപാടം മരിയൻ തീർത്ഥാടന കേന്ദ്രത്തിൽവെച്ച് നടന്നു. വിവിധയൂണിറ്റുകളിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു. സമാപന സമ്മേളനത്തിനും റാലിക്കും സഹകരിച്ച എല്ലാവർക്കും നന്ദി.

**അതിരൂപതാ കലോത്സവം, സാഹിത്യോത്സവം**

ഈ വർത്തെ അതിരൂപത കലോത്സവവും സാഹിത്യോത്സവവും തൃശ്ശൂർ സെന്റ് തോമസ് കോളേജ്-സ്കൂൾ എന്നിവിടങ്ങളിലായി ഒക്ടോബർ 11-17 തിയതികളിലായി നടന്നു. കലോത്സവ സാഹിത്യോത്സവങ്ങളിൽ മുവ്വായിര ത്തോളം അംഗങ്ങൾ പങ്കെടുത്തു.

ചാരിറ്റി കൂപ്പൺ-കലോത്സവ സമ്മാനങ്ങളും മൂന്നാം ലക്കം ബൊക്കെയും അന്നുതന്നെ വിതരണം ചെയ്തു. സമ്മാനങ്ങൾ വാങ്ങികൊണ്ടുപോകാത്ത വർ കൺവീനർമാരെ ബന്ധപ്പെട്ട് അവ എത്രയും വേഗം കൈപ്പറ്റേണ്ടതാണ്.

**റിപ്പോർട്ട്**

യൂണിറ്റ് പ്രവർത്തന റിപ്പോർട്ടുകൾ നവംബർ 30ന് മുൻപ് പ്രസിഡന്റിന് ഏല്പിക്കുക.

**ക്രിസ്തുമസ് ആഘോഷം – നക്ഷത്ര നിർമ്മാണ മത്സരം**

വിദ്യാലയങ്ങളിലെ ക്രിസ്തുമസ് ആഘോഷങ്ങളും നക്ഷത്ര നിർമ്മാണ മത്സരവും മുൻകൂട്ടി സൗകര്യപ്രദമായ ദിവസം കണ്ടെത്തി നടത്തേണ്ടതാ ണ്. ഫോട്ടോകൾ എത്തിച്ചാൽ ബൊക്കെയിൽ നൽകാൻ സാധിക്കും.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ഡോ. ജോൺ റാഫേൽ** | **ജിജു ആന്റണി** |
| ഡയറക്ടർ | പ്രസിഡണ്ട് | ഓർഗനൈസർ |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 691-ാമതും, തൃശ്ശൂർ കൂരി യായുടെ 704-ാമതും സമ്മേളനം 2015 ഒക്ടോബർ 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രസിഡണ്ട് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു. പ്രസിഡന്റ് ജ്ഞാനവായന നടത്തിയതിനുശേഷം സെക്ര ട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻമാസ റിപ്പോർട്ടും, ട്രഷറർ ബ്ര. എ.ജെ. വിൻസെന്റ് വരവ്-ചിലവ് കണക്കും വായിച്ച് അംഗീകരിച്ചു.

വൈസ് പ്രസിഡണ്ട് സി. എൽസി ചുമ്മാർ ഹാജർ വിളിച്ചു. ചേർപ്പ് കൂരിയ, വാടാനപ്പിള്ളി, കണ്ടശ്ശാംകടവ്, പുത്തൻപള്ളി, പാപികളുടെ സങ്കേതം വട ക്കാഞ്ചേരി, അയ്യന്തോൾ, വിയ്യൂർ എന്നീ പ്രസീദിയങ്ങളിൽ നിന്ന് ഹാജരു ണ്ടായിരുന്നില്ല. 2015 സെപ്തംബർ 12ന് ആരംഭിച്ച മരത്താക്കര പുതിയ കൂരി യയുടെ പ്രസിഡന്റ് ബ്ര. പി. വി. വർഗ്ഗീസ് വൈസ് പ്രസിഡന്റ് സി. തങ്കമ്മ ജോസഫ്, സെക്രട്ടറി സി. റൂബി ജോർജ്ജ് ട്രഷറർ ബ്ര. എൻ. ഐ. ജോസ്

എന്നിവരുടെയും കാരമുക്ക് സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളിയിലെ "ദീർഘ ദർശികളുടെ രാജ്ഞി" പ്രസീദിയത്തിന്റെ ഭാരവാഹികളായ പ്രസിഡന്റ് ബ്ര. ജോസഫ് ടി.എ., വൈസ് പ്രസിഡന്റ് സി. ഗ്രെയ്സി വിൻസെന്റ് സെക്രട്ടറി സി. ഫ്ളവർ ജോൺ, ട്രഷറർ ബ്ര. മാത്യു ടി.ജെ. എന്നിവരുടെയും പുതിയ ഭാരവാഹികളായി നിയമനം കമ്മീസിയം അംഗീകരിച്ചു. ബ്ര. പ്രസിഡന്റ് എല്ലാ മരിയ സൈനികർക്കും പ്രത്യേകം സ്വാഗതം പറഞ്ഞു.

സെപ്തംബർ മാസം മാതാവിന്റെ ജനനതിരുനാൾ ആഘോഷിച്ച പ്രസീദിയങ്ങൾ റിപ്പോർട്ട് സമർപ്പിച്ചു. സെന്റ് ആൻസ് പടിഞ്ഞാറേക്കോട്ട, വിജയ മാതാ, വിജയപുരം പ്രസീദിയങ്ങൾ അർദ്ധവാർഷിക റിപ്പോർട്ട് സമർപ്പിച്ചു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ പ്രഭാഷണം നടത്തി. എല്ലാവർക്കും പൗരോഹിത്യം ഉണ്ടെന്നും അതിൽ പ്രവാചകദൗത്യം, രാജകീയ ദൗത്യം, പുരോഹിത ദൗത്യം എന്നിവയെക്കുറിച്ചുള്ള പൊതുവായ പൗരോഹിത്വത്തെക്കുറിച്ചും, പരി. അമ്മയുടെ ബലിയെക്കുറിച്ചും ആദ്ധ്യാത്മിക നിയന്താവ് വിശദീകരിച്ചു.

ഡിസംബർ 20ന് നടക്കുന്ന വാർഷിക റിയൂണിയനോടനുബന്ധിച്ച് നവംബർ 8ന് നടത്തുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ പേര് നവംബർ 1ന് കൂടുന്ന കമ്മീസിയം മീറ്റിംഗിൽ അറിയിക്കണമെന്ന് ഓർമ്മിപ്പിച്ചു.

ചേറ്റുപുഴ കർമ്മലമാതാ പള്ളിയിൽ പുതിയ പ്രസീദിയം ആരംഭിച്ചതായി ബ്ര. പ്രസിഡന്റ് അറിയിച്ചു. സംഘടനയുടെ പേരിൽ ആദ്യമായി അച്ചടിക്കുന്ന ഷീറ്റ് കലണ്ടറിന്റെ നടത്തിപ്പിനായി കൂരിയ, പ്രസീദിയം ആശംസകൾ നൽകി സഹകരിക്കണമെന്ന് ഓർമ്മിപ്പിച്ചു റീജിയന്റെ പ്രചരണാർത്ഥം പുതിയ പ്രസീദിയങ്ങൾ സംഘടിപ്പിക്കുന്നതിന് ഓരോ മരിയ സൈനീകരും സഹകരിക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

അതിരൂപത തലത്തിൽ ഓരോ ഭക്തസംഘടനയിൽ നിന്നും ഒരു വ്യക്തിയെ തിരഞ്ഞെടുത്ത് അതിരൂപത ഏകോപനസമിതിക്ക് പേർ കൊടുക്കണമെന്നതിനാൽ സംഘടനയിൽ നിന്ന് 3 പേരുടെ പേർ ഉൾക്കൊള്ളിച്ചുള്ള പാനൽ കൊടുക്കുന്നതിന് തീരുമാനിച്ചു.

കമ്മീസിയത്തിന്റെ മുൻ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിരുന്ന ഡോളേഴ്സ് ബസിലിക്ക്- നിത്യസഹായനാഥ പ്രസീദിയംഗമായ സി. മേരി ജോസിന്റെ നിര്യാണത്തിൽ പ്രത്യേകം പ്രാർത്ഥന നടത്തുകയും ചെയ്തു. അവസാന പ്രാർത്ഥനയ്ക്കും,ആശീർവാദത്തിനുശേഷം കമ്മീസിയം മീറ്റിംഗ് 5 മണിക്ക് സമാപിച്ചു.

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

'ദിയാക്കോണിയ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഭാഗമായി പള്ളിക്കുന്നത്ത്, നെൻമണിക്കര, ചെറുതുരുത്തി എന്നീ ഇടവകകളിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ കടന്ന് ചെന്ന് നിർദ്ധനരായ കിടപ്പുരോഗികൾക്ക് ചികിത്സാ സഹായം കൈമാറി. 26.10.2015ൽ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ജനറൽ ബോഡി, ജൂബിലി മിഷൻ ഹോസ്പിറ്റലിൽ വെച്ച് 2.30 pm ന് നടന്നു. പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ CNGI വൈസ് പ്രസിഡന്റ് ബ.സി. ലിസറ്റ് സി.എം.സി. സ്വാഗതം ആശംസിക്കുകയും സെക്രട്ടറി സി. റൊസീന FCC റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തൃശ്ശൂർ CNGI ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് നടത്തിയ അദ്ധ്യക്ഷപ്രസംഗത്തിൽ ഒക്ടോബർ 31 മുതൽ മുംബൈയിൽ ആരംഭിക്കുന്ന 20th നാഷണൽ കൺവെൻഷനിൽ ഓരോ യൂണിറ്റിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കണം എന്ന് അറിയിച്ചു. നവംബർ 8ന് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ വെച്ച് നടക്കുന്ന 'നൈറ്റിംഗ് ഗേൽസ്-മീറ്റ്' ന് എല്ലാ വിധ പിന്തുണയും സഹകരണവും ആവശ്യമാണെന്ന് ഓർമ്മിപ്പിക്കുകയും കരുണയുടെ വർഷത്തിൽ കൂടുതൽ ആർദ്രതയോടെ കരുണയോടെ നേഴ്സുമാർ രോഗീപരിചരണത്തിൽ വ്യാപരിക്കണം എന്ന് ആശംസിച്ചു. ജൂബിലി മിഷൻ ഹോസ്പിറ്റൽ നേഴ്സിംഗ് സൂപ്രണ്ട് റവ. സി. ഫിലോപോൾ സി.എം.സി. ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും സി.എൻ.ജി.ഐ. പ്രസിഡന്റ് റവ. സി. ദെപ്പാസിയുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ഒന്നു ചേർന്ന് ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുത്തു. സി.എൻ.ജി.ഐ. ട്രഷറർ റവ. സി. ഇസബെൽ സി.എച്ച്. എഫ്. യോഗത്തിൽ വന്ന് ചേർന്നവർക്ക് നന്ദികൾ അർപ്പിച്ചുകൊണ്ട് 4pmന് സമംഗളം യോഗം സമാപിച്ചു.

| | |
|---|---|
| ഡയറക്ടർ | സെക്രട്ടറി |
| **റവ.ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന ഡേവീസ് FCC** |

# അതിരൂപത കുടുംബക്കൂട്ടായ്മ

**ഫൊറോനകളിൽ സെമിനാർ**

അതിരൂപതയിലെ വിവിധ ഫൊറോനകളിൽ മാർപാപ്പയുടെ പുതിയ ചാക്രിക ലേഖനം 'കുടുംബം നേരിടുന്ന വെല്ലുവിളികൾ' സിനഡിന്റെ വെളിച്ചത്തിൽ എന്നീ വിഷയത്തെക്കുറിച്ച് ക്ലാസ്സുകളും ചർച്ചകളും നടന്നുവരുന്നു. നടത്താത്ത ഫൊറോനകൾ എത്രയും പെട്ടെന്ന് ഈ രണ്ടുവിഷയങ്ങളേയും കുറിച്ച് ക്ലാസ്സുകളും സെമിനാറുകളും നടത്തുവാൻ ഫൊറോന ആനിമേറ്റർ അച്ചൻമാർ ഫൊറോന വികാരിയുമായി ആലോചിച്ച് പരിശ്രമിക്കണേ.

**അതിരൂപത ജനറൽ ബോഡി യോഗം**

2015 നവംബർ 21ന് ഉച്ചകഴിഞ്ഞ് 21ന് അതിരൂപതാ ജനറൽ ബോഡിയോഗം ഫാമിലി അപ്പസ്റ്റോലേറ്റ് സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.എല്ലാ അംഗങ്ങളും സമയത്തുതന്നെ എത്തിചേരുമല്ലോ.

**ഫാ. വർഗ്ഗീസ് തരകൻ**
അസി. ഡയറക്ടർ

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

ആന്റണി എ. എ.
ജനറൽ സെക്രട്ടറി

അഡ്വ. ഡെന്നി
ജന. കൺവീനർ

## Family Apstolate Centre

**1. വിവാഹ രജത - സുവർണ്ണ ജൂബിലി**

വിവാഹത്തിന്റെ രജത-സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന ദമ്പതികളുടെ ഒത്തുചേരൽ യഥാക്രമം 2015 ഡിസംബർ 5, 13 ദിവസങ്ങളിൽ നടത്തപ്പെടുന്നു. ബഹു. വികാരിയച്ചന്മാർ ദമ്പതികളുടെ പേരുവിവരം നേരത്തെതന്നെ ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്ററിൽ എൽപിക്കുമല്ലോ

**2. വിവാഹ ഒരുക്ക കോഴ്സിൽ മാറ്റം**

ഡിസംബർ മാസത്തിലെ നാലാമത്തെ ആഴ്ചയിലെ (ഡിസംബർ 23, 24, 25) വിവാഹ ഒരുക്ക കോഴ്സ് ഡിസംബർ 21, 22, 23 ദിവസങ്ങളിലായിരിക്കും.

മറ്റ് ആഴ്ചകളിലൊക്കെ സാധാരണ പോലെ ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലായിരിക്കും. കോഴ്സിന്റെ അവസാന ദിനമായ വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1.45നുള്ള മാതാപിതാക്കന്മാരുടെ സെമിനാറിലേക്ക് കോഴ്സിൽ പങ്കെടുക്കുന്ന വിവാഹാർത്ഥികളുടെ മാതാപിതാക്കളെ നിർബന്ധമായും പറഞ്ഞയക്കേണ്ടതാണ്. വിവാഹപ്രായമാകുന്ന യുവതി-യുവാക്കന്മാരെ വിവാഹ ഒരുക്ക ക്ലാസ്സിലേക്ക് നേരത്തെ തന്നെ പറഞ്ഞയക്കാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

വിവാഹം തീരുമാനിച്ചതിനുശേഷം യുവതിയും യുവാവും ഒരുമിച്ചു വരുന്നതിനേക്കാൾ കൂടുതൽ അഭികാമ്യം വിവാഹത്തെക്കുറിച്ച് ചിന്തിച്ചുതുടങ്ങുമ്പോൾ തന്നെ കോഴ്സിൽ തനിച്ച് പങ്കെടുക്കുന്നതാണെന്ന് കാര്യം ബഹു. വികാരിയച്ചന്മാർ മാതാപിതാക്കളേയും യുവജനങ്ങളേയും ബോദ്ധ്യപ്പെടുത്തി വേണ്ട ക്രമീകരണം ചെയ്യുമല്ലോ.

സ്നേഹാശംസകളോടെ,

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

# കൗൺസിൽ ഓഫ് കാത്തലിക് വിമൺ ഇന്ത്യ (CCWI)

## സി.സി. വാർത്തകൾ

**ഒക്ടോബർ സമർപ്പണം**

കാത്തലിക് കൗൺസിൽ വിമൺ ഓഫ് ഇന്ത്യയുടെ തൃശ്ശൂർ അതിരൂപതാംഗങ്ങളുടെ നേതൃത്വത്തിൽ അതിരൂപതാ ഫാമിലി അപ്പസ്റ്റൊലെറ്റ് സെന്ററിൽ അംഗങ്ങളുടെ ഒക്ടോബർ സമർപ്പണം നടത്തി. ജപമാല, ആരാധന, എന്നീ ഭക്ത്യാഭ്യാസങ്ങളോടെ ഇവ നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ, കൗൺസിൽ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**നല്ല സമരിയ പ്രോഗ്രാം**

കൗൺസിൽ അംഗങ്ങൾ വഴി വിവിധ തലങ്ങളിൽ സാമ്പത്തിക ക്ലേശമനുഭക്കുന്നവർക്കായ് ഭവന നിർമ്മാണത്തിനും രോഗീ ശുശ്രൂഷക്കും, വിദ്യാഭ്യാസ സഹായത്തിനുമായി സഹായ ഹസ്തം നീട്ടുന്ന പ്രത്യേക പദ്ധതിയായ നല്ല സമരിയ പ്രോഗ്രാം വഴി കൗൺസിൽ അംഗങ്ങൾ ഈ മാസവും സഹായ സഹകരണങ്ങൾ വിതരണം ചെയ്തു.

പ്രാർത്ഥനാശംസകളോടെ,

| | | |
|---|---|---|
| **ഷിൻസി റാഫി വടക്കൻ** | **മിനി മോഹൻ** | **ഫാ. ലോറൻസ് തൈക്കാട്ടിൽ** |
| സെക്രട്ടറി | പ്രസിഡന്റ് | ഡയറക്ടർ |

# മാതൃസംഘം

**മാതാവിനെ കുറിച്ച് സെമിനാർ**

അതിരൂപതയിലെ മാതൃസംഘാഗങ്ങൾക്കായി പരി. കന്യകാമറിയത്തെ കുറിച്ച് സെപ്തംബർ 29ന് ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്ററിൽ വച്ച് സെമിനാർ നടത്തുകയുണ്ടായി. ബഹു. ജോജു പനക്കലച്ചൻ സെമിനാറിന് നേതൃത്വം നൽകി. പങ്കെടുക്കുന്ന അമ്മമാർക്ക് പരി. മാതാവിനെ കുറിച്ചറിയാനുള്ള നല്ല ഒരു അവസരമായി.

**അതിരൂപത മാതൃസംഘദിനം – ഒക്ടോബർ 20ന്**

അതിരൂപത മാതൃസംഘദിനമായി ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്ററിൽ ഒക്ടോബർ 20ന് ആചരിച്ചു. ദിവ്യബലി, സെമിനാർ, പൊതുയോഗം മത്സര വിജയികൾക്കുള്ള സമ്മാനവിതരണം എന്നിവയായിരുന്നു പ്രധാന പരിപാ

ടികൾ. അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ സാന്നിദ്ധ്യവും പ്രോത്സാഹനവും അമ്മമാർക്ക് ഒത്തിരി സന്തോഷവും സംതൃപ്തിയും പകർന്നു തന്നു.

**പരി. അമ്മയെക്കുറിച്ചും കുടുംബത്തെക്കുറിച്ചും കോഴ്സ്**

അതിരൂപത ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ കീഴിൽ അതിരൂപത മാതൃസംഘത്തിന്റെ നേതൃത്വത്തിൽ പരി. അമ്മയെക്കുറിച്ചും കുടുംബങ്ങളെക്കുറിച്ചും രണ്ട് കോഴ്സുകൾ ആരംഭിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഫാമിലി അപ്പോസ്റ്റോലെറ്റ് സെന്ററുമായി ബന്ധപ്പെടുക.

**ഭാരവാഹികളുടെ സംഗമം**

അതിരൂപതയിലെ എല്ലാ ഫൊറോന മാതൃസംഘം ഭാരവാഹികളുടെയും സംഗമവും ചർച്ചാ സെമിനാറും 2015 നവംബർ 16ന് ഉച്ചകഴിഞ്ഞ് 2ന് ഫാമിലി അപ്പോസ്റ്റോലേറ്റ് സെന്ററിൽ വച്ച് കൂടുന്നു

പ്രാർത്ഥനാശംസകളോടെ
ഫാ. ലോറൻസ് തൈക്കാട്ടിൽ
ഡയറക്ടർ

ലീലമാത്യു
പ്രസിഡണ്ട്

ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ
അസി. ഡയറക്ടർ

# ARCHEPARCHIAL CHOIR

**മെലോഡിയ ഫെസ്റ്റ്**

തൃശ്ശൂർ അതിരൂപതാ ഗായകസംഘത്തിന്റെ നേതൃത്വത്തിൽ 'മെലോഡിയ ഫെസ്റ്റ്' ഇടവകകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ദേവാലയ സംഗീതത്തിന് സഹായിക്കുന്ന രീതിയിൽ ഇടവക ക്വയറിനെ കൂടുതൽ സജ്ജമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പരിപാടിയായാണ് മെലോഡിയ ഫെസ്റ്റ് വിഭാവനം ചെയ്യുന്നത്. ടി.സി.വി. യുമായി സഹകരിച്ചു നടത്തുന്ന ഈ പരിപാടി 20 മിനിറ്റ് ദൈർഘ്യമുള്ളതായിരിക്കും. 3 ഗാനങ്ങളും വചനസന്ദേശവും ഇടവകയെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണവും ഉൾകൊള്ളുന്ന ഈ പരിപാടി ടി.സി.വി.ആഴ്ചയിൽ രണ്ടു പ്രാവശ്യം ടെലികാസ്റ്റ് ചെയ്യും.

ഒരു എപ്പിസോഡിന് 30,000 രൂപ ചെലവുവരുന്ന ഈ പരിപാടി ഇടവകകളുടെ സഹകരണത്തോടു കൂടിയാണ് നടത്തുന്നത്. ഈ തുക പരസ്യങ്ങൾ വഴിയും സംഭാവന വഴിയും കണ്ടെത്താമെന്ന് ഉദ്ദേശിക്കുന്നു. അതിനായി 4 മിനിറ്റ് പരസ്യങ്ങൾ എപ്പിസോഡിൽ കൊടുക്കാൻ സൗകര്യമുണ്ടായിരിക്കും (20 മിനിറ്റിനു പുറമെ) അതിരൂപതാ ക്വയറിലെ എക്സിക്യൂട്ടീവ് അംഗങ്ങൾ

അതാതു ഇടവകകളിലെ ക്വയർ അംഗങ്ങളുമായി സഹകരിച്ച് ഈ തുക സമാഹരിക്കാമെന്നാണ് കരുതുന്നത്. പ്രോഗ്രാം റിക്കോർഡിങ്ങിന് ഇടവകകളിൽ വരുമ്പോൾ മറ്റു സൗകര്യങ്ങൾ (സൗണ്ട്, ലൈറ്റ്, ഭക്ഷണം, മുതലായവ) ഇടവകയിൽ സജ്ജീകരിക്കേണ്ടതാണ്).

**ഫാ. ഫിജോ ആലപ്പാടൻ**
അസി. ഡയറക്ടർ

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ

**ടോമി സി.ജെ.**
പ്രസിഡണ്ട്

**വർഗ്ഗീസ് ആന്റണി**
സെക്രട്ടറി

# കലാസദൻ

**പി.ടി. എൽ. അനുസ്മരണം നടത്തി.**

തൃശ്ശൂർ കലാസദന്റെ ആഭിമുഖ്യത്തിൽ നടത്തിയ കവി പി.ടി.എൽ അനുസ്മരണം പ്രൊഫ. വി. ജി. തമ്പി ഉദ്ഘാടനം ചെയ്തു. ക്ലാസ്സിക്കൽ സൗന്ദര്യബോധമുള്ള ദാർശനിക കവിയും, പ്രമുഖ സാംസ്കാരിക നേതാവുമായിരുന്ന പി.ടി.എൽ. ന്റെ സമ്പൂർണ്ണ കൃതികൾ പ്രസിദ്ധീകരിയ്ക്കാൻ സഹൃദയലോകം മുൻകൈയ്യെടുക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കാലാസദൻ വൈ. പ്രസിഡണ്ട് ബേബി മൂക്കൻ അദ്ധ്യക്ഷത വഹിച്ചു. കടാങ്കോട് പ്രഭാകരൻ, ജോർജ്ജ് ഇമ്മട്ടി, പ്രൊഫ. വി. പി. ജോൺസ്, തോമസ് കൊള്ളന്നൂർ, എന്നിവർ സംസാരിച്ചു. പരേതന്റെ ഛായാചിത്രത്തിൽ പുഷ്പാർച്ചനയും ഉണ്ടായിരുന്നു. ആൻസൻ ആലപ്പാട്ട്, ബാബു ചിറ്റിലപ്പിള്ളി, സെബി ഇരിമ്പൻ, ലിയോ ജോർജ്ജ് പുളിക്കൻ എന്നിവർ നേതൃത്വം നൽകി. സി. ജെ. ജോൺ നന്ദി രേഖപ്പെടുത്തി.

**ഫാ. പോൾ പുളിക്കൻ**
സെക്രട്ടറി

# സി. എൽ. സി.

**മരിയൻ കലോത്സവം ആവേശയമായി.**

അതിരൂപത സി. എൽ. സി. യുടെ ആഭിമുഖ്യത്തിൽ സി. എൽ. സി. പ്രവർത്തകരുടെ കലാവാസനകളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച "മരിയൻ കലോത്സവം" ആവേശമായി, 16 ഫൊറനയിലെ 14 മത്സരത്തിലെ വിജയികൾ മാറ്റുരച്ച മരിയൻ കലാമേള ദേവമാതാ സി.എം.ഐ. പബ്ലിക് സ്കൂളിൽ വെച്ച് നടന്നു. 550 ഓളം കലാകാരന്മാരും കലാകാരികളും മാറ്റുരച്ച മത്സരത്തിൽ ലൂർദ്ദ് ഫൊറോന ഓവറോൾ ചാമ്പ്യൻഷിപ്പ്

റോളിംഗ് ട്രോഫി നേടി. ബസിലിക്ക ഫൊറോന റണ്ണേഴ്സ് റോളിംഗ് ട്രോഫി നേടിയ യൂണിറ്റുകളിൽ ഏറ്റവും കൂടുതൽ പോയിന്റു നേടിയ മുക്കാട്ടുകര യൂണിറ്റും, എൽത്തുരുത്ത് യൂണിറ്റും റോളിംഗ് ട്രോഫി പങ്കിട്ടു. യൂണിറ്റുകളിൽ രണ്ടാം സ്ഥാനം എരനെല്ലൂർ യൂണിറ്റ് കരസ്ഥമാക്കി. ഈ വർഷം മാർഗ്ഗം കളിയുടെ 5 സാഹിത്യ മത്സരങ്ങളും ഉൾപ്പെടുത്തിയിട്ടായിരുന്നു മരിയൻ കലോത്സവം സംഘടിപ്പിച്ചത്. മാർഗ്ഗം കളിയും തെരുവുനാടകവും കാണികൾക്ക് ആവേശമായി. 3 സ്റ്റേജുകളിലായി മത്സരങ്ങൾ സംഘടിപ്പിച്ചു. ഫൊറോന തലത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ച് അതിലെ മത്സരവിജയിക്കാണ് അതിരൂപത മരിയൻകലാമത്സരത്തിൽ മത്സരിക്കാൻ അർഹത നൽകിയത്. ചെയർമാൻ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി മരിയോത്സവത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 16 ഫൊറോനയിൽ മത്സരങ്ങൾ സംഘടിപ്പിക്കുവാൻ ചെയർമാൻ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി, ഫൊറോന പ്രൊമോട്ടർമാർ നേതൃത്വം നൽകി. റവ. ഫാ. ജിയോ തെക്കിനിയത്ത്, ശ്രീ. ഡിൽജോ തരകൻ, വിനേഷ് ജെ കൊളേങ്ങാടൻ, ബിനോയ് കാറളത്തുകാരൻ, സിസ്റ്റർ നമിത റോസ്, സിസ്റ്റർ ആൻ ജെയിൻ, ബിജിൽ സി. ജോസഫ്, ഫ്രെഡി സി. ഡിക്രൂസ്, സിൽജ പോൾ, നോബി മേനാച്ചേരി, ലാന്റോ കൊളേങ്ങാടൻ, ലിജോ ജോസഫ് അനിൽ മുട്ടത്ത്, ഫൊറോന പ്രസിഡന്റുമാർ, ടീം മാനേജർമാർ, അതിരൂപത ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ഫോർമേഷൻ ക്യാമ്പ്**

തൃശ്ശൂർ അതിരൂപത സി.എൽ. സി.യുടെ ആഭിമുഖ്യത്തിൽ പ്രവർത്തകരുടെ നേതൃത്വ പാടവം വളർത്തുവാൻ ഫോർമേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. 23, 24, 25 തീയതികളിൽ ആമ്പല്ലൂർ സ്പിരിചൽ ആനിമേഷൻ സെന്ററിൽ സംഘടിപ്പിക്കുന്നു. ഫോർമേഷൻ ക്യാമ്പിൽ യൂണിറ്റ്, ഫൊറോന ഭാരവാഹികളും ഭാരവാഹികളാകാൻ താൽപര്യമുള്ളവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ഫൊറോന– അതിരൂപത ഇലക്ഷൻ**

തൃശ്ശൂർ അതിരൂപത സി. എൽ. സി.യുടെ ഫൊറോന ഇലക്ഷൻ നവംബർ 30ന് മുൻപായി നടത്തേണ്ടതാണ്. ഫൊറോന പ്രൊമോട്ടറാണ് ഇലക്ഷന്റെ വരണാധികാരി, ഇലക്ഷനുവേണ്ട സാമഗ്രഹികൾ അതിരൂപത ഓഫീസിൽ നിന്നും അതിരൂപത കൺവീനർ ഡിൽജോ തരകനിൽ നിന്നും വാങ്ങേണ്ടതാണ്. ഫൊറോന ഭാരവാഹികൾക്കു പുറമെ അതിരൂപത ഇലക്ഷനു വേണ്ടി ഓരോ ഫൊറോനയിൽ നിന്നും 3 പുരുഷൻമാരും 2 സ്ത്രീകൾ എന്നിവരെ തിരഞ്ഞെടുക്കേണ്ടതാണ്. അതിരൂപത ഇലക്ഷൻ ഡിസംബർ 13ന് ഞായറാവ്ച രാവിലെ 9ന് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നതാണ്.

**മാർ ജോസഫ് കുണ്ടുകുളം പ്രസംഗമത്സരം നവംബർ 10ന്**

അതിരൂപത സി. എൽ. സി.യുടെ ആഭിമുഖ്യത്തിൽ മാർ ജോസഫ് കുണ്ടുകുളം പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. നവംബർ 10ന് സംഘടിപ്പിക്കുന്ന പ്രസംഗമത്സരത്തിന് ഏവരേയും സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് 9961486262 എന്ന നമ്പറിൽ ബന്ധപ്പെടുക.

**യൂണിറ്റ് വിസിറ്റ് നടത്തി**

വൈലത്തൂർ, ചൊവ്വന്നൂർ, ലൂർദ്ദ്, പറവട്ടാനി, സേവനാലയം, കൊട്ടേക്കാട്, വേലൂർ, വടക്കാഞ്ചേരി, മുക്കാട്ടുകര, എന്നീ ഇടവകകൾ പ്രൊമോട്ടർ, പ്രസിഡന്റ്, ഭാരവാഹികൾ എന്നിവർ വിസിറ്റ് നടത്തി.

**അതിരൂപത മരിയോത്സവം കലാമത്സര വിജയികൾ**

| | | | |
|---|---|---|---|
| **Single Dance** | | | |
| Ist | Athira Lawrence - | Eranellur | -Velur |
| IInd | Hinda Joseph - | Mundur | - Kottekad |
| | Stephy Akkara - | Ambakad | - Parappur |
| III | Ashin Jacob - | Poonkunnam | - Lourde |
| | Irene - | Kumbalangad | - Wadakanchery |
| | Judiyet Joseph - | Chowannur | - Erumapetty |
| **Light Music** | | | |
| I | Linto Thomas - | Parappur | - Parappur |
| II | Geethu Thyghese- | Mattom | - Mattom |
| III | Clelia - | Kumbalangad | - Wadakanchery |
| **Group Song** | | | |
| I | Sincy Joyson & Team | Elthuruth | - Basilica |
| II | Geethu Thyghese- | Mattom | - Mattom |
| III | Daniel Jose & Team | Mundur | - Kottekad |
| **Mime** | | | |
| Ist | Joseph Babu & Team | Mukkattukara | - Lourde |
| II | Akash M.S. & Team | Parempadam | - Erumapetty |
| III | Sijo Chembissery &Team | Eranellur | - Velur |
| **Mono Act** | | | |
| I | Stephy Akkara - | Ambakkad | - Parappur |
| II | Nivitha Wilson | Chowanur | - Erumapetty |
| III | Merin P. Menachery | Madona Nagar | - Lourde |
| **Puthenpana** | | | |
| I | Linto Thomas | Parappur | - Parappur |

| | | | |
|---|---|---|---|
| II | Jenin K. Francis | Mukkattukara | - Lourde |
| III | Anu John | Konikkara | - Ollur |
| **Essay Writing** | | | |
| I | Mariyas A.S. | Poochinnipadam | - Pazhuvil Forane |
| II | Christeena A.D. | Poochinnipadam | - Pazhuvil |
| III | Anjo | Velur | - Velur |
| **Story Writing** | | | |
| I | Aparna George | Kundukad | - Lourde |
| II | Nivin Vincent | Puthur | - Puthur |
| III | Suvarna Jose | Varakkara South | - Pudukad |
| **Poem Writing** | | | |
| I | Gabronela Margrett | Eranellur | - Velur |
| II | Alfin | Kodannur | - Ollur |
| III | Aparna Joy | Kundukad | - Lourde |
| **Cartoon** | | | |
| I | Anson Joseph | Elthuruth | - Basilica |
| II | Geo James | Elthuruth | - Basilica |
| III | Glenny Paul | Chittissery | - Pudukad |
| **Pencil Drawing** | | | |
| I | Anson Joseph | Elthuruth | - Basilica |
| II | Bismy Benet | Kottekad | - Kottekad |
| III | Reshma C.F. | Mundathicode | - Velur |
| **Group Dance** | | | |
| I | Mering Joshy & Team | Mukkattukara | Lourde |
| II | Athira Lawrence & Team | Eranellur | - Velur |
| III | Lufiya George & Team | Koonamoochi | - Mattom |
| | Tessy & Team | Kottekad | - Kottekad |
| **Margam Kali** | | | |
| I | Shara Davis & Team | Mukkattukara | Lourde |
| II | Sneha Chakochan & Team | Mundur | Kottekad |
| III | Gloria Xavi &Team | Kurumal | Velur |
| **Theruvu Nadakam** | | | |
| I | Brighty Varghese & Team | Elthuruth | Basilica |
| II | Jijo & Team | Varadium | Kottekad |
| III | Sijo John & Team | Veginissey | Ollur |

മരിയോത്സവം 2015 വിജയകരമാക്കാൻ പരിശ്രമിച്ച ബഹു. ഫ്രെജോ വാഴപ്പിള്ളിയച്ചനും എല്ലാ ഫൊറോന പ്രൊമോട്ടർമാർക്കും ഫൊറോന ഭാരവാ

ഹികൾക്കും എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അകമഴിഞ്ഞ നന്ദി അറിയിക്കുന്നു. കൂടാതെ മത്സര വേദിയൊരുക്കാൻ മാർട്ടിൻ കൊളമ്പ്രത്തച്ചനും ഷാജു എടമന സി.എം.ഐ. അച്ചനും പ്രത്യേകം നന്ദി.

ഓവറോൾ ട്രോഫി കരസ്ഥമാക്കിയ ലൂർദ്ദ് ഫൊറോനയ്ക്കും റണ്ണേഴ്സ് അപ്പായ ബസിലിക്ക ഫൊറോനയ്ക്കും കൂടുതൽ പോയിന്റ് നേടി ഒന്നാം സ്ഥാനം പങ്കിട്ട മുക്കാട്ടുകര, എൽത്തുരുത്ത് യൂണിറ്റുകൾക്കും രണ്ടാം സ്ഥാനം കരസ്ഥമാക്കിയ എരനെല്ലൂർ യൂണിറ്റിനും പ്രത്യേക അഭിനന്ദനങ്ങൾ

റവ. ഫാ. ജിയോ തെക്കിനിയത്ത് — ബിജിൽ സി. ജോസഫ്
പ്രൊമോട്ടർ — ജന. സെക്രട്ടറി

റവ. ഫാ. ആന്റണി മേച്ചേരിപടി (അസി. പ്രൊമോട്ടർ)

## കത്തോലിക്ക കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

### 1. പ്രാർത്ഥന കൂട്ടായ്മ ലീഡേഴ്സ് ട്രെയിനിംഗ്

ഇടവക പ്രാർത്ഥനാ കൂട്ടായ്മകളിലെ ലീഡർ, സെക്രട്ടറി, ട്രഷറർ എന്നിവർക്കുവേണ്ടിയുള്ള ഏകദിന പരിശീലന പരിപാടി സെപ്തംബർ 26 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു. ഡയറക്ടർ ഫാ. ഷാജൻ തേർമഠം കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സെക്രട്ടറി സി.ടി. സെബാസ്റ്റ്യൻ, ട്രഷറർ വിൻസെന്റ് ചിറയത്ത്, സർവ്വീസ് ടീം അംഗങ്ങൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. മുന്നൂറോളം പേർ പങ്കെടുത്തു. ദിവ്യബലി, ഗ്രൂപ്പ് ചർച്ച് സ്തുതി ആരാധന എന്നിവയുണ്ടായിരുന്നു.

### 2. സോണൽ സർവ്വീസ് കൂട്ടായ്മ

തൃശ്ശൂർ സർവ്വീസ് ടീം ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 5ന ആബാ ധ്യാനകേന്ദ്രത്തിൽ ഒന്നിച്ചുകൂടി പ്രാർത്ഥനകൾക്കും പരിചിന്തനത്തിനുശേഷം സോണിന്റെ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

### 3. പാരീഷ് ഫെസ്റ്റ് 2015ന് തുടക്കമായി.

കത്തോലിക്ക കരിസ്മാറ്റിക് നവീകരണത്തിന്റെ 2017ലെ ജൂബിലിയ്ക്ക് ഒരുക്കമായുള്ള പാരീഷ് ഫെസ്റ്റിന് ഡയറക്ടർ ഫാ. ഷാജൻ തേർമഠം തിരിതെളിയിച്ചു. സോണൽ കോ-ഓഡിനേറ്റർക്കും സർവ്വീസ് ടീം അംഗങ്ങൾക്കും സബ്സോൺ കോ-ഓഡിനേറ്റേഴ്സിനും അച്ചൻ തിരിതെളിയിച്ചു നൽകി.

തൃശ്ശൂർ അതിരൂപതയിലെ എല്ലാ ഫൊറോനകളിലും ഇടവകകിളും

പാരീഷ് ഫെസ്റ്റിന്റെ ഭാഗമായി 2015-16 വർഷങ്ങളിൽ പ്രത്യേക പരിപാടികൾ നടത്തുന്നു. ഫൊറോനകളിൽ 3 ദിവസത്തെ പരിശീലന പരിപാടികളുടെ ഇടവകകളിൽ ഏകദിന ശുശ്രൂഷകൾ, കൺവെൻഷനുകൾ,ധ്യാനങ്ങൾ എന്നിവയും നടത്തുവാൻ ഉദ്ദേശിക്കുന്നു.

**4. സബ്സോൺ കൂട്ടായ്മകൾ**

പുതുക്കാട് : നന്തിപുലം ഇടവകയിലെ പ്രാർത്ഥനാകൂട്ടായ്മയുടെ 25-ാം വാർഷികത്തോടനുബന്ധിച്ച് ഏകദിന വചന പ്രഘോഷണവും സബ്സോൺ കൂട്ടായ്മയും നടത്തി. സെപ്റ്റംബർ 12 ശനിയാഴ്ച രാവിലെ 10 മണിക്ക് ഡയറക്ടർ ഫാ. ഷാജൻ തേർമഠം ഉദ്ഘാടന സന്ദേശം നൽകി. തുടർന്ന് കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സോണൽ സർവ്വീസ് ടീം അംഗം വിജു പൊന്നൂക്കര എന്നിവർ വചന പ്രഘോഷണം നത്തി. ദിവ്യബലി, ദിവ്യകാരുണ്യ ആരാധന എന്നിവ ഉണ്ടായിരുന്നു.

ഒല്ലൂർ : സബ്സോൺ കൂട്ടായ്മ സെപ്തംബർ 18 ശനിയാഴാച് രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ അമ്മാടം സെന്റ് ആന്റണീസ് ദൈവാലയത്തിൽ നടത്തി. വികാരി റവ. ഫാ. ആന്റണി ആലൂക്ക വി.കുർബ്ബാനയർപ്പിച്ചു സന്ദേശം നൽകി. സാബു എം. വർഗ്ഗീസ് പ്രാർത്ഥന കൂട്ടായ്മകളുടെ പ്രാധാന്യം, പ്രാർത്ഥനാ കൂട്ടായ്മകളിലെ പരിശുദ്ധാത്മ പ്രവർത്തനം എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. ഒല്ലൂർ സബ്സോൺ കോ-ഓഡിനേറ്റർ ജെയ്സൺ ചിറയത്ത്, സർവ്വീസ് ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. ആനിമേറ്റർ റവ. ഫാ. ഡെന്നി താണിക്കൽ നയിച്ച ദിവ്യകാരുണ്യാരാധനയോടെ സമാപിച്ചു. മുന്നോറോളം പേർ പങ്കെടുത്തു.

കണ്ടശ്ശാംകടവ് : സബ്സോൺ കൂട്ടായ്മ സെപ്തംബർ 26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ മണലൂർ വെസ്റ്റ് ഇടവക ദൈവാലയത്തിൽ നടത്തി. വികാരി. ഫാ. ജോസ് കോനിക്കര സോണൽ കോ- ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് എന്നിവർ വചന സന്ദേശം നൽകി. സോണൽ ട്രഷറർ വിൻസെന്റ് ചിറയത്ത്, സബ്സോൺ കോ-ഓർഡിനേറ്റർ സി. കെ. ജോസ്മണി എന്നിവർ നേതൃത്വം നൽകി.

**ദൈവശബ്ദം കൺവെൻഷൻ**

ഈ വർഷത്തെ ദൈവശബ്ദം കൺവെൻഷൻ നവംബർ 11 മുതൽ 15 വരെ തൃശ്ശൂർ ശക്തൻ തമ്പുരാൻ നഗറിൽ നടത്തും. റവ. ഫാ. എബ്രാഹം കടിയാക്കുഴി, സാബു ആറുതൊട്ടിയിൽ എന്നിവർ കൺവെൻഷൻ നയിക്കുന്നു.

| | | |
|---|---|---|
| **ഫാ. ഷാജൻ തേർമഠം** | **സാബു എം. വർഗ്ഗീസ്** | **സി.ടി.സെബാസ്റ്റ്യൻ** |
| ഡയറക്ടർ | കോ-ഓർഡിനേറ്റർ | സെക്രട്ടറി |

# ചിൽഡ്രൻസ് മിനിസ്ട്രി

**0487-2325336, 9947582522**

### സെയിന്റ്സ് ക്വിസ് – 2015

തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി ഒക്ടോബർ 25 ന് സെയിൻസ് ക്വിസ് 2015– ന്റെ ഇടവകതല മത്സരം നടുവെന്ന് വിശ്വസിക്കുന്നു. ഇടവകതലത്തിൽ സബ്ജൂനിയർ (5–7ക്ലാസ്സ്), ജൂനിയർ (8–10 ക്ലാസ്സ്), സീനിയർ (11,12, അഇഇ ക്ലാസ്സ്) എന്നീ മൂന്നു തലത്തിലും ഒന്നാം സ്ഥാനത്തിനർഹമായിരിക്കുന്ന കൂട്ടികൾ (3 പേർ മാത്രം) ഒരു ടീമായി ഡിസംബർ 6–ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മുതൽ നടത്തുന്ന ഫൊറോന തല സെയിൻസ് ക്വിസ്സ് മത്സരത്തിലേക്ക് പറഞ്ഞയക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഫൊറോനതല സെയിൻസ് ക്വിസ്സിന് നേതൃത്വം നൽകുന്നത് ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രമോട്ടറച്ചന്മാരാണ്.

NB: ഫൊറോനതലത്തിലേക്കുള്ള രജിസ്ട്രേഷൻ ഫോം നവംബർ 10– ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### ഏകദിന സെമിനാർ

2015 നവംബർ 10 – ന് ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 4.30 വരെ ഏകദിന സെമിനാർ നടത്തപ്പെടുന്നു. തിരുബാലസഖ്യം, ജൂനിയർ സി. എൽ. സി, അൾത്താരസംഘം എന്നീ സംഘടനകളുടെ ആനിമേറ്റേഴ്സും, ഫൊറോന ഭാരവാഹികളും ഈ ഏകദിന സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേതാണ്. ഓരോ ഭാരവാഹികളും ബാഡ്ജ് ധരിച്ചു വരേണ്ടതാണ്. ഉച്ച ഭക്ഷണം ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 70 രൂപ അടയ്ക്കേണ്ടതാണ്.

NB:വരുന്നവരുടെ എണ്ണം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ഫോ 0487 2325336,9947582522, 8547250833

### തിരുബാലസംഖ്യം/ അൾത്താരസംഘം/ ജൂനിയർ സി എൽ സി

തിരുബാലസംഖ്യ വാർഷിക റിപ്പോർട്ടിന്റെ ഫോമും, മിഷൻ കളക്ഷൻ കവറുകളും, ജൂനിയർ സി. എൽ. സി വാർഷിക റിപ്പോർട്ടിന്റെ ഫോമും, ജീസസ് ബർത്തഡേ കൂപ്പണും, അൾത്താരസംഘ വാർഷിക റിപ്പോർട്ടിന്റെ ഫോമും, prayer Friend Collection cover, ഇതുവരെയും കൊണ്ടുപോകാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് എത്രയും വേഗം കൈപറ്റേണ്ടതാണ്. ഓഫീസ് സമയം രാവിലെ 9.30 മുതൽ 5.00 വരെ.

**ഉണ്ണീശോയ്ക്കൊരുമ്മ**

ഡിസംബർ 1 മുതൽ 25–ാം തീയ്യതി വരെ ക്രിസ്മസിന് ആത്മീയമായി ഒരുങ്ങുതിനുള്ള ഉണ്ണീശോയ്ക്കൊരുമ്മ എന്ന നോട്ടീസിന്റെ കൂടുതൽ കോപ്പികൾ വേണ്ടി യൂണിറ്റുകൾ മുൻകൂട്ടി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. വില 2/ രൂപ. ഫോ 0487 2325336,9947582522, 8547250833

**പ്രാർത്ഥിക്കാൻ ....... പ്രവർത്തിക്കാൻ**

നവംബർ 2015 :

| | |
|---|---|
| തിരുവചനപഠനം: | വിശ്വാസമില്ലാത്തവനെപ്പോലെ ദൈവത്തിന്റെ വാഗ്ദാനത്തിനെതിരായി അവൻ ചിന്തിച്ചില്ല. മറിച്ച് ദൈവത്തെ മഹത്വപ്പെടുത്തികൊണ്ട് അവൻ വിശ്വാസത്താൽ ശക്തി പ്രാപിച്ചു.(റോമ 4: 20) |
| സുകൃതജപം : | ദാവീദിന്റെ പുത്രനായ ഈശോ പാപിയായ എന്നിൽ കനിയണമെ. |
| പ്രാർത്ഥനാനിയോഗം : | സകല മരിച്ചവർക്കുവേണ്ടിപ്രാർത്ഥിക്കുക. |
| പ്രവർത്തനം ; | അപ്പനേയും അമ്മയേയും സഹായിക്കുക. |
| പരിചയപ്പെടുന്ന വിശുദ്ധൻ : | വി. അന്ത്രയോസ് (നവംബർ 30) |

ഫാ. ജിജോ കപ്പിലാംനിരപ്പേൽ
ഡയറക്ടർ, ചിൽഡ്രൻസ് മിനിസ്ട്രി

സി. മിനി SSPC
കോഡിനേറ്റർ

# കേരള ലേബർ മൂവ്മെന്റ്

കേരള ലേബർ മൂവ്മെന്റ് തൃശ്ശൂർഅതിരൂപത കേന്ദ്രസമിതിയുടെയും കെ. എൽ.എം. പരസ്പര സഹായ സാമൂഹ്യ സുരക്ഷപദ്ധതി കമ്മിറ്റിയുടെയും സംയുക്തയോഗം ഡയറക്ടർ റവ. ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായി ലിന്റെ സാന്നിദ്ധ്യത്തിൽ പ്രസിഡന്റ് ശ്രീ. എൻ. കെ. രാജുവിന്റെ അദ്ധ്യക്ഷ തയിൽ പാസ്റ്ററൽ സെന്ററിൽ വെച്ച് കൂടുകയുണ്ടായി. ജനറൽ സെക്രട്ടറി മുൻയോഗ റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിക്കുകയും യോഗം അംഗീകരിച്ച് പാസാക്കുകയും ചെയ്തു.

പരസ്പര സഹായ സാമൂഹ്യ സുരക്ഷപദ്ധതിയെ കുറിച്ചും അതിന്റെ വിജയ കരമായ നടത്തിപ്പിനെകുറിച്ചും സുദീർഘമായ ചർച്ചകൾ നടന്നു. ഈ പദ്ധ തിയുടെ വിജയകരമായ നടത്തിപ്പിന് യൂണിറ്റ് പ്രസിഡന്റുമാർ, മേഖല കമ്മിറ്റി അംഗങ്ങൾ, വിവിധ തൊഴിലാളി ഫോറം കേന്ദ്രസമിതി അംഗങ്ങൾ, കെ. എൽ. എം. കേന്ദ്രസമിതി അംഗങ്ങൾ, പരസ്പര സഹായ സാമൂഹ്യസുരക്ഷപദ്ധതി കമ്മിറ്റി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വിപുലമായ യോഗം നടത്തു ന്നതിന് തീരുമാനമെടുത്തു.

ഡിസംബർ മാസത്തിൽ പിതാവിന് സൗകര്യപ്പെടുന്ന ഞായറാഴ്ച 2015ലെ വാർഷിക ജനറൽ ബോഡിയോഗം നടത്തുവാനും തീരുമാനിച്ചു.

N.B. : പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയെകുറിച്ചുള്ള വിശദ വിവരങ്ങൾ പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്ന കെ.എൽ.എം. ഓഫീസിൽ നിന്നോ താഴെ പറയുന്ന നമ്പറുകളിൽ നിന്നോ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ഞായറാഴ്ച ഒഴികെയുള്ള പ്രവർത്തി ദിവസങ്ങ ളിൽ അറിയാവുന്നതാണ്. ഫോൺ നമ്പർ : 0487 23399995 മൊബൈൽ: 8281246921

### യൂണിറ്റ് സന്ദർശനം

സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ കെ.എൽ.എം. ഇടവക യൂണിറ്റുകളുടെയും വിവിധ തൊഴിലാളി ഫോറങ്ങളുടെ യൂണിറ്റ് സമിതിക ളുടെയും പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്നതിനും, കെ.എൽ.എം. യൂണിറ്റുകളിലും തൊഴിലാളി ഫോറങ്ങളുടെ യൂണിറ്റ് സമിതികളിലും ഉറപ്പു വരുത്തേണ്ട രേഖകളുടെ പരിശോധനയ്ക്കും പദ്ധതികളുടെ വിവരണത്തിനും വ്യാപനത്തിനുമായി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനം നടത്തുന്നു.

ഒല്ലൂർ, പുതുക്കാട്, മരത്താക്കര, നെല്ലിക്കുന്ന്, പറവട്ടാനി, പഴുവിൽ, മുണ്ടൂർ,

ചിറ്റാട്ടുകര, കുണ്ടന്നൂർ തുടങ്ങിയ യൂണിറ്റുകളിൽ റിസോഴ്സ് ടീമംഗങ്ങൾ സന്ദർശനം നടത്തി.

### UTA നേതൃയോഗം

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ തൊഴിലാളി ഫോറങ്ങളുടെ കൂട്ടായ്മയായ അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് ട്രേഡ് യൂണിയൻ അലയൻസിന്റെ UTA നേതൃയോഗം 2015 സെപ്തംബർ 26, 27 (ശനി, ഞായർ) തീയതികളിൽ എറണാകുളം പി.ഒ.സിയിൽ വെച്ച് നടന്നു.

വിവിധ തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർന്നുള്ള പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും വേണ്ടിയായിരുന്നു യോഗം സംഘടിപ്പിച്ചത്.

യോഗത്തിന്റെ വിവിധ സെക്ഷനുകളിൽ ശ്രീ. ബാബു തണ്ണിക്കോട് (കൺവീനർ യു.ടി.എ) ശ്രീ. ജെയിംസ് മാഞ്ഞൂരാൻ, അഡ്വ. തമ്പാൻ തോമസ് (ദേശീയ സെക്രട്ടറി HMS) ശ്രീ. ജോസഫ് ജൂഡ് (ചെയർമാൻ യു.ടി.എ.), ശ്രീ. ജോയി ഗോതുരുത്ത് (കെ.എൽ.എം. അതിരൂപത ജനറൽ സെക്രട്ടറി) ശ്രീ. എൻ. കെ. രാജു (KCTTF സംസ്ഥാന ജനറൽ സെക്രട്ടറി) ശ്രീ. പി. ജെ. ഷാജു (KSFE സംസ്ഥാന ജനറൽ സെക്രട്ടറി), ശ്രീമതി എം. എൽ. ഗ്രേയ്സ് (KDWF സംസ്ഥാന ജനറൽ സെക്രട്ടറി), ശ്രീ. പി.ടി. ജോസഫ്, ശ്രീ. ബാബു (KMTWF) എന്നിവർ പങ്കെടുത്തു

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ

**വർഗ്ഗീസ് മച്ചാട്**
ജനറൽ സെക്രട്ടറി

ആദരാഞ്ജലികളോടെ...



# മാർ ജോർജ്ജ് ആലപ്പാട്ട്

നവംബർ 6

പാവനസ്മരണകളോടെ :

തൃശ്ശൂർ അതിരൂപത

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.10.2015
**Nov. 2015**



നവംബർ 30ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ പിതാവിന് തൃശൂർ അതിരൂപതയുടെ
പ്രാർത്ഥനാനിർഭരമായ ആശംസകൾ.....

Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005